# ഉഴമലയ്ക്കൽ ഗ്രാമപഞ്ചായത്ത്

## വികസന റിപ്പോർട്ട്





ഗ്രാമസ്വരാജ്
യാഥാർത്ഥ്യമാകുന്നു

# സമർപ്പണം


*"ഗ്രാമ സ്വരാജ്" സ്വപ്നം സാക്ഷാൽക്കരിക്കുവാൻ ഗ്രാമസഭകൾ ശുപാർശ ചെയ്ത ജനകീയ ആവശ്യങ്ങളും. ലഭ്യമായ സ്ഥിതി വിവരകണക്കുകളും വച്ച് ജനപ്രതിനിധികളുടെയും, ഉദ്യോഗസ്ഥ വിദഗ്ധരുടെയും ചർച്ചകളിൽ നിന്നും രൂപംകൊണ്ട ഈ വികസന റിപ്പോർട്ട് പൊതു ജനങ്ങളുടെ അംഗീകാരത്തിനും പുതിയ നിർദ്ദേശങ്ങൾക്കുമായി ജനസമക്ഷം സമർപ്പിക്കുന്നു.*

*അഭിവാദനങ്ങളോടെ*

***എൻ.ബാബു***
*(പ്രസിഡന്റ്)*




"എന്റെ ജീവിതമാണ് എന്റെ സന്ദേശം"



"എനിയ്ക്ക് ഒരു സ്വപ്നമുണ്ട്. സ്വയംപര്യാ
പ്തമായ ഒരു ഇന്ത്യ" - പഞ്ചായത്ത്
രാജിന് തുടക്കം കുറിച്ച മുൻ പ്രധാനമന്ത്രി
രാജീവ് ഗാന്ധി

*വികസനത്തിനായുള്ള ഈ പ്രസ്ഥാനം മാറ്റത്തിന്റെ നാന്ദിയാണ്. ഉത്പാദനക്ഷമത വർദ്ധിപ്പിച്ച് ദാരിദ്ര്യം തുടച്ചുമാറ്റുന്നതിനും സ്ഥായിയായ വികസനം ഉറപ്പുവരുത്തുന്നതിനും നമുക്ക് മുന്നിട്ടിറങ്ങാം.*

തിരുവനന്തപുരം **ശ്രീ. ഇ. കെ. നായനാർ**
10.12.1996



**ശ്രീ. ഇ.കെ. നായനാർ**
ബഹു: മുഖ്യമന്ത്രി

---



**ശ്രീ. ജി. കാർത്തികേയൻ**
എം.എൽ.എ.

*"വികസനം ആരുടേയും ഔദാര്യമല്ല, അവകാശമാണ്". വികസനത്തിനുവേണ്ടിയുള്ള ഓരോ ചുവടുവയ്പ്പും ജനജീവിതത്തിന് പുരോഗതിയും ക്ഷേമവും ഉറപ്പുവരുത്താൻ സഹായിക്കട്ടെ.*

ആര്യനാട് **ശ്രീ. ജി. കാർത്തികേയൻ**
10.12.1993


# മുൻ പഞ്ചായത്ത് പ്രസിഡന്റുമാർ




ശ്രീ. എം. പ്രഭാകരൻ (സ്ഥാപക പ്രസിഡന്റ്)



ശ്രീമതി മെറ്റിൽഡാ എലിസബത്ത്



ശ്രീ. വി. ജയകുമാർ



ശ്രീ. എൻ. ബാബു
(ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്)



ശ്രീമതി രമാവതീ ഗംഗാധരൻ നായർ
(വൈസ് പ്രസിഡന്റ്)

ശ്രീമതി ഭാമ രഘുനാഥ്
(സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ)




ശ്രീ. കെ. സോമശേഖരൻ നായർ (Ex. M.L.A.)



ശ്രീ. എൻ. രഞ്ജ്കുമാർ

ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ



ശ്രീ. ജി. രവി

പഞ്ചായത്ത് മെമ്പർമാർ



ശ്രീമതി എം. റഷീദാ ബീവി



ശ്രീ. കെ. സി. അജയകുമാർ




ശ്രീ. പി. എസ്. കൃഷ്ണൻ കുട്ടി



ശ്രീ. സി. ഉണ്ണി



ശ്രീ. പി. രവീന്ദ്രൻ നായർ



ശ്രീ. വൈ. മെഹബൂബ് ഖാൻ



ശ്രീമതി നളിനി കേശവനാശാരി



ശ്രീ. ബേബി ജോൺ
(ഗ്രാമപഞ്ചായത്ത് സെക്രട്ടറി)

# ഉള്ളടക്കം


| | | |
|---|---|---|
| 1. | ആമുഖം | 21 |
| 2. | പൊതുവിവരങ്ങളും ഭരണപരമായ ചരിത്രവും | 23 |
| 3. | കൃഷിയും ജലസേചനവും | 29 |
| 4. | മൃഗസംരക്ഷണം | 38 |
| 5. | വിദ്യാഭ്യാസം | 49 |
| 6. | ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം | 58 |
| 7. | വ്യവസായം | 63 |
| 8. | ഗതാഗതം, ഊർജ്ജം, വാർത്താ വിനിമയം | 68 |
| 9. | ഭവന നിർമ്മാണം, സാമൂഹ്യക്ഷേമം | 72 |
| 10. | സംസ്ക്കാരം | 79 |
| 11. | വനിത | 83 |
| 12. | സഹകരണമേഖല | 85 |
| 13. | പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം | 89 |
| 14. | വിഭവ സമാഹരണം | 91 |

# ആമുഖം

ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണെന്നും സർവസ്വതന്ത്രവും സ്വയം പര്യാപ്തവുമായ ഗ്രാമങ്ങളിലൂടെ മാത്രമേ പുരോഗതിയും സ്വയം പര്യാപ്തവുമായ ഒരു "ക്ഷേമ രാഷ്ട്രം" കൈവരിക്കാനാവു എന്നും രാഷ്ട്രപിതാവായ മഹാത്മജി വിഭാവനം ചെയ്തിരുന്നു.

ഗ്രാമങ്ങളെ അടിസ്ഥാനഘടകമായി കണ്ടുകൊണ്ട് അധികാരവികേന്ദ്രീകരണത്തിലടിസ്ഥാനമായ വികസന പദ്ധതിക്ക് രൂപം നൽകുന്ന ഒരു അനിതര സാധാരണമായ ജനകീയ പ്രസ്ഥാനം കേരളത്തിൽ രൂപമെടുത്തുകഴിഞ്ഞു. വികസന പരിപാടികളുടെ നടത്തിപ്പിന് ജനങ്ങൾ സ്വയം സമർപ്പിക്കുന്ന, ഒരു പുതിയ കേരള സൃഷ്ടിയ്ക്ക് കേരളീയരാകെ പുനർപ്പണം ചെയ്യുന്ന പരിപാടിയാണിത്.

സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ രംഗങ്ങളിൽ നാം അനുഭവിക്കുന്ന മുരടിപ്പ് സമസ്ത ജാതിമതവിഭാഗങ്ങളെയും രാഷ്ട്രീയ പാർട്ടികളെയും ബാധിക്കുന്നുണ്ട്. അതുകൊണ്ട് തങ്ങൾക്കിടയിലുള്ള വ്യത്യാസങ്ങളും വൈരുദ്ധ്യങ്ങലും മാറ്റിവെച്ച് വികസന പ്രവർത്തനങ്ങളിൽ ഒന്നിച്ചു നിൽക്കാനുള്ള സമയമാണിത്.

ഉല്പാദന തുറകളിൽ ഇന്ന് കേരളം അനുഭവിക്കുന്ന മാന്ദ്യം കുറക്കുകയും വിദ്യാഭ്യാസ-ആരോഗ്യ മേഖലകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുകയും സ്ഥായിയും നീതിപൂർവ്വകവുമായ വികസനം കൈവരുത്തുകയും ചെയ്യുന്നതിനാണ് ജനകീയാസൂത്രണ പ്രസ്ഥാനം സംഘടിപ്പിച്ചിട്ടുള്ളത്. ജനങ്ങളുടെ കൂട്ടായ്മയിലൂടെ ഉണ്ടായ നേട്ടങ്ങൾ സംരക്ഷിക്കാനും ശക്തിപ്പെടുത്താനുമുള്ള അധികാരവും ഉത്തരവാദിത്വവും ജനങ്ങളിൽതന്നെ അർപ്പിതമാകണം എന്നതാണ് ജനകീയ ആസൂത്രണത്തിന്റെ ലക്ഷ്യം.

9-ാം പദ്ധതിയുടെ അടങ്കലിന്റെ 35-40 ശതമാനം തുകയ്ക്കുവരുന്ന വികസനപരിപാടികൾ താഴെത്തട്ടിൽത്തന്നെ ജനകീയപങ്കാളിത്തത്തോടുകൂടി രൂപപ്പെടുത്തിയെടുക്കുക എന്നതാണ് ജനകീയ ആസൂത്രണ പരിപാടിയുടെ ലക്ഷ്യം.

ജനകീയ പങ്കാളിത്തത്തോടുകൂടി സ്കീമുകൾ തയ്യാറാക്കി കഴിഞ്ഞാൽ ജനങ്ങളുടെ ആശയാഭിലാഷങ്ങളോട് കൂടുതൽ അടുത്ത് നിൽക്കുന്നതും ഫലപ്രദവുമായ പദ്ധതി രൂപപ്പെടുത്താനാകും, ജനങ്ങളുടെ മുൻകയ്യിൽ വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യപ്പെടുന്നതോടെ, പദ്ധതിപ്രവർത്തനങ്ങളോട് ജനങ്ങൾക്കിടയിൽ വ്യാപകമായി നില നിൽക്കുന്ന നിസ്സംഗത മാറുകയും, വികസനപ്രവർത്തനങ്ങളുടെ പങ്കാളിത്തം വർദ്ധിക്കുകയും ചെയ്യും.

ഉഴമലയ്ക്കൽ പഞ്ചായത്ത് സമിതിയുടെ ആഭിമുഖ്യത്തിൽ ജനകീയ ആസൂത്രണ പ്രവർത്തനങ്ങളുടെ ഒന്നാംഘട്ട പഞ്ചായത്തുതല ശില്പശാല 27.09.1996-ന് കുളപ്പട എൽ.പി.എസ്-ൽ വച്ച് നടന്നു. തിരഞ്ഞെടുക്കപ്പെട്ട 60 ലോക്കൽ റിസോഴ്സ് പെഴ്സണും 7 ജില്ലാ റിസോഴ്സ് പേഴ്സണും ഒരു സംസ്ഥാന റിസോഴ്സ് പേഴ്സണും പഞ്ചായത്ത് പ്രസിഡന്റടക്കം തെരഞ്ഞെടുക്കപ്പെട്ട എല്ലാ അംഗങ്ങളും വിവിധ രാഷ്ട്രീയ കക്ഷിനേതാക്കളും മേല്പടി ശില്പശാലയിൽ പങ്കെടുത്തു. ഈ ശില്പശാലയുടെ വിജയത്തിനായി പഞ്ചായത്തിലെ രാഷ്ട്രീയ-സാംസ്ക്കാരിക സന്നദ്ധസംഘടനകളെയും ഉദ്യോഗസ്ഥാനുദ്യോഗസ്ഥ അംഗങ്ങളെയും ഉൾക്കൊള്ളിച്ച് സ്വാഗതസംഘം രൂപീകരിച്ചിരുന്നു.

ഈ പഞ്ചായത്തിലെ പത്ത് വാർഡുകളിലെയും വിശേഷാൽ ഗ്രാമസഭകൾ ഒക്ടോബർ 2-ാം തീയതി ആരംഭിച്ച് ഒക്ടോബർ 12-ാം തീയതി അവസാനിച്ചു. പോസ്റ്ററുകൾ, ബോർഡുകൾ, നോട്ടീസുകൾ, വീട്വീടാന്തരമുള്ള അറിയിപ്പ്, ചെണ്ടമേളത്തോടെയുള്ള പ്രത്യേക അറിയിപ്പ് എന്നിവയായി

രുന്നു ഗ്രാമസഭാ പ്രചരണത്തിനായി സ്വീകരിച്ച മാർഗ്ഗങ്ങൾ.

ജനങ്ങളുടെ പങ്കാളിത്തം കൊണ്ട് ഏറ്റവും ശ്രദ്ധേയമായിരുന്നു കുളപ്പട വാർഡ്. പ്രകടനാത്മ കത അവതരണരീതി, സജീവ ചർച്ച എന്നിവ കൊണ്ട് ശ്രദ്ധേയമായിരുന്നു എലിയാവൂർ വാർഡ്. മറ്റ് വാർഡുകളിലെ പങ്കാളിത്തവും ചർച്ചയും തൃപ്തികരമായിരുന്നു. സ്ത്രീകളുടെ പങ്കാളിത്തം വളരെ മെച്ചമായിരുന്നു.

**വിശേഷാൽ ഗ്രാമസഭകൾ ഒറ്റനോട്ടത്തിൽ**

| വാർഡ് നമ്പർ | വാർഡിന്റെ പേര് | വിശേഷാൽ ഗ്രാമസഭകൾ ചേർന്നതീയതി | പങ്കാളിത്തം | | | വിഷയഗ്രൂപ്പുകളുടെ എണ്ണം |
|---|---|---|---|---|---|---|
| | | | സ്ത്രീ | പുരുഷൻ | ആകെ | |
| I | ചിറ്റുവീട് | 08.10.1996 | 41 | 92 | 133 | 6 |
| II | മുമ്പാല | 07.10.1996 | 38 | 92 | 130 | 7 |
| III | പോങ്ങോട് | 09.10.1996 | 35 | 94 | 129 | 6 |
| IV | കുളപ്പട | 07.10.1996 | 109 | 155 | 264 | 7 |
| V | കുര്യാത്തി | 12.10.1996 | 78 | 124 | 202 | 7 |
| VI | പേരില | 06.10.1996 | 41 | 96 | 137 | 8 |
| VII | അയ്യപ്പൻകുഴി | 05.10.1996 | 57 | 33 | 140 | 7 |
| VIII | എലിയാവൂർ | 02.10.1996 | 39 | 94 | 133 | 7 |
| IX | പുതുക്കുളങ്ങര | 08.10.1996 | 30 | 72 | 102 | 7 |
| X | പരുത്തിക്കുഴി | 06.10.1996 | 56 | 103 | 159 | 6 |
| | | ആകെ | 1005 | 524 | 1529 | |

15.11.1996-ൽ രണ്ടാംഘട്ട പ്രവർത്തനം കുളപ്പട എൽ.പി.എസ്.ൽ പഞ്ചായത്ത് റിസോഴ്സ് ഗ്രൂപ്പിനെ പങ്കെടുപ്പിച്ചുകൊണ്ട് സംഘടിപ്പിച്ചു. ഇതേത്തുടർന്ന് വകുപ്പുതല റിവ്യൂ റിപ്പോർട്ടുകളുടെ ശേഖരണവും പഠനപര്യടനവും നടത്തി. ഒക്ടോബർ 28,29,30 തീയതകളിൽ വെള്ളനാട് ബ്ലോക്ക്തല പരിശീലനത്തിൽ 5 പേർ പങ്കെടുത്തു. വിവിധ സർക്കാർ, അർദ്ധസർക്കാർ വകുപ്പുകളിൽ നിന്നും ശേഖരിച്ച വിവരങ്ങളും, മറ്റ് പ്രസിദ്ധീകരണങ്ങൾ, വായ്മൊഴി, ഗ്രാമസഭകളിൽ നിന്നും പൊന്തിവരുന്ന നിർദ്ദേശങ്ങൾ റിസോഴ്സ് പേഴ്സണിന്റെ സഹകരണത്തോടെ ക്രോഡീകരിച്ചാണ് വികസന റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. 7.12.1996 ശനിയാഴ്ച 2 മണിയ്ക്ക് കൂടിയ പഞ്ചായത്ത് കമ്മിറ്റി ഈ വികസന റിപ്പോർട്ട് വിശദമായി ചർച്ചചെയ്ത് പരിശോധിച്ച് അംഗീകരിച്ചു.

★ ★ ★ ★ ★

# പൊതുവിവരങ്ങളും ഭരണപരമായ ചരിത്രവും

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | ഉഴമലയ്ക്കൽ ഗ്രാമപഞ്ചായത്ത് (1st ഗ്രേഡ്) |
| ഉൾപ്പെടുന്ന വില്ലേജ് | ഉഴമലയ്ക്കൽ |
| ബ്ലോക്ക് പഞ്ചായത്ത് മണ്ഡലങ്ങൾ | ഉഴമലയ്ക്കൽ, ആര്യനാട് |
| ബ്ലോക്ക് പഞ്ചായത്ത് | വെള്ളനാട് |
| താലൂക്ക് | നെടുമങ്ങാട് |
| ജില്ലാപഞ്ചായത്തു മണ്ഡലം | തൊളിക്കോട് |
| അസംബ്ലിമണ്ഡലം | ആര്യനാട് |
| പാർലമെന്റ് മണ്ഡലം | ചിറയിൻകീഴ് |
| വിസ്തീർണ്ണം | 18.74 ച.കി.മീ. |
| അതിരുകൾ | വടക്ക് തൊളിക്കോട് പഞ്ചായത്ത്, വടക്ക് പടിഞ്ഞാറ് നെടുമങ്ങാട് മുൻസിപ്പാലിറ്റി, പടിഞ്ഞാറ് മുൻസിപ്പാലിറ്റി, തെക്ക് വെള്ളനാട് പഞ്ചായത്ത് തെക്ക് പടിഞ്ഞാറ് വെള്ളനാട് പഞ്ചായത്ത്, കിഴക്ക് ആര്യനാട് പഞ്ചായത്ത് |
| ജനസംഖ്യ | 19,307 |
| വാർഡുകൾ | പത്ത് |
| പ്രസിഡന്റിന്റെ പേര് | എൻ.ബാബു |
| വൈസ് പ്രസിഡന്റ് | വി.രമാവതി |

ആയിരത്തി തൊള്ളായിരത്തി എഴുപത്തി ഒന്ന് ഡിസംബർ മാസം പത്താം തീയതി ഉഴമലയ്ക്കൽ പഞ്ചായത്ത് നിലവിൽ വന്നു. അതിനു മുൻപ് ആര്യനാട് പഞ്ചായത്തിൽ ഉൾപ്പെട്ട പ്രദേശമായിരുന്നു ഇത്. വികസന സാധ്യതകൾ ഉണ്ടാകണമെങ്കിൽ പഞ്ചായത്തിന്റെ വിഭജനം അനിവാര്യമാണെന്നുകണ്ട ബഹു: അന്നത്തെ ആര്യനാട് പഞ്ചായത്ത് കമ്മറ്റി ആര്യനാട് ഉഴമലയ്ക്കൽ എന്നീ പഞ്ചായത്തുകളായി വിഭജിക്കാൻ തീരുമാനിച്ചു. പുതിയതായി നിലവിൽ വന്ന ഉഴമലയ്ക്കൽ പഞ്ചായത്തിന്റെ അഡ്മിനിസ്ട്രേറ്റീവ് സമിതി അംഗങ്ങളായ ശ്രീ: എം പ്രഭാകരൻ പ്രസിഡന്റ്, കമ്മറ്റി അംഗങ്ങളായി സർവ്വശ്രീ ജി. ബാലകൃഷ്ണൻ, സോമശേഖരൻനായർ, കെ. ലക്ഷ്മണൻ, ശ്രീമതി ബി. സരോജിനി എന്നിവരും ചേർന്ന് നമ്മുടെ പഞ്ചായത്തിന്റെ പ്രഥമ ഭരണസാരഥ്യം ഏറ്റെടുത്തു.

ആരംഭത്തിൽ പഞ്ചായത്താഫീസിന്റെ ആസ്ഥാനം അയ്യപ്പൻകുഴിയിൽ പ്രവർത്തിച്ചിരുന്ന മഹാത്മാഗാന്ധി ഗ്രന്ഥശാല കെട്ടിടമായിരുന്നു. 1977 ആഗസ്റ്റ് 20 ന് അയ്യപ്പൻകുഴി ആനന്ദേശ്വരത്തിൽ ശ്രീ.പി. കുഞ്ഞുശങ്കരൻ സംഭാവന ചെയ്ത 25 സെന്റ് സ്ഥലത്ത് നിർമ്മിച്ച പഞ്ചായത്ത് വക കെട്ടിടത്തിൽ ഓഫിസിന്റെ പ്രവർത്തനം ആരംഭിച്ചു. ഓഫീസിന്റെ ഉത്ഘാടനം 1977 ആഗസ്റ്റ് 27-ാം തീയതി അന്നത്തെ തദ്ദേശസ്വയം ഭരണ വകുപ്പ് മന്ത്രി ബഹു: ശ്രീ അവുക്കാദർ കുട്ടിനഹ നിർവ്വഹിച്ചു.

ഭരണസമിതികൾ

(1) 10-12-1971 മുതൽ 30-9-1979 വരെ

1. എം. പ്രഭാകരൻ (പ്രസിഡന്റ്)
2. ജി. ബാലകൃഷ്ണൻ (മെമ്പർ)
3. കെ. ലക്ഷ്മണൻ
4. കെ. സോമശേഖരൻ നായർ
5. ബി. സരോജിനി

(2) 1-10-1979 മുതൽ

1. മെറ്റിൽഡ എലിസബത്ത് (പ്രസിഡന്റ്)
2. വി. ജയകുമാർ (വൈസ് പ്രസിഡന്റ്)
3. എസ്. ശശിധരൻ നായർ (മെമ്പർ)
4. ജി. ബാലകൃഷ്ണൻ
5. പി. ഗോപിനാഥൻ നായർ
6. എം. ഭാനുനാടാർ
7. കെ.ശശിധരൻ
8. എം. പ്രഭാകരൻ "
9. എബനേസ്സർ ഏകനാഥ്

(3) 6.12.1988 മുതൽ

1. വി. ജയകുമാർ (പ്രസിഡന്റ്)
2. എൻ. ഷൗക്കത്തലി (വൈസ് പ്രസിഡന്റ്)
3. വി. വത്സലകുമാരി (മെമ്പർ)
4. എസ്. മനോഹരൻ
5. കെ. വേണുഗോപാൽ
6. കെ. ഭുവനചന്ദ്രൻ നായർ
7. ഡി.വി. രമേശൻ
8. പി. സത്യശീല
9. ശങ്കരൻ നായർ "

നിലവിലിരുന്ന കമ്മറ്റിയുടെ കാലാവധിക്കു ശേഷം 10-02-1994 അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി നിലവിൽ വന്നു.

1. വി. ജയകുമാർ (പ്രസിഡന്റ്)
2. എൻ. ഷൗക്കത്തലി (മെമ്പർ)
3. വി. വത്സലകുമാരി (")
4. എസ്. മനോഹരൻ (മെമ്പർ)
5. കെ. വേണുഗോപാൽ
6. കെ. ഭുവചന്ദ്രൻനായർ "
7. ഡി.വി. രമേശൻ "

30.9.1995 മുതൽ പുതിയ പഞ്ചായത്തു കമ്മിറ്റി നിലവിൽ വന്നു.

| | | |
|---|---|---|
| 1. | എൻ. ബാബു | (പ്രസിഡന്റ്) |
| 2. | വി. രമാവതി | (വൈസ് പ്രസിഡന്റ്) |
| 3. | ഭാമ രഘുനാഥ് | (സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൻ) |
| 4. | എം. റഷീദാബീവി | (മെമ്പർ) |
| 5. | പി. രവീന്ദ്രൻ നായർ | " |
| 6. | പി.എസ്. കൃഷ്ണൻകുട്ടി | " |
| 7. | നളിനി കേശവനാശാരി | " |
| 8. | വൈ. മെഹബൂബ്ഖാൻ | " |
| 9. | സി. ഉണ്ണി | " |
| 10. | സി. അജയകുമാർ | |

സെക്രട്ടറി നിലവിലുള്ളത് – ശ്രീ. ബേബിജോൺ

## സാമൂഹ്യസാംസ്ക്കാരിക ചരിത്രം

ചരിത്ര രേഖകളിൽ സ്ഥാനം പിടിക്കത്തക്ക രീതിയിലുള്ള സ്വാതന്ത്ര്യസമര പ്രസ്ഥാനങ്ങളോ സാമൂഹ്യനവോത്ഥാനത്തിന് പ്രേരകമായ സംരംഭങ്ങളോ ഈ പഞ്ചായത്ത് പ്രദേശത്ത് ഉണ്ടായിട്ടില്ല. എങ്കിൽ കൂടി ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായ സമരത്തിൽ ശ്രീ കെ. സോമശേഖരൻ നായർ (മുൻ നിയമസഭാസാമാജികൻ) അയ്യപ്പൻ കുഴിയിലെ ശ്രീ. എൻ. ഗംഗാധരൻ പിള്ള തുടങ്ങിയവർ നൽകിയ ധീരോദാത്തമായ പ്രവർത്തനങ്ങൾ ഈ ഗ്രാമപഞ്ചായത്തിൽ വിദേശാധിപത്യത്തിനോടുള്ള എതിർപ്പും ദേശസ്നേഹവും വളർത്താൻ ഉപകരിച്ചിട്ടുണ്ട്.

എലിയാവൂർ ശ്രീ. പി. ഗോപാലപിള്ള ഈ പ്രദേശത്തെ ആദ്യകാല സാമൂഹ്യപ്രവർത്തകനും, ഉഴമലയ്ക്കൽ പഞ്ചായത്തിന്റെ ആവിർഭാവത്തിന് മുൻപ് ആര്യനാട് പഞ്ചായത്തിലെ മെമ്പറുമായിരുന്നു. ഇദ്ദേഹത്തിന്റെ നാമധേയത്തിലാണ് എലിയാവൂർ മാർക്കറ്റിംഗ് കോപ്ലക്സ് നിർമ്മിച്ചിരിക്കുന്നത്.

ഉഴമലയ്ക്കൽ പഞ്ചായത്തിന്റെ ശില്പി എന്ന് വിശേഷിപ്പിക്കാവുന്ന ശ്രീ. എം. പ്രഭാകരൻ ആര്യനാട് പഞ്ചായത്ത് പ്രസിഡന്റ്, ഉഴമലയ്ക്കൽ പഞ്ചായത്തിന്റെ രൂപീകരണത്തോടെ ഈ പഞ്ചായത്തിലെ ആദ്യ പ്രസിഡന്റ് സാമൂഹിക രാഷ്ട്രീയ സാംസ്ക്കാരിക രംഗത്തെ അറിയപ്പെടുന്ന വ്യക്തിയുമായിരുന്നു. നമ്മുടെ പഞ്ചായത്തിന്റെ ആവിർഭാവത്തിനും പുരോഗതിക്കും ദീർഘവീക്ഷണത്തോടു കൂടി കർമ്മ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുന്നതിൽ അദ്ദേഹം വ്യാപൃതനായിരുന്നു.

ആര്യനാട് നിയോജക മണ്ഡലത്തെ 1971-76 കാലഘട്ടത്തിൽ പ്രതിനിധാനം ചെയ്ത ശ്രീ. കെ. സോമശേഖരൻ നായർ ഈ പഞ്ചായത്തിലെ സാമൂഹിക വികസന പ്രവർത്തനങ്ങളുടെ മുൻനിരയിൽ കർമ്മനിരതനായി നിലകൊള്ളുന്നു. വിദ്യാഭ്യാസ രംഗത്തെ പുരോഗതിക്ക് ശ്രീ. പി. ചക്രപാണിനാർ നൽകിയ സംഭാവന എടുത്തു പറയത്തക്കതാണ്.

ചരിത്ര പ്രധാനവും 400 വർഷത്തിലധികം പഴക്കവും നെടുമങ്ങാട് കോയിക്കൽ കൊട്ടാരത്തിലെ ഉമയമ്മ റാണി നിർമ്മിച്ചു നൽകിയതുമായ ക്ഷേത്രമാണ് കുളപ്പട ശ്രീധർമ്മശാസ്താ ക്ഷേത്രം. ഇതേപോലെ പഴക്കവും ചരിത്ര പ്രാധാന്യവും എലിയാവൂർ ശിവക്ഷേത്രത്തിനുമുണ്ട്. ചരിത്രവുമായി ബന്ധപ്പെട്ട എട്ടുവീട്ടിൽ പിള്ളമാരുമായി കുര്യാത്തി ശിവ ക്ഷേത്രത്തിന്റെ ആരംഭവും നമ്മുടെ സാംസ്ക്കാരിക പാരമ്പര്യത്തിന്റെ മകുടോദാഹരണമാണ്. കോട്ടയത്ത് കളിയൽ തമ്പുരാൻ ക്ഷേത്രവും പഴയ ആയ് രാജവംശവുമായുള്ള ചരിത്രമാണ് പറയാനുള്ളത്. ഈ പ്രദേശത്തെ മറ്റൊരു പ്രധാന ഭദ്രകാളി ക്ഷേത്രമാണ് ചക്രപാണിപുരത്ത് സ്ഥിതി ചെയ്യുന്ന ലക്ഷ്മി മംഗലം ക്ഷേത്രം. കുംഭമാസത്തിലെ രേവതിനാളിൽ ആരംഭിച്ച് തിരുവാതിരനാളിൽ അവസാനിക്കുന്ന ഏഴു ദിവസത്തെ ഉത്സവപരിപാടികൾ ഇന്നാട്ടിലെ സമസ്ത ജാതി മതവിഭാഗങ്ങളും കൊണ്ടാടുന്ന ഒരു ദേശീയ ഉത്സവം തന്നെയാണ്.

ഇതര മതങ്ങളുടെ ആരാധനാലയങ്ങളും മതപരമായ ചടങ്ങുകളും നമ്മുടെ നാടിന്റെ സാംസ്കാരിക വൈവിദ്ധ്യത്തിന്റെ പ്രത്യേകതകളാണ്. വാലുക്കോണം മലങ്കര സിറിയൻ കത്തോലിക്കപള്ളി, കർമ്മലമാതാ കത്തോലിക്കാപള്ളി, മഞ്ചംമൂല, സി. എസ്.ഐ. പള്ളി മാണിക്കപുരം, സിറിയൻ കത്തോലിക്ക പള്ളി പരുത്തിക്കുഴി; മലങ്കരസിറിയൻ കത്തോലിക്ക പള്ളി തോളൂർ, ലൂഥറൻ മിഷൻ പള്ളി

തോളൂർ ഇവയാണ് പ്രധാന ക്രിസ്തീയ ദേവാലയങ്ങൾ.

പുതുക്കുളങ്ങര മുസ്ലീം പള്ളി, കുളപ്പട കാഞ്ഞിരം മൂട് മുസ്ലീം പള്ളിയും നമ്മുടെ നാടിനെ സംസ്ക്കാര പ്രധാനമാക്കുന്നു.

കലാ സാംസ്ക്കാരിക രംഗത്തെ നമ്മുടെ പഞ്ചായത്തിന്റെ യശ്ശസ്തംഭങ്ങളാണ് യുവകവി ഗിരീഷ് പുലിയൂരും ഉഴമലയ്ക്കൽ മൈതീനും. കായികരംഗത്തെ പ്രശസ്തനാണ് ലോക പവർ ലിഫ്ടിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് മൂന്നു സ്വർണ്ണ മെഡൽ കരസ്ഥമാക്കിയ കായികാദ്ധ്യാപകൻ കൂടിയായ ശ്രീ സെബാസ്റ്റ്യൻ.

കേരളത്തിലെ പ്രമുഖനദികളിലൊന്നായ കരമനയാർ നമ്മുടെ പഞ്ചായത്തിനെ സ്പർശിച്ചുകൊണ്ടാണൊഴുകുന്നത്. സംസ്ഥാനത്തിന്റെ പ്രധാന വീഥികളിലൊന്നായ ഷൊർളക്കോട് റോഡ് ഈ പഞ്ചായത്തിനെ തിരുവനന്തപുരവും അംബാസമുദ്രവുമായി ബന്ധിപ്പിക്കുന്നു.

ഉഴമലയ്ക്കൽ പഞ്ചായത്തിലെ പ്രമുഖമായ എലിയാവൂർ ചന്ത സമീപ പഞ്ചായത്തുകളായ ആര്യനാട്, വെള്ളനാട്, തൊളിക്കോട് എന്നിവിടങ്ങളിലെ ജനങ്ങൾ ആശ്രയിച്ചിരുന്ന ഒരു വിപണന കേന്ദ്രമായിരുന്നു. ഇന്നിത് ഏറെ ക്ഷയോന്മുഖമായ ഒരു ചന്തയാണ്. ഇപ്പോൾ കാർഷികോല്പന്നങ്ങളുടെ വിപണനത്തിന് ഇവിടുത്തെ ജനങ്ങൾ മുഖ്യമായി ആശ്രയിച്ചിക്കുന്നത് നെടുമങ്ങാട്, കാട്ടാക്കട ചന്തകളെയാണ്.

ഉഴമലയ്ക്കലിലെ ആദ്യത്തെ സർക്കാർ ആഫീസ് എലിയാവൂരിൽ പ്രവർത്തിച്ചിരുന്ന ചാവടിയാണ്. ആയതാകാം ഈ സ്ഥലത്തെ 'ചാവടിനട' എന്ന പേരിൽ അറിയപ്പെടാൻ ഇടയാക്കിയതും. 1982-ൽ ഉഴമലയ്ക്കൽ വില്ലേജാഫീസ് കുളപ്പടയിൽ സ്വന്തമായ കെട്ടിടത്തിലേക്ക് മാറ്റപ്പെടുന്നു.

ഈ പഞ്ചായത്തിൽ എടുത്തു പറയത്തക്ക സർക്കാർ ആഫീസുകൾ ഒന്നും തന്നെയില്ല. സംസ്ഥാന ആസ്ഥാനമായ തിരുവനന്തപുരം, താലൂക്ക് ആസ്ഥാനമായ നെടുമങ്ങാട് ഇവയോടുള്ള സമീപ്യമാകാം ഈ ദുരവസ്ഥക്ക് കാരണം.

1924-ൽ ശ്രീ ജോൺസാർ ആരംഭിച്ച് കാറ്റാടി സ്ക്കൂളാണ് ഈ പ്രദേശത്തെ വിദ്യഭ്യാസ മേഖലയിലെ ആദ്യസംരംഭം. ഈ പ്രദേശത്തെ ഏക ഹൈസ്ക്കൂൾ ചക്രപാണിപുരത്ത് സ്ഥിതി ചെയ്യുന്ന എസ്.എൻ.എച്ച്.എസ്. കേരള നിയമസഭയിലെ ബഹു: സ്പീക്കർ ശ്രീ. എം. വിജയകുമാർ ഇവിടുത്തെ പൂർവ്വവിദ്യാർത്ഥിയായിരുന്നു. കൂടാതെ 5 എൽ.പി.എസും. ഒരു യു.പി.എസ്സും ഈ പഞ്ചായത്തിലുണ്ട്. സാങ്കേതിക പഠനത്തിനോ ഉപരിപഠനത്തിനോ ഏതൊരു സ്ഥാപനവും ഈ പഞ്ചായത്തിലില്ലാത്തത് ഈ രംഗത്തെ ശോചനീയാവസ്ഥയെ സൂചിപ്പിക്കുന്നു.

ആതുര ശുശ്രൂഷാരംഗത്തെ ആദ്യസ്ഥാപനം 1972-ൽ എലിയാവൂർ സ്ഥാപിച്ച പ്രാഥമിക ആരോഗ്യ കേന്ദ്രമാണ്. ചക്രപാണിപുരത്ത് സ്ഥിതി ചെയ്യുന്ന ഗവ: ആയുർവേദ ആശുപത്രി ഈ അടുത്ത കാലത്താണ് അനുവദിക്കപ്പെട്ടത്.

നമ്മുടെ ആദ്യത്തെ തപാലാഫീസ് പുതുക്കുളങ്ങര സ്ഥാപിതമായതാണ്. അതിനുമുൻപ് ഒരു അഞ്ചലോട്ടക്കാരൻ മാത്രമാണുണ്ടായിരുന്നത്. കുളപ്പട, മരങ്ങാട്, പരുത്തിക്കുഴി എന്നിവിടങ്ങളിലും തപാലാഫീസ് പ്രവർത്തിക്കുന്നുണ്ട്.

ഈ പ്രദേശത്തിലെ രണ്ടു ധനകാര്യസ്ഥാപനങ്ങളാണ് പുതുക്കുളങ്ങര സർവ്വീസ് ബാങ്കും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറും. വ്യാവസായികമേഖല വളരെ ശുഷ്കമാണ്. 1972ൽ സ്ഥാപിതമായ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, മഞ്ചംമൂല ശക്തി റബ്ബേഴ്സ്, അയ്യപ്പൻകുഴി ചാക്കാച്ചേരിൽ റബ്ബേഴ്സ് എന്നിവയാണ് ചില ചെറുകിട വ്യവസായ സംരഭങ്ങൾ.

ഷൊർളക്കോട് റോഡും മറ്റനവധി സഞ്ചാര യോഗ്യമായ റോഡുകളും ഈ പഞ്ചായത്തിലുണ്ട്. കാളവണ്ടിയും, കുതിരവണ്ടിയും കഴിഞ്ഞാൽ ആർ.കെ.എൻ. എന്ന സ്വകാര്യബസിനെയാണ് ആദ്യകാലത്ത ജനങ്ങൾ ആശ്രയിച്ചിരുന്നത്.

ഇന്ന് നെടുമങ്ങാട്, കാട്ടാക്കട എന്നീ ഡിപ്പോകളിൽ നിന്നും കെ.എസ്.ആർ.ടി.സി ബസ് സർവ്വീസുണ്ട്. ഇത് ജനങ്ങളുടെ ആവശ്യത്തിന് തികയു

ന്നില്ല എന്നത് നാം വിസ്മരിക്കുന്നില്ല. കുളപ്പടയിൽ വൈദ്യുതിയുടെ ആദ്യകാൽനാട്ടുകർമ്മം നിർവ്വഹിച്ചു. വൈദ്യുതഉപഭോക്താക്കളുടെ സൗകര്യാർത്ഥം 1991-ൽ പുതുക്കുളങ്ങരയിൽ ഒരു ഓവർസിയർ ആഫീസ് ആരംഭിച്ചു. ഇതൊരു സബ് എൻഞ്ചിനീയർ ആഫീസായി ഉയർത്തിയാൽ പഞ്ചായത്തിലെ വൈദ്യുത ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കാൻ കഴിയും.

സമ്പൂർണ്ണ സാക്ഷരതായജ്ഞം, കേരളോത്സവം തുടങ്ങിയ സാമൂഹികസംരംഭങ്ങൾക്ക് മുന്തിയ പരിഗണനയും തദനുസൃതമായ പ്രവർത്തനവും നടത്തിയിട്ടുണ്ട്. ചരിത്രരേഖകളിൽ സ്ഥാനം പിടിക്കത്തക്ക അവിസ്മരണീയ വർഗ്ഗ സമരചരിത്രമോ നമുക്കില്ല. പഞ്ചായത്തിന്റെ വികസന യത്നങ്ങളിൽ അനൈക്യവും അലംഭാവവും വെടിഞ്ഞ് പ്രതീക്ഷാനിർഭരമായ നല്ലൊരു നാളേക്കുവേണ്ടി അർപ്പണ മനോഭാവത്തോടെ പ്രവർത്തിക്കാമെന്ന് നമുക്ക് പ്രതിജ്ഞ ചെയ്യാം.

## ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി

കുന്നും ചരിവും തോടുകളും പാടശേഖരങ്ങളും പുഴകളും നിറഞ്ഞ പഞ്ചായത്ത് പ്രദേശം ഏകദേശം തെക്ക് അതിർത്തി നിർണ്ണയിച്ചുകൊണ്ട് പഞ്ചായത്തിനെ തലോടി ഒഴികുന്ന കരമനയാറും തുടർന്ന് വെള്ളനാട് പഞ്ചായത്തും വടക്ക് തൊളിയ്ക്കോട് പഞ്ചായത്തും വലിയമല പി.എസ്.എൽ.വി പ്രോജക്ടും പടിഞ്ഞാറ് നെടുമങ്ങാട് മുനിസിപ്പാലിറ്റിയും കിഴക്ക് പാറമുകൾകുന്നും ആര്യനാട് പഞ്ചായത്തും അതിർത്തി നിർണ്ണയിക്കുന്നു. ഭൂമിശാസ്ത്രപരമായും ചരിത്രപരമായും പണ്ടുമുതൽക്കുതന്നെ തനിമയും വ്യത്യസ്ഥതയും പുലർത്തുന്ന ഒരു പഞ്ചായത്താണ് ഉഴമലയ്ക്കൽ നാനാജാതി മതസ്തർ സൗഹാർദ്ദത്തോടെ തിങ്ങിപ്പാർക്കുന്നു. കൃഷിവലന്മാരും കർഷകത്തൊഴിലാളികളുമാണ് ഇവരിൽ ഭൂരിഭാഗവും. ഉഴമലയ്ക്കൽ എന്ന ഈ പ്രദേശത്തിന്റെ പേര് തന്നെ കൃഷിയുമായി ബന്ധപ്പെട്ടതാണ്. ഉഴമലയ്ക്കലിന്റെ (ഉഴ+മല+ക്കൽ) അർത്ഥം ഉഴമല–കൃഷി ചെയ്യുന്ന മല (ഉഴമലക്കാരൻ–കൃഷിക്കാരൻ) പ്രദേശം. ഔദ്യോഗിക രേഖകളിലും വായ്മൊഴിയിലും ഒരേ പോലെ ജീവിച്ചു പോരുന്നുണ്ട് ഈ പേര്. പഞ്ചായത്തും വില്ലേജും, വിദ്യാലയങ്ങളും ഈ സ്ഥലവുമായി ബന്ധപ്പെട്ടു നിലകൊള്ളുന്നു. ഇവിടുത്തെ ജനങ്ങളിൽ ഭൂരിഭാഗവും കർഷകർ ആണെങ്കിൽ തന്നെ സർക്കാർ മേഖലയിലും സ്വകാര്യമേഖലയിലും പണിയെടുക്കുന്നവരുടെ എണ്ണവും കുറവല്ല. ജനസംഖ്യയുടെ 76 ശതമാനത്തോളം പേരും സാക്ഷരരാണ് (പു:86. സ്ത്രീ 72) ഉപരിപഠനത്തിനുള്ള അസൗകര്യവും സാമ്പത്തിക പിന്നോക്കാവസ്ഥയും കാരണം ബിരുദധാരികൾ തുലോം കുറവാണ്. 264 പട്ടികജാതി കുടുംബങ്ങളും 12 പട്ടികവർഗ്ഗ കുടുംബങ്ങളും പഞ്ചായത്തിലുണ്ട്. തൊഴിൽ ചെയ്തു ഉപജീവനം നേടുന്നവരുടെ നിരക്ക് 52 ശതമാനം പുരുഷന്മാരും 9 ശതമാനം സ്ത്രീകളുമാണ് ഈ പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 1991 ലെ കനേഷുമാരി അനുസരിച്ച് 19307 (പു: 9542, സ്ത്രീ 9765) ആകുന്നു. വിസ്തൃതി 18.74 Sq.K.m. 4248 വീടുകൾ ആകുന്നു. 1,2,10 വാർഡുകളിൽ പരമ്പരാഗതതൊഴിലുകളായ ഈറ, കയർ തുടങ്ങി തൊഴിലുകൾ ചെയ്യുന്ന കർഷകർ നാമമാത്രമായി ഉണ്ട്. വാണിജ്യമേഖലയുടെ സാന്നിധ്യം വളരെ ശുഷ്കിച്ച ഒരു പഞ്ചായത്താണ്. ആയതിനാൽ മറ്റു പ്രദേശങ്ങളിൽ പോയി തൊഴിലെടുക്കുന്നവർ ധാരാളം പേർ ഉണ്ട്. അന്യനാടുകളിൽ തൊഴിൽ തേടി പോയിട്ടുള്ളവരുടെ എണ്ണവും കുറവല്ല. കാർഷികമേഖലയിൽ പണിയെടുക്കുന്നവരുടെ എണ്ണം വളരെ ദയനീയമായി കുറഞ്ഞു വരുന്ന ഒരു സ്ഥിതിയാണ് നമ്മുടെ പഞ്ചായത്തിൽ. ഈ മേഖലയിൽ നിന്നും തൊഴിലാളികൾ നിർമ്മാണ തോട്ടം (റബ്ബർ) മേഖലയിലേയ്ക്ക് ചേക്കേറുന്നതായിട്ടാണ് കാണാൻ കഴിയുന്നത്. വളരെ വിപുലമായ പാടം ശേഖരം നിറഞ്ഞ ഉഴമലയ്ക്കൽ പ്രദേശത്ത് ഇന്ന് ഈ രംഗം വളരെ വിപുലമായ തകർച്ചയെ നേരിടുകയാണ്. വയലുകൾ നികത്തി റബ്ബർ കൃഷിയിലേക്കും മറ്റു ഇതര കൃഷിയിലേയ്ക്കും ശ്രദ്ധ തിരിച്ചിരിയ്ക്കുകയാണ്. ഇതിന് കാരണം നെൽകൃഷിയുടെ വർദ്ധിച്ച കൃഷി ചിലവാണ്.

പഞ്ചായത്തിലെ പ്രധാന കൃഷിയായിരുന്ന മരിച്ചീനി അപ്രത്യക്ഷമായി ആസ്ഥാനം റബ്ബർ കയ്യടക്കിയിരിയ്ക്കുന്നു. തെങ്ങ് രണ്ടാം സ്ഥാനത്ത് നിൽക്കുന്നു എങ്കിലും ഈ കൃഷി പലവിധ പ്രതി

സന്ധികളും നേരിട്ടു വരുകയാണ്. കമുക് ഈ പഞ്ചായത്തിന്റെ മുഖ്യസ്ഥാനത്തുനിന്നും റബ്ബറിന്റെ വരവോടുകൂടി അപ്രത്യക്ഷമായി കൊണ്ടിരിയ്ക്കുകയാണ്. ഒരു കാലത്ത് സമൃദ്ധമായിരുന്ന കുരുമുളക് കൃഷി ഇന്ന് നാമ മാത്രമായി അവശേഷിക്കുന്നു. വാഴ ഇവിടെ വ്യാപകമായി കൃഷിചെയ്തുവരുന്നുണ്ട്. മാവ്, പ്ലാവ്, തുടങ്ങിയ ഫലവൃക്ഷങ്ങൾ മുൻകാലങ്ങളെ അപേക്ഷിച്ച് കുറവാണെങ്കിലും വ്യാപകമായി കണ്ടുവരുന്നു. നെൽവയലുകൾ പല പ്രതിസന്ധികളും നേരിട്ടു മുന്നോട്ടുപോകുന്നു. മൾബറികൃഷി തേനീച്ച വളർത്തൽ മുതലായവ അങ്ങിങ്ങായി കണ്ടുവരുന്നു. പൂ കൃഷി ചില സ്ഥലങ്ങളിൽ അടുത്തകാലത്തായി ആരംഭിച്ചിട്ടുണ്ട് കന്നുകാലി വളർത്തലും പാൽ ഉൽപ്പാദനവും പുരോഗതിയില്ലെങ്കിലും നിലനിന്നുകാണുന്നു. മുട്ടക്കോഴി വളർത്തലും ഇറച്ചിക്കോഴി വളർത്തലും പ്രതിസന്ധികൾ ഉണ്ടെങ്കിലും നിലനിന്നു വരുന്നു. കശുമാവ് പ്ലാന്റേഷൻ (പാറമുകൾ) ഇന്ന് വളരെ നിരാശാജനകമായി അപജയങ്ങൾ നേരിടുകയാണ്. ഭൂമിശാസ്ത്രപരമായി സമ്മിശ്ര കൃഷിക്ക് യോജിച്ച ഒരു സാഹചര്യമാണ് ഈ പ്രദേശം.

കുന്നിൻ പ്രദേശങ്ങളും താഴ്വരകളും നിറഞ്ഞ ഈ പ്രദേശത്തിന്റെ ഏറ്റവും ഉയരം കൂടിയ ഭാഗമാണ് മങ്ങാട്ടുപാറ. പ്രകൃതി രമണീയമായ ഈ കുന്നിന്റെ നെറുകയിൽ നിന്നാൽ ഈ പഞ്ചായത്തിന്റെ ഏകദേശം പ്രദേശങ്ങളും കാണാൻ കഴിയും . സദാസമയവും നല്ലകാറ്റ് ഉള്ളതായിട്ടാണ് കാണുന്നത് . കടുക്കാക്കുന്ന്, നീലിപ്പാറ, തുങ്ങാംപാറ, വാണിയാംപാറ, തുടങ്ങിയ ഉയരമുള്ള കുന്നിൻ പ്രദേശങ്ങൾ കൊണ്ട് പ്രകൃതിദത്തമായി അനുഗ്രഹീതമാണ് ഈ പഞ്ചായത്ത്.

അഗസ്ത്യസാനുക്കളിൽ നിന്നും പൊട്ടി ഒഴുകുന്ന കരമനയാറ് ഉഴമലയ്ക്കലിന്റെ തെക്ക് തഴുകി ഒഴുകുന്നു. ഉഴമലയ്ക്കലിലെ തലങ്ങനെ വിലങ്ങനെ നിരവധി ചെറുതോടുകൾ ചരിത്രപ്രസിദ്ധമായ കരമനയാറ്റിൽ ലയിക്കുന്നു. ചിറ്റാർ അരുവിയോട് കോലാമൂഴിത്തോട് പുപ്പുറം, എലിയാവൂർ തോട്, കിഴക്കുപുറം തോട്, കൊച്ച് കരിയ്ക്കകം, പോങ്ങോട് മുരുക്കും മൂട് തോട്, ആഴകം തോട്, വയക്കേക്കോണം തോട്, പേരിലാ തോട്, കുന്താണി തോളൂരു തോട്, പുന്നിരിട്ടക്കോണം തോട്, മണ്ണിട്ടിക്കോണം പുലിയൂർ തോട്, മുതലായ തോടുകളും നിരവധി കുളങ്ങളും പഞ്ചായത്തിന്റെ ജലസഞ്ചയങ്ങളാണ്യെങ്കിലും ഇവയെല്ലാം വേനൽക്കാലത്ത് വറ്റിപ്പോകുന്നതാണ്. കാലാവസ്ഥ സന്തുലിത നില നിർത്തുന്നതിനു ഈ ജലസ്രോതസ്സുകളെത്തന്നെയാണ് മുഖ്യമായും ആശ്രയിക്കുന്നത്. ഈ ജലസ്രോതസ്സുകളെ സംരക്ഷിച്ചു നിറുത്തിയാൽ നമ്മുടെ ജലദൗർബല്യം ഒരു പരിധിവരെ കുറയ്ക്കാൻ കഴിയും.

എല്ലാത്തരം കൃഷിയ്ക്കും അനുയോജ്യമായ കാലാവസ്ഥയും മണ്ണുംകൊണ്ട് സമ്പുഷ്ടമാണ് ഈ മലയോര പഞ്ചായത്ത്. എക്കൽമണ്ണ്, ചെമ്മണ്ണ്, മണൽമണ്ണ്, കരിമണ്ണ്, ചരൽകലർന്ന മണ്ണ്, ചെളിമണ്ണ്, കളിമണ്ണ് മുതലായ മൺതരങ്ങളാൽ ആവരണം ചെയ്യപ്പെട്ട പ്രതലമാണ് ഉഴമലയ്ക്കൽ പഞ്ചായത്ത്.

☆ ☆ ☆ ☆ ☆

# കൃഷിയും ജലസേചനവും

കേരളത്തിന്റെ പൊതുവായ സ്വഭാവം തന്നെയാണ് ഉഴമലയ്ക്കൽ പഞ്ചായത്തിലെ കാർഷികമേഖലയിൽ പ്രകടമായി കാണുന്നത്. ഒരു കാർഷിക മലയോര ഗ്രാമമാണ് ഉഴമലയ്ക്കൽ, കേരളം എന്ന പേര് നമ്മുടെ സംസ്ഥാനത്തിനു സിദ്ധിച്ചതു കേരവൃക്ഷങ്ങളാൽ നിബിഡമായ കൃഷിഭൂമി ആയതുകൊണ്ടാണ്. തെങ്ങോലത്തണലിനാൽ സമൃദ്ധമായ പഞ്ചായത്തായിരുന്നു ഉഴമലയ്ക്കൽ. ഇന്ന് ആ സ്ഥാനം റബ്ബർ കൃഷികൈയ്യടക്കിയിരിക്കുകയാണ്. തെങ്ങിനും റബ്ബറിനും പുറമേ മരച്ചീനി പച്ചക്കറികൾ, വാഴ, മുരിങ്ങ, വെറ്റില, മറ്റു ഫലവൃക്ഷങ്ങൾ (പേര, മാവ്, പുളി, ആഞ്ഞിലി മുതലായവ), നെൽകൃഷി, പയറ്, ഉഴുന്ന്, വാഴ, അങ്ങിങ്ങായി കൊക്കോ, ഗ്രാമ്പ്, പുഷ്പ കൃഷി മുതലായവയാണ് പഞ്ചായത്തിന്റെ മുഖ്യമായ കാർഷിക വിളകൾ. പഞ്ചായത്തിലെ കാർഷിക പുരോഗതിയുടെ സുപ്രധാനമായ ഒരു കാൽവയ്പായിരുന്നു 1987 സെപ്തംബർ മാസം 1-ാം തീയതി ആരംഭിച്ച ഉഴമലയ്ക്കൽ കൃഷിഭവൻ.

നമ്മുടെ പ്രതിശീർഷ കൃഷിഭൂമിയുടെ ലഭ്യത ശരാശരി 0.08 ഹെക്ടർ മാത്രമാണ്. പൊതുവിൽ പറഞ്ഞാൽ നമ്മുടെ കാർഷികരംഗത്തെ വളർച്ചയ്ക്കായി സമ്മിശ്രകൃഷിയെ പ്രോത്സാഹിപ്പിക്കുകയാണ് വേണ്ടത്. ഇതുവഴി ഒരു വിളയിൽനിന്നല്ലെങ്കിൽ മറ്റൊരു വിളയിൽനിന്നും കൃഷിക്കാരന് ആദായം ലഭിക്കുന്നുന്നതിനുള്ള സാധ്യത വർദ്ധിപ്പിക്കാം എന്നുമാത്രമല്ല പരിമിതമായ കൃഷിഭൂമിയിൽനിന്നും പരമാവധി ആദായം ലഭ്യമാക്കുവാൻ സാധിക്കുകയും ചെയ്യും.

കാർഷികമേഖല ഒരു പ്രധാനതൊഴിൽ രംഗമായിത്തന്നെ കണ്ടിരുന്ന സ്ഥാനത്ത് വമ്പിച്ച കൊഴിഞ്ഞുപോക്കാണ് കാണാനായി കഴിയുന്നത്. കൃഷിയിലാണെങ്കിൽ റബ്ബർ കൃഷിയിലേക്ക്, പൊതുവിൽ നിർമ്മാണ രംഗത്തേയ്ക്കും ചേക്കേറുന്ന ഒരു കർഷകതൊഴിലാളി പ്രവണതയാണ് ഈ പഞ്ചായത്തിൽ ഉള്ളത്.

നെൽകൃഷി വ്യാപകമായി കണ്ടിരുന്ന ഈ പഞ്ചായത്തിൽ ആ കൃഷി വളരെ നാമമാത്രമായിത്തീർന്നിരിക്കുകയാണ്. ഇതിന്റെ കാരണം പരിശോധിച്ചാൽ ഈ മേഖലയിലെ അമിതമായ ഉല്പാദന ചിലവാണ് എന്നു മനസിലാക്കാൻ കഴിയും. തെങ്ങും മറ്റു വിളകളും നൽകുന്ന സാമ്പത്തിക ലാഭവുമായി തട്ടിച്ചുനോക്കുമ്പോൾ റബ്ബർ കൃഷി വളരെ ആദായകരമായതിനാൽ ഈ കൃഷിയിലേക്കാണ് കൂടുതൽ ആളുകളും വ്യാപൃതമായിരിക്കുന്നത്. കേരളത്തിലെ മരച്ചീനിയുടെ ഉല്പാദനത്തിൽ ഏറ്റവും കൂടുതൽ സംഭാവനചെയ്തിരിക്കുന്നത് നെടുമങ്ങാട് താലൂക്കാണ്. താലൂക്കിൽ ഉഴമലയ്ക്കൽ പഞ്ചായത്ത് ഈ രംഗത്ത് ഗണ്യമായ സംഭാവനയാണ് നല്കിയിരിക്കുന്നത്. ഈ കൃഷിയും റബ്ബർ കൃഷിയുടെ വരവോടുകുടി അസ്തമിച്ചതായി കാണുന്നു. കുരുമുളക് കൃഷിയും ഈ പഞ്ചായത്തിൽ വളരെ സമൃദ്ധമായിരുന്നു. അതും റബ്ബറിന്റെ വരവോടുകൂടി നാമമാത്രമായിത്തീർന്നിരിക്കുകയാണ്.

തികച്ചും മഴയെ മാത്രം ആശ്രയിച്ചാണ് ഈ പഞ്ചായത്തിന്റെ കാർഷിക മേഖലയുടെ നിലനില്പ്. മറ്റു ജലസേചന മാർഗ്ഗങ്ങളാണ് കിണർ, കുളങ്ങൾ, പമ്പുസെറ്റുകൾ ഉപയോഗിച്ചുള്ള ജലസേചനം മുതലായവ. തോടുകൾ വേനൽക്കാലാരംഭത്തോടുകൂടിത്തന്നെ വരണ്ടുപോകുന്നു. വേനൽക്കാലത്തും ജലലഭ്യതയുള്ള കരമനയാർ കാർഷിക ജലസേചനത്തിനായി ഇന്നേവരെ ഉപയുക്തമാക്കിയിട്ടില്ല. ഇതിനുള്ള നടപടികൾ ഉണ്ടാവുകയാണെങ്കിൽ നമ്മുടെ ജലസേചനരംഗം സമ്പുഷ്ടമാക്കാനായി കഴിയും.

കൈതതുംമുല നിർമ്മിപ്രദേശം ഈ പഞ്ചായത്ത് പ്രദേശത്താണ് സ്ഥിതിചെയ്യുന്നത്. ഈ

പദ്ധതി കാർഷികമേഖലയുടെ സമഗ്രപുരോഗതി ലക്ഷ്യമിട്ടാണ് ആരംഭിച്ചിരിക്കുന്നത്. എന്നാലും ഇതിന്റെ പ്രവർത്തനം പരിശോധിക്കുകയാണെങ്കിൽ ഉദ്ദേശിച്ചതരത്തിലുള്ള പുരോഗതി സാധ്യമായിട്ടില്ല എന്നു കാണാൻ കഴിയും. ഈ പദ്ധതി അനുസരിച്ചിട്ടുള്ള ജലസേചനസംവിധാനങ്ങൾ നമ്മുടെ സംസ്ഥാനത്ത് പ്രത്യേകിച്ച് പഞ്ചായത്തിൽ യോജിച്ചതല്ല എന്നാണ് അനുഭവം തെളിയിച്ചിരിക്കുന്നത്. ഉദാഹരണമായി ഈ പരിപാടി അനുസരിച്ച് നിർമ്മിച്ചിട്ടുള്ള ചെക്കുഡാമുകൾ എല്ലാംതന്നെ മഴക്കാലത്ത് ഒലിച്ചുപോയിരിക്കുകയാണ്. ഇതിനുകാരണം ലോകോസ്റ്റിന്റെ പേരിൽ സിമന്റ് ചെക്കുഡാം നിർമ്മാണത്തിനായി ഉപയോഗിക്കുന്നില്ല എന്നതു തന്നെ. ഈ സംവിധാനം നമ്മുടെ പഞ്ചായത്തിന്റെ നീരൊഴുക്കിന്റെ സ്വഭാവത്തിനനുസരിച്ച് പരിഷ്ക്കരിക്കേണ്ടതായിട്ടുണ്ട്.

ജലസേചനസൗകര്യങ്ങൾ പുഷ്ടിപ്പെടുത്തിയാൽ മാത്രമേ നമ്മുടെ കാർഷികമേഖലയെ സംപുഷ്ടമാക്കിത്തീർക്കാൻ കഴിയൂ. അതിനുവേണ്ടി നെൽപ്പാടങ്ങൾക്ക് മുകളിലായി തലകുളം നിർമ്മിക്കേണ്ടത് ആണ്. പഞ്ചായത്ത് കുളങ്ങളിൽ പമ്പുസെറ്റുകൾ സ്ഥാപിച്ച് ജലസേചനം സുഗമമാക്കണം. ടിപ്പ് ഇറിഗേഷൻ സ്പ്രിംഗ്ളർ സംവിധാനം, പമ്പുസെറ്റ് വച്ചുള്ള ജലസേചനം ഇവ വ്യാപകമാക്കണം. (1) കിണറുകളുടെ എണ്ണം വർദ്ധിപ്പിക്കുക, (2) തോടുകളിൽ സിമന്റുപയോഗിച്ചു ചെക്കുഡാമുകൾ നിർമ്മിക്കുക, (3) സംഭരണവിയർ, (4) വിസിബി എന്നിവ സ്ഥാപിച്ച് ജലസേചനം ശക്തമാക്കണം.

## മണ്ണ്

നമ്മുടെ പഞ്ചായത്തിലെ പ്രധാനപ്പെട്ട മണ്ണിനങ്ങളാണ് പാറ മണ്ണ്, കരിമണ്ണ്, ചെമ്മണ്ണ്, ചെളിമണ്ണ്, കട്ടയ്ക്കാൽ മണ്ണ്, മണൽമണ്ണ്, ചരൽ കലർന്ന മണ്ണ്, കള്ളിമണ്ണ് മുതലായവ, മണ്ണുപരിശോധനയുടെ ആവശ്യം കാർഷികസംപുഷ്ടിക്ക് അനിവാര്യമാണ്. അതിനുള്ള സംവിധാനം കൃഷിഭവൻ മുഖേന എല്ലാ പ്രദേശത്തും വർഷാവർഷം നടത്തേണ്ടതാണ്. അതുപോലെ മണ്ണിന്റെ സ്വഭാവം അനുസരിച്ചുള്ള വളപ്രയോഗത്തിന് കൃഷിക്കാർക്ക് ശാസ്ത്രീയമായി തന്നെ കാർഷിക ഉദ്യോഗസ്ഥന്മാർ നിർദ്ദേശം നൽകേണ്ടതുണ്ട്. മണ്ണൊലിപ്പ് തടയേണ്ടത് ഈ രംഗത്തെ ഏറ്റവും പ്രധാനമായ ആവശ്യമാണ്. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ കൃഷിയിടങ്ങളുടെ മണ്ണൊലിപ്പ് വ്യാപകമായി അനുഭവപ്പെടുന്നുണ്ട്. മണ്ണൊലിപ്പു തടയുന്നതിനുവേണ്ട മണ്ണുസംരക്ഷണ നടപടികൾ അടിയന്തിരമായി നടത്തേണ്ടതാണ്.

### നിർദ്ദേശങ്ങൾ

(1) മണ്ണുസംരക്ഷണവിഭാഗവുമായി കൃഷിക്കാർക്ക് ബന്ധപ്പെടാനുള്ള അവസരം സുഗമമാക്കാനുള്ള ഡിപ്പാർട്ടുമെന്റിന്റെ സഹായം ആവശ്യമുള്ളിടത്ത് അടിയന്തിരമായി എത്തിക്കാനുള്ള സംവിധാനം ഉണ്ടാകണം.

(2) ബണ്ടുകൾ നിർമ്മിക്കുക, രാമച്ചം മുതലായ പുൽവർഗ്ഗങ്ങൾ വച്ചു പിടിക്കുക.

(3) മേൽപ്പറഞ്ഞ പുൽവർഗ്ഗങ്ങൾ ആവശ്യക്കാരന് എത്തിച്ചുകൊടുക്കാനുള്ള സംവിധാനവും ഇതിന്റെ മേന്മയെക്കുറിച്ചു പഠിപ്പിക്കുന്നതിനുള്ള നടപടികളും ആവിഷ്ക്കരിക്കുക.

ആകെ ഉപയോഗിക്കുന്ന വളത്തിന്റെ 65 ശതമാനവും രാസവളങ്ങളാണ്. ബാക്കി പച്ചിലവളങ്ങളും ചാണകവും ആണ് ഉപയോഗിക്കുന്നത്. രാസവളത്തിന്റെ വിലക്കയറ്റം കർഷകരെ വല്ലാതെ വിഷമിപ്പിക്കുന്ന ഒരു പ്രശ്നമാണ്. ഇതിനുപരിഹാരമുണ്ടാകേണ്ടതായിട്ടുണ്ട്. രാസവളപ്രയോഗം കാർഷിക അഭിവൃദ്ധിയ്ക്ക് അഭികാമ്യമെങ്കിലും അമിതമായ പ്രയോഗം മണ്ണിനെ മൃതപ്പെടുത്തുന്നു. ഇത് നിയന്ത്രിക്കേണ്ടതായിട്ടുണ്ട്. ഇതിനുപരിഹാരമായി പാരമ്പര്യമായി ഉപയോഗിച്ചുകൊണ്ടിരുന്ന പച്ചില ജൈവവളങ്ങളുടെ ആവശ്യകതയെക്കുറിച്ചും രാസവളങ്ങളുടെ അമിതമായ ഉപഭോഗംകൊണ്ട് ഉണ്ടാകാവുന്ന അപകടത്തെക്കുറിച്ചും കൃഷിക്കാരെ ബോധവൽക്കരിക്കണം, ജൈവവളങ്ങളും മറ്റും സുഗമമായി ലഭ്യമാക്കാനുള്ള സത്വരനടപടികൾ ആരംഭിക്കണം.

കീടനാശിനികളുടെ അപകടകരമായ ഉപഭോഗം കാർഷിക മേഖലയെ കാർന്നുതിന്നുന്ന ഒരു

അർബുദമായിത്തീർന്നിരിക്കുകയാണ്.. ഇതിന്റെ അപകടത്തെക്കുറിച്ച് ജനങ്ങളെ ബോധ്യപ്പെടുത്തേണ്ടതായിട്ടുണ്ട്. ഇവയുടെ അനിയന്ത്രിതമായ ഉപയോഗംകൊണ്ട് ശത്രുകീടങ്ങളെ മാത്രമല്ല മിത്ര കീടങ്ങളെക്കൂടി നശിപ്പിക്കുന്നതായാണ് കാണുന്നത്. മാത്രമല്ല ഇത് മനുഷ്യനും നിരവധി ആരോഗ്യ പ്രശ്നങ്ങൾകൂടി സൃഷ്ടിക്കും. ഈ നില മാറേണ്ടതായിട്ടുണ്ട്. അതിനായി ശത്രുകീടങ്ങളെ മാത്രം നശിപ്പിക്കുന്ന പാരമ്പര്യ നാടൻ കീടനാശിനിപ്രയോഗം പ്രോത്സാഹിപ്പിക്കേണ്ടതായിട്ടുണ്ട്.

കൃഷിചെയ്യുന്നതിലേക്കാവാശ്യമായ ഉപകരണങ്ങൾ കുറഞ്ഞനിരക്കിൽ ലഭ്യമാക്കുന്നതിനുവേണ്ട സംവിധാനമുണ്ടാകണം. അതുപോലെ സാധാരണ കൃഷിക്കാരന് കൃഷിനടത്തുന്നതിനു വേണ്ട വായ്പ കുറഞ്ഞ പലിശനിരക്കിൽ വിളയിടിന്മേൽ പ്രാഥമിക സഹകരണസംഘം വഴിയോ മറ്റു ബാങ്കുകൾ വഴിയോ നല്കുന്നതിനു സംവിധാനമുണ്ടാകണം. ഉല്പന്നങ്ങൾ സംസ്ക്കരിക്കുന്നതിനും വേണ്ടിയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതായുണ്ട്.

ഇന്ന് നമ്മുടെ കൃഷിക്കാർ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം വിപണന സൗകര്യത്തിന്റെ അപര്യാപ്തതയാണ്. കഷ്ടപ്പെട്ടുല്പാദിപ്പിച്ചു നഷ്ടപ്പെട്ടു വിപണനം നടത്തേണ്ട ഒരു ഗതികേടിലാണ് കൃഷിക്കാർ. ലാഭം മുഴുവൻ ഇടത്തട്ടുകാർ തട്ടിക്കൊണ്ടുപോകുന്നു. ഇത്തരം ഒരു സാഹചര്യത്തിൽ കൃഷിക്കാരന് നിലനിന്നുപോകുക വളരെ ബുദ്ധിമുട്ടാണ്. ആയതിനാൽ ഇതിനുപരിഹാരമായി സർക്കാർ സംവിധാനങ്ങൾവഴിയോ പഞ്ചായത്തുവഴിയോ പ്രാഥമിക സഹകരണ സംഘങ്ങൾ വഴിയോ ഉല്പന്നങ്ങൾ (വാഴക്കുല, പച്ചക്കറി മുതലായവ) വിപണനം നടത്തുവാനുള്ള സംവിധാനം ഉണ്ടാകണം, എന്നാൽ മാത്രമേ ഈ രംഗം സമൃദ്ധമാക്കാനായി കഴിയൂ.

ഓരോ കൃഷിയേയും നിരവധി രോഗങ്ങൾ ബാധിക്കുന്നു. ഇതു മനസിലാക്കി പ്രതിവിധി നിശ്ചയിക്കാൻ കൃഷി ഉദ്യോഗസ്ഥന്മാർ കൃഷിയിടങ്ങൾ സന്ദർശിക്കുകയും വേണ്ടുന്ന നിർദ്ദേശങ്ങൾ നൽക്കുകയും വേണ്ടതാണ്. വളപ്രയോഗത്തിന്റെ കാര്യത്തിലും മേൽപ്പറഞ്ഞരീതി അനിവാര്യമാണ്.

കർഷകസംരംഭങ്ങൾ വഴി പാടശേഖര സമിതി കേരവികസന സമിതികൾ, കുരുമുളക് വികസനസമിതികൾ, റബ്ബർ കൃഷിവികസന സമിതികൾ എന്നിങ്ങനെ പലവിധസംഘടന സംവിധാനങ്ങൾ കൃഷിയുമായി ബന്ധപ്പെട്ടു ഊർജ്ജസ്വലമാക്കേണ്ടതുണ്ട്. ഇത്തരത്തിൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഒരു ജീവനോപാധിയായി തെരഞ്ഞെടുക്കുന്നതിനും ഉതകുന്നവിധത്തിൽ സജ്ജമാക്കേണ്ടതാണ്.

**പഞ്ചായത്തിലെ കാർഷിക വിളകളിലേയ്ക്ക് ഒരു എത്തിനോട്ടം**

**(1) നെൽകൃഷി**

നമ്മുടെ പഞ്ചായത്തിൽ മുൻകാലത്ത് ശക്തമായിരുന്ന നെൽകൃഷി ഇന്നു നാശം നേരിട്ടുകൊണ്ടിരിക്കുകയാണ്. ഈ രംഗത്ത് വർദ്ധിച്ച ഉല്പാദനച്ചെലവ്, തൊഴിലാളികളുടെ ലഭ്യതക്കുറവ്, വളം, കീടനാശിനി എന്നിവയുടെ അമിതമായ വില. ജല ദൗർലഭ്യം, വിപണന സൗകര്യങ്ങളുടെ അഭാവം, വിളവു കുറവ്, കാർഷിക യന്ത്രങ്ങളുടെ അപര്യാപ്തത, സാങ്കേതിക പരിശീലനം ലഭിക്കാത്ത കൃഷിക്കാർ, വിള ഇൻഷ്യുറൻസിന്റെ അഭാവം ഇവയെല്ലാം ഈ രംഗത്ത് കൃഷിക്കാർ നേരിടുന്ന പ്രധാന പ്രതിസന്ധികളാണ്.

നമ്മുടെ പഞ്ചായത്തിൽ 7 ഗ്രൂപ്പ് ഫാമിംഗ് സമിതികളുണ്ട്. (1) തോളൂർ, (2) കോട്ടയാത്തു കളിയൽ (3) കുളപ്പടവാലുർക്കോണം (4) പൂപ്പുറം (5) എലിയാവൂർ (6) പാറയ്ക്കര (7) പുലിയൂർ ഇവയാണ്.

ഈ സമിതികൾ ഒന്നുംതന്നെ ഇന്നു ഒട്ടും പ്രവർത്തനക്ഷമമല്ല. ഇതു പുനസംവിധാനം ചെയ്ത് ശക്തിപ്പെടുത്തേണ്ടത് ആവശ്യമാണ്. കൃഷിഭവനോട് ബന്ധപ്പെട്ട് കുളപ്പട വാലുർക്കോണം സമിതിയ്ക്ക് ഒരു പൗവ്വർ ട്രില്ലറുണ്ട്. ഫലത്തിൽ കൃഷിക്കാരന് യാതൊരുവിധമായ സഹായവും ലഭിക്കുന്നില്ല. കാരണം ഇത് പൂർണ്ണമായും ഒരു സ്വകാര്യ വ്യക്തിയുടെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. ഉദാഹരണമായി [illegible] നിരക്കിലുള്ള കൂലി നിരക്കല്ല ഉഴവിന് ചാർജ്ജുചെയ്യുന്നത്. സമി

തിയോട് കൂലിയെക്കുറിച്ച് ആരായാറില്ല. ഈ നില യിൽനിന്നും സത്വര പരിഹാരം നേടേണ്ടതാണ്. കീട നാശിനി പ്രയോഗത്തിനായി സ്പ്രെയറുകൾ ഉണ്ടെ ങ്കിലും ഒന്നും ഇന്ന് പ്രവർത്തനക്ഷമമല്ല. ഇതിനു അടിയന്തിര നടപടി ഉണ്ടാകണം.

ഈ പഞ്ചായത്തു പ്രദേശത്ത് പ്രധാനമായും കൃഷിചെയ്യുന്ന വിത്തിനങ്ങളാണ് എച്ച്-4, കുറ്റിച്ചേ റാടി, പവിഴം, ഭാരതി, കനകം, ഭദ്ര, ഒ.റ്റി.പി. മുത ലായവ. നെൽകൃഷിയുടെ ശാസ്ത്രീയമായ നടത്തി പ്പിനായി കൃഷി ഉദ്യോഗസ്ഥൻമാർ സമയാസമയങ്ങ ളിൽ പാടശേഖരങ്ങൾ സന്ദർശിച്ച് മാർഗ്ഗനിർദ്ദേശ ങ്ങൾ നൽകേണ്ടതാണ്.

**നിർദ്ദേശങ്ങൾ**

(1) പവ്വർ ട്രില്ലർ, കൊയ്ത്തു-മെതിയന്ത്രങ്ങൾ പഞ്ചായത്തിൽ ആരംഭിച്ചു വ്യാപിപ്പിക്കേണ്ട തുണ്ട്.

(2) സ്പ്രെയറിന്റെ എണ്ണം വർദ്ധിപ്പിച്ച് ഉള്ളവ യുടെ കേടുപാടുകൾ എത്രയും വേഗം തീർക്കേണ്ടതുമാണ്.

(3) മുതുകുണ്ടാൻ കൃഷി കലിംഗിന്റെ ഭാഗത്ത് വെള്ളം കെട്ടിനിന്ന് കൃഷി നശിപ്പിക്കുന്നത് തടയുക.

(4) മുറവാലച്ചിറയിൽ പമ്പ്സെറ്റ് സ്ഥാപിക്കുക.

(5) കുളപ്പടയിൽ സ്ഥിതിചെയ്യുന്ന പഞ്ചായത്ത് കുളത്തിൽ പമ്പ്സെറ്റ് സ്ഥാപിക്കുക.

(6) വാലൂക്കോണം ഏലായിൽ ഒരു തലക്കുളം നിർമ്മിച്ച് ഒരു പമ്പ്സെറ്റ് സ്ഥാപിക്കുക, കൂടാതെ തോട്ടിൽ തടയണകൾ നിർമ്മിക്കുക.

(7) പാമ്പൂർ-പാറയംവിളാകം ഏലായുടെ ബണ്ട് നിർമ്മിക്കുക.

(8) ഏലിയാവൂർ-ഉമ്പ്രംതോട്ടിൽ തടയണക ങ്ങൾ നിർമ്മിക്കുക.

(9) നെൽകൃഷിക്കുള്ള സബ്സിഡി യഥാസമയം ലഭ്യമാക്കാനും പലിശയില്ലാതെ വിളയീടി ന്മേൽ വായ്പസൗകര്യം ഏർപ്പെടുത്തുകയും വേണം

(10) പാറയ്ക്കാര-പുച്ചൻകൊട് ഏലായിൽ തലകുളം നിർമ്മിക്കുക

(11) അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ ലഭിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തു ക.

## II തെങ്ങുകൃഷി

ഈ പഞ്ചായത്തിൽ തെങ്ങുകൃഷി കുറഞ്ഞു വരുകയാണ്. ഒരു ഹെക്ടറിൽ ഉല്പാദനം 5000 എണ്ണ മാണ്. സജീവമല്ലെങ്കിലും ഒരു കേരവികസന സമിതി പ്രവർത്തിക്കുന്നുണ്ട്. തെങ്ങുകൃഷിയ്ക്ക് സർക്കാരിൽ നിന്നും സാമ്പത്തികസഹായവും, വളം കിറ്റുകളും കേരവികസന സമിതികൾ മുഖേന കൃഷിഭവൻ വിതരണം നടത്തുന്നു. പഞ്ചായത്തിൽ പ്രധാനമായും കൃഷിചെയ്തുവരുന്ന തെങ്ങിനങ്ങ ളാണ് നാടൻ ഇനങ്ങൾ, W.C.T., T & D., D & T മുത ലായവ. കാറ്റു വീഴ്ച ബാധിച്ച തെങ്ങുകൾ വെട്ടി മാറ്റിയെങ്കിലും ഇനിയും രോഗം ബാധിച്ചവ രോഗ കാര്യകളായി നിലനില്ക്കുന്നുണ്ട്.

**നിർദ്ദേശങ്ങൾ**

(1) തെങ്ങിൻ പുരയിടങ്ങളിൽ ജലസേചനം വർദ്ധിപ്പിക്കുന്നതിന് കിണർ, പമ്പുസെറ്റ്, ട്രിപ്പ് ഇറിഗേഷൻ മുതലായവ വ്യാപിപ്പിക്കുക.

(2) രോഗം ബാധിച്ച തെങ്ങുകൾ അടിയന്തിര മായി വെട്ടിമാറ്റുന്നതിന് സംവിധാനം ഉണ്ടാ ക്കുക.

(3) നാളികേരത്തിന് ന്യായവില ഉറപ്പുവരുത്തുക കൊപ്രസംസ്കരണ യൂണിറ്റുകൾ സ്ഥാപി ക്കുക.

(4) തെങ്ങിൽ നിന്നും തേങ്ങയിൽ നിന്നും നിർമ്മിക്കാൻ സാധ്യതയുള്ള അനേകം ഉല്പോ ല്പന്നങ്ങളെ കുറിച്ച് കൃഷിക്കാരെ ബോധവ ത്കരിക്കുകയും അവ നടപ്പിലാക്കാനുള്ള സഹായം ലഭ്യമാക്കുകയും ചെയ്യുക.

(5) തെങ്ങിൻ തോപ്പുകളിൽ ഇടവിള കൃഷികൾ പ്രോത്സാഹിപ്പിക്കുക.

(6) കേരവികസന സമിതികൾ കൃഷിക്കാരന്റെ വേദിയാക്കി ശക്തിപ്പെടുത്തുക.

(7) കാലാകാലങ്ങളിൽ കൃഷി ഉദ്യോഗസ്ഥർ തോട്ടം സന്ദർശിച്ച് വേണ്ട നിർദ്ദേശങ്ങൾ നല്കേണ്ടതാണ്.

(8) തെങ്ങിന് ജൈവവളപ്രയോഗം സാർവർത്തികമാക്കുക.

## വാഴകൃഷി

ജലസേചനസൗകര്യം ഉള്ള പ്രദേശങ്ങളിൽ വയൽ നികത്തിയും വീടിനോട് ചേർന്ന് പറമ്പിലും വാഴകൃഷി വ്യാപകമാക്കുക. നമ്മുടെ പഞ്ചായത്തിൽ പ്രധാനമായും കൃഷിചെയ്തുവരുന്ന ഇനങ്ങളാണ് നേന്ത്രൻ, പാളയം കോടൻ, മധുരഅണ്ണാൻ, വെള്ള പാളയം കോടൻ, കപ്പ, കറയണ്ണാൻ, റോബിസ്റ്റോ, മുതലായവ. വാഴകൃഷിക്ക് യോജിച്ച കാലാവസ്ഥയും മണ്ണുമാണ് നമ്മുടെ പ്രദേശം. എങ്കിലും ശരിക്കും പ്രോത്സാഹനം ലഭിക്കുന്നില്ല എന്നതുകൊണ്ട് ഈ രംഗം ചെറിയതോതിലെങ്കിലും മുരടിപ്പ് നേരിടുകയാണ്.

### നിർദ്ദേശങ്ങൾ

(1) വാഴകൃഷിക്കാർക്ക് ആവിശ്യമായ നടിയൽ വസ്തുക്കളും, വളങ്ങളും (രാസവളവും, ജൈവവളവും) സുഗമമായി ലഭിക്കാനുള്ള സംവിധാനം ഉണ്ടാകണം.

(2) സബ്സിഡിയും മറ്റു വായ്പാസൗകര്യങ്ങളും ലഭ്യമാക്കാനുള്ള അടിയന്തിരനടപടി ഉണ്ടാക്കണം.

(3) ശാസ്ത്രീയമായി വാഴകൃഷി ചെയ്യുന്നവിധം കൃഷിക്കാരനെ പരിശീലിപ്പിക്കുകയും, യഥാസമയം വിദഗ്ധൻമാരുടെ നിർദ്ദേശങ്ങളും സഹായങ്ങളും ഉണ്ടാക്കുകയും വേണം.

(4) വാഴകൃഷി നേരിടുന്ന ഏറ്റവും വലിയ പ്രശ്നം വിപണന സൗകര്യം ഇല്ലായ്മയാണ്, ഇടത്തട്ടുകാർ മാർക്കറ്റുകളിൽ കൃഷിക്കാരെ ചൂഷണം ചെയ്യുന്നത് അവസാനിപ്പിക്കുക. സർക്കാർതലത്തിൽ വിപണന സൗകര്യം അടിയന്തിരമായി ലഭ്യമാക്കേണ്ടതുണ്ട്.

## പച്ചക്കറികൃഷി

നമ്മുടെ പ്രദേശത്തെ മണ്ണും, കാലാവസ്ഥയും പക്കക്കറി കൃഷിക്ക് വളരെ യോജിച്ചതാണ്. വീടിനോട് ചേർന്ന് അടുക്കളതോട്ടങ്ങളായി മറ്റു ജലസേചനസൗകര്യം ഉള്ള സ്ഥലങ്ങളിൽ വ്യാപാര അടിസ്ഥാനത്തിലും, കുറഞ്ഞ തോതിലെങ്കിലും കൃഷി ചെയ്തുവരുന്നതായും കാണുന്നു. പ്രധാനമായും, കിഴക്കുപുറം, വാലുകൊണം, നല്ലികുഴി,കുര്യാത്തി, പേരില മുതലായ സ്ഥലങ്ങളിൽ പച്ചക്കറി കൃഷി വ്യാപകമാണ്. പ്രധാനമായും പയർ, പടവലം, പാവൽ, മുരിങ്ങ, കത്തിരി, വെണ്ട, വഴുതന, ചേന, ഇഞ്ചി, ചേമ്പ്, മുളക്, വെള്ളരി, മുതലായവയാണ്. ഈ രംഗം ഇനിയും വിപുലമായ വികസന സാധ്യതയുള്ള മേഖലയാണ്.

### നിർദ്ദേശങ്ങൾ

1. ഈ രംഗം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം കീടങ്ങളുടെ ശല്യമാണ്. ഇത് തടയുന്നതിന് അടിയന്തിരമായി കീടനാശിനി പ്രയോഗം ഒഴിവാക്കി പാരമ്പര്യ നാടൻ കീടനാശിനി പ്രയോഗം ആരംഭിക്കുക.

2. യഥാസമയം വിത്തും വളവും, വിദഗ്ധോപദേശവും ലഭ്യമാക്കാനുള്ള സത്വരനടപടികൾ ഉണ്ടാകണം.

3. ജലസേചന സൗകര്യവും, വായ്പാസൗകര്യവും വർദ്ധിപ്പിക്കുക.

4. സർക്കാർ ഉടമയിലുള്ള വിപണന കേന്ദ്രങ്ങൾ ആരംഭിച്ച് പച്ചക്കറി കൃഷിക്കാരിൽ നിന്ന് നേരിട്ട് ഉത്പന്നങ്ങൾ വിപണനം നടത്തുന്നതിനുള്ള സൗകര്യം ഉണ്ടാകണം. എന്നാൽ മാത്രമേ ഇവരെ ഇടത്തരക്കാരുടെ ചൂഷണത്തിൽ നിന്ന് രക്ഷിക്കാനാവു.

5. ശീമക്കൊന്ന, ചണമ്പു മുതലായവയുടെ കൃഷി വ്യാപിപ്പിച്ച് പച്ചില വളം സുലഭമാക്കുക.

## തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

| | തെങ്ങ് എണ്ണം | | | | | രോഗം ബാധിച്ച തെങ്ങ് | | | | |
|---|---|---|---|---|---|---|---|---|---|---|
| വാർഡ് | തെങ്ങ് കൃഷി | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് വിൽറ്റ് | ലീഫ് റോട്ട് | ബഡ്റൂട്ട് | സ്റ്റെം ബ്ലീഡിംഗ് | മറ്റുള്ളവ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| I | | 4510 | 6851 | 11361 | 677 | 25 | 18 | 20 | | 740 |
| II | | 2362 | 13643 | 16005 | 504 | 13 | 16 | 14 | | 547 |
| III | | 6100 | 8614 | 14714 | 565 | 17 | 11 | 32 | | 625 |
| IV | | 6380 | 13396 | 19776 | 454 | 18 | 17 | 24 | | 515 |
| VI | | 6976 | 7853 | 14829 | 448 | 34 | 13 | 16 | | 513 |
| VI | | 2998 | 6391 | 9389 | 350 | 29 | 12 | 21 | | 412 |
| VII | | 5348 | 16044 | 21392 | 415 | 23 | 14 | 20 | | 472 |
| VIII | | 4914 | 12228 | 17202 | 555 | 30 | 7 | 17 | | 609 |
| IX | | 4000 | 10267 | 14267 | 300 | 26 | 4 | 18 | | 348 |
| X | | 4050 | 10258 | 14308 | 381 | 22 | 9 | 20 | | 432 |

## കൃഷിഭവനിൽ നിന്ന് വതരണം ചെയ്ത നടീൽ വസ്തു വതരണം

| | എണ്ണം | | |
|---|---|---|---|
| ഇനം | 1993-94 | 1994-95 | 1995-96 |
| തെങ്ങ് | 600 | 796 | 735 |
| കശുമാവ് | ——— | ——— | 320 |
| കുരുമുളക് | 2500 | 4500 | 4600 |
| കവുങ്ങ് | 50 | ——— | ——— |
| ജാതി | 100 | ——— | 175 |
| ഗ്രാമ്പു | 30 | 75 | 5 |
| മാവ് | ——— | 50 | 10 |
| പ്ലാവ് | ——— | 60 | 10 |
| വാഴവിത്ത് | 200 | ——— | 3500 |

## ചെറുകിട ജലസേചന തോടുകൾ

| ക്രമ നമ്പർ | തോടിന്റെ പേര് | ആകെ നീളം മീറ്റർ | ശരാശരി മീറ്റർ | സംരക്ഷിക്കപ്പെട്ട തോട്ടിന്റെ നീളം | തൻവർഷം ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1. | പേരില തോട് | 5 കി.മി. | 15 മീറ്റർ | ——— | ——— |
| 2. | പുന്നരിട്ട കോണം തോട് | 2 കി.മി. | 5 മീറ്റർ | ——— | ——— |
| 3. | കുണ്ടയത്തു കോണം തോട് | 1 കി.മി. | 2 മീറ്റർ | 1 കിലോ | ——— |
| 4. | പുപ്പുറം തോട് | 2 കി.മി. | 3 മീറ്റർ | 2 കിലോ | ——— |
| 5. | പാതാരിമൂലതോട് | 2 കി.മി. | 5 മീറ്റർ | ——— | ——— |
| 6. | കിഴക്കുപുറം | 2 കി.മി. | 2½ കിമി | ——— | ——— |
| 7. | വയക്കേകോണം തോട് | 3 കി.മി. | 4 മീറ്റർ | ——— | ——— |
| 8. | ആഴംതോട് | 2½കിമി. | 3 മീറ്റർ | ——— | ——— |
| 9. | പോങ്ങോട് തോട് | 3 കി.മി. | 3 കി.മി. | 2 മീറ്റർ | ——— |
| 10. | വീട്ടിൽകോണം തോട് | 1½ കി.മി. | 1 മീറ്റർ | ——— | ——— |

### പഞ്ചായത്തിലെ കിണറുകളെയും കുളങ്ങളെയും സംബന്ധിച്ച വിവരം

| വാർഡ് | എണ്ണം | | കിണർ |
|---|---|---|---|
| | 10 സെന്റിന് താഴെ | 50 സെന്റിന് മുകളിൽ | |
| 1 | 2 | — | 5 |
| 2 | — | — | 3 |
| 3 | 3 | — | 2 |
| 4 | 1 | 1 | — |
| 5 | 1 | — | 3 |
| 6 | 2 | — | 1 |
| 7 | — | — | 5 |
| 8 | 1 | 1 | 6 |
| 9 | — | — | 3 |
| 10 | — | — | 4 |
| മൊത്തം | 8 | 2 | 32 |

### സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ഉഴമലയ്ക്കൽ 1995-96 സാമ്പത്തിക വർഷത്തിൽ വിതരണം ചെയ്ത വായ്പ തുക

| കാർഷിക വായ്പ | എണ്ണം | തുക |
|---|---|---|
| ഹ്രസ്വകാലം | 1240 | 417220 |
| ദീർഘകാലം | 620 | 332110 |
| ചെറുകിട വ്യവസായം | 1210 | 221700 |
| സ്വയം തൊഴിൽ വായ്പ (P.M.R.Y.ഉൾപ്പെടെ) | 728 | 540700 |
| ദുർബലവിഭാഗങ്ങൾക്കുള്ള വായ്പ | 682 | 211700 |
| ചെറുകിട കച്ചവടം | 227 | 1218100 |
| **നിക്ഷേപം** | | |
| ടേം ഡിപ്പോസിറ്റ് | 1045700 | |
| എസ്.ബി. അക്കൗണ്ട് | 6091762 | |
| ഗിഫ്ട്- ഡിപ്പോസിറ്റ് ക്യാഷ് സിർട്ടിഫിക്കേറ്റ് | 2534 | |

# മൃഗസംരക്ഷണം

മൃഗപരിപാലനരംഗത്ത് കഴിഞ്ഞ രണ്ടു മൂന്നു ദശാബ്ദ കാലത്തിനിടയ്ക്ക് വളരെയധികം പുരോഗതി പ്രാപിച്ചിട്ടുള്ള ഒരു പഞ്ചായത്താണ് ഉഴമലയ്ക്കൽ. അത്യുല്പാദന ശേഷിയുള്ള കന്നുകാലികളുടെ ഉത്പാദനക്ഷമതയിലുണ്ടായ വർദ്ധനവും മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്ന സേവന ഗുണനിലവാരം സാങ്കേതിക വിദ്യയിൽ കൈവരിക്കുന്ന നേട്ടങ്ങൾ പകർച്ചവ്യാധികളുടെ നിർമ്മാർജനം വിജ്ഞാനവ്യാപനം തുടങ്ങിയവയാണ് ഇതിന് കാരണം. എന്നിരുന്നാലും ഈ നേട്ടങ്ങൾ പഞ്ചായത്തിലെ എല്ലാപേരിലേക്കും എത്രത്തോളം എത്തിച്ചേർന്നിട്ടുണ്ട്, എത്രമാത്രം പങ്കാളിത്തമുണ്ടെന്ന് സൂക്ഷ്മമായി പരിശോധിക്കപ്പെടേണ്ടതുണ്ട്.

സാങ്കേതിക വിദ്യയുടെ സഹായത്തോടെ കന്നുകാലികളുടെ ഉത്പാദനക്ഷമത നമുക്ക് വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് സത്യമാണ്. ഇന്ന് ലഭ്യമായിട്ടുള്ള സാഹചര്യങ്ങളിൽ പലപ്പോഴും ഉത്പ്പാദന– നിലവാരം ഉദ്ദേശിക്കുന്ന രീതിയിൽ മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഇതിനു കാരണം പലതാണ്. ഉയർന്ന ജനിതക ഗുണങ്ങൾ ഉള്ള സങ്കര ഇനം കന്നുകാലികൾ പോഷകസമൃദ്ധമായ കാലിത്തീറ്റ ആവശ്യപ്പെടുന്നു എന്നുള്ളതുകൊണ്ടുതന്നെ സാധാരണക്കാരന് അപ്രാപ്യമാണ്. ഈ സാഹചര്യത്തിൽ നൂതന സാങ്കേതിക വിദ്യയുടെ പ്രയോഗം മൃഗങ്ങളുടെ സംരക്ഷണ ചിലവ് വർദ്ധിപ്പിക്കയും, ഉത്പാദനക്ഷമത കുറഞ്ഞതെങ്കിലും നാടൻ കന്നുകാലികളെത്തന്നെ ആശ്രയിക്കുകയും ദുർബല വിഭാഗങ്ങളെ നിർബന്ധിതരാക്കുകയും ചെയ്യുന്നു. അതിനാൽ സാമ്പത്തികമായി താരതമ്യേന മേലേക്കിടയിലുള്ള കർഷകരെ ഉയർന്ന സങ്കരയിനം കന്നുകാലികളെ വളർത്തി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് കഴിയൂ. അനുബന്ധഘടകങ്ങൾ ആയ കാലിത്തീറ്റയുടെ ഉത്പ്പാദനം, ചികിത്സ, ശാസ്ത്രീയമായ പരിപാലന രീതി എന്നിവ വികസിപ്പിക്കുന്നതിൽ എല്ലാ പദ്ധതികളും ഉദ്ദേശിക്കുന്ന രീതിയിൽ ഉയർന്നു വന്നിട്ടില്ല. ഈ മേഖലയുടെ വളർച്ചയ്ക്ക് ഏറ്റവും വിഘാതമായി നിൽക്കുന്നത് കാലിത്തീറ്റയുടെ അമിതമായ വിലകയറ്റവും ആനുപാതികമായി പാലിനുള്ള വിലക്കുറവുമാണ്. ഈ പഞ്ചായത്തിലെ സാധാരണ കർഷകന് കാലിത്തീറ്റ ലഭ്യമാക്കാനുള്ള സംവിധാനങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. കാലിത്തീറ്റയ്ക്ക് വേണ്ടി പരുക്കൻ ധാന്യങ്ങൾ ഉണ്ടാക്കണം. തേങ്ങയാട്ടി വെളിച്ചെണ്ണയാക്കുന്ന പ്രക്രിയ ഇവിടെത്തന്നെ നടപ്പാക്കുകയും അതിന്റെ ഉപോത്പ്പന്നമായ പിണ്ണാക്ക് ഉപയോഗിച്ചുകൊണ്ടുള്ള കാലിത്തീറ്റ നിർമ്മാണം വ്യാപകമാക്കണം. ഇതിലൂടെ കാലിത്തീറ്റ വിലകുറച്ച് കർഷകർക്ക് ലഭ്യമാക്കാനും ഈ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും നമുക്കു സാധിക്കും. ഇതുപോലെതന്നെ കപ്പയുടെ ഉത്പ്പാദനം വർദ്ധിപ്പിക്കുകയും അതുപയോഗിച്ച് കാലിത്തീറ്റ നിർമ്മിക്കുവാനും സാധിക്കും. പച്ചപ്പുല്ല് വെച്ച് പിടിപ്പിക്കാനായി പുൽവിത്തുകൾ വിതരണം ചെയ്യാനും പുൽകൃഷി വ്യാപകമാക്കാനും നാം പരിശ്രമിക്കുകയും പദ്ധതികൾ ആവിഷ്കരിക്കുകയും വേണം.

ഈ പഞ്ചായത്തിൽ ആടുവളർത്തൽ താരതമ്യേന നല്ല രീതിയിൽ നടന്നു വരുന്നു. എന്നിരുന്നാലും ശാസ്ത്രീയവും ആദായകരവുമായും ആടു വളർത്തുന്നതിനുള്ള ലാഭം മനസ്സിലാക്കി ഇതിൽ താത്പര്യമുള്ളവരെ കണ്ടെത്തുകയും വൻതോതിൽ ഈ മേഖലയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. ഏറെ വികേന്ദ്രീകൃതമായി നടത്താവുന്ന പ്രവർത്തനമാണ് ആടുവളർത്തൽ. അഴിച്ചുവിടാൻ മേച്ചിൽ സ്ഥലമുണ്ടെങ്കിൽ അങ്ങിനെയും ഇല്ലെങ്കിൽ ആലയിൽ കെട്ടിയിട്ടും വളർത്താം. കുറഞ്ഞ മുലധനം മറ്റൊരു അനുകൂലസാഹചര്യമാണ്. വീട്ടമ്മമാരുടെയും കുട്ടികളുടെയും അധ്വാനശേഷി ഫലപ്രദ

മായി പ്രയോജനപ്പെടുത്തുകയും ചെയ്യാം.

പന്നിവളർത്തൽ വളരെ അവഗണിക്കപ്പെട്ടുകിടക്കുന്ന മേഖലയാണ് ഇവിടെ. സാമൂഹ്യ വിലക്കുകൾ ഇല്ലാത്ത പ്രദേശങ്ങളിൽ താത്പര്യമുള്ളവർക്ക് വളരെ ആദായകരമായി ചെയ്യാൻ പറ്റുന്ന ഒന്നാണിത്.

ഇറച്ചിക്കോഴി, മുട്ടക്കോഴി, വളർത്തൽ സാമാന്യം ലാഭകരമായി ഇവിടെ നടക്കുന്നുണ്ട്. കോഴിമുട്ടയുടെയും കോഴി ഇറച്ചിയുടെയും ആവശ്യം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇവയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് പദ്ധതികൾ ആവിഷ്ക്കരിക്കുന്നത് ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നുവെന്നതിൽ സംശയമില്ല. എന്നിരുന്നാലും, അടിക്കടി ഉണ്ടാകുന്ന രോഗബാധയ്ക്കെതിരെ പ്രതിരോധനടപടികളെക്കുറിച്ച് ബോധവാനാക്കുകയും പ്രതിരോധമാർഗ്ഗം സ്വീകരിക്കുകയും ചെയ്തില്ലെങ്കിൽ ഉത്പാദനം ഉദ്ദേശിക്കുന്നരീതിയിൽ ആവില്ല. കോഴിത്തീറ്റ ലാഭകരമായി ലഭിക്കാനുള്ള സംവിധാനത്തെപ്പറ്റിയും ചിന്തിക്കേണ്ടിയിരിക്കുന്നു.

പേപ്പട്ടിശല്യം വളരെയധികമായി ഈ പഞ്ചായത്തിൽ കണ്ടുവരുന്നു. പേ വിഷബാധയേറ്റു മരിച്ച മൃഗങ്ങളുടെ എണ്ണം ഈ അടുത്തകാലത്തായിട്ട് വർദ്ധിച്ച് വരുന്നുണ്ട്. ഭീതിയുളവാക്കുന്നതും വളരെ ഗൗരവമായും തന്നെ കാണേണ്ടതുമാണ്. പഞ്ചായത്തിലാകമാനം തെരുവുനായ്ക്കൾ വളരെയധികം പെരുകുകയും വളരെയധികം പേവിഷബാധ നിയന്ത്രണാതീതമായി തുടരുകയും ചെയ്യുന്നു. രണ്ടായിരമാണ്ടോടെ പേവിഷ നിയന്ത്രിതമായ ഗ്രാമം എന്ന ലക്ഷ്യത്തോടെ നമ്മുടെ പഞ്ചായത്ത് സമയബന്ധിതമായി തീവ്രയത്നപരിപാടിയിലൂടെ പേവിഷനിയന്ത്രണപദ്ധതി നടപ്പാക്കേണ്ടതാണ്. മൃഗസമ്പത്തിനോടും, ജനങ്ങളോടും നമുക്കു ചെയ്യാൻ കഴിയുന്ന ഏറ്റവും വലിയ ജീവകാരുണ്യ പ്രവർത്തനമാണ്. ഇതിനായി വളർത്തു നായ്ക്കളെ സൗജന്യമായിപ്രതിരോധകുത്തിവെയ്പിന് വിധേയമാക്കുന്നതോടൊപ്പം തെരുവുനായ്ക്കളെ നശിപ്പിക്കുകയും വളർത്തുനായ്ക്കൾക്ക് ലൈസൻസ് ഏർപ്പെടുത്തുകയും വേണം.

1987-ലെ ലൈവ്സ്റ്റോക്ക് സെൻസസ് അനുസരിച്ച് ഈ പഞ്ചായത്തിലെ സ്ഥിതിവിവരകണക്ക് താഴെ ചേർക്കുന്നു.

| വളർത്തു മൃഗങ്ങളും പക്ഷികളും | | | |
|---|---|---|---|
| | നാടൻ | സങ്കരം | മൊത്തം |
| പശു | 417 | 1146 | 1563 |
| കിടാരി | 258 | 660 | 918 |
| കാള | 63 | 95 | 158 |
| എരുമ | — | 315 | 315 |
| പോത്ത് | — | 55 | 55 |
| ആട് | — | 1086 | 1086 |
| മുട്ടനാട് | — | 425 | 425 |
| പന്നി | — | 21 | 21 |
| കോഴി | 11992 | 1173 | 13165 |
| താറാവ് | — | 178 | 178 |
| പട്ടി | 1421 | 88 | 1509 |

അവലംബം : ലൈവ് സ്റ്റോക്ക് ലൈസൻസ് 1987

ഉഴമലയ്ക്കൽ പഞ്ചായത്തിൽ നിലവിലുള്ള സാഹചര്യത്തിൽ മൃഗചികിത്സയ്ക്ക് വേണ്ടത്ര പ്രാധാന്യം നൽകാൻ പലകാരണങ്ങളാൽ സാധിച്ചിട്ടില്ല. പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയും ഒരു ഐ.സി.സി.പി.സബ്സെന്ററുമാണ് പ്രവർത്തിക്കുന്നത്. സർക്കാർ മൃഗാശുപത്രി 1994 മാർച്ച് 31ാം തീയതി ഉഴമലയ്ക്കൽ സാംസ്ക്കാരിക നിലയത്തിൽ പ്രവർത്തനമാരംഭിക്കുകയും അവിടത്തന്നെ പ്രവർത്തിച്ചുവരികയാണ്. ആശുപത്രിയിൽ വെറ്റിനറി സർജൻ ലൈവ്സ്റ്റോക്ക് അസിസ്റ്റന്റ് അറ്റന്റർ, പാർട്ട് ടൈം സ്വീപ്പർ എന്നീ തസ്തികകൾ ഉണ്ട് ലൈവ് സ്റ്റോക്ക് അസിസ്റ്റന്റിന്റെ തസ്തിക ഒഴിഞ്ഞു കിടക്കുകയാണ്. നേരത്തെ സൂചിപ്പിച്ചതുപോലെ പുതുക്കുളങ്ങര സ്ഥിതിചെയ്യുന്ന ഉഴമലയ്ക്കൽ

സാംസ്ക്കാരിക നിലയത്തിലാണ് മൃഗാശുപത്രി പ്രവർത്തിക്കുന്നത്. മൃഗാശുപത്രിയോട് ചേർന്ന് പൊതു വായനശാലയും റിക്രിയേഷൻ ഹാളും പ്രവർത്തിക്കുന്നത് ആശുപത്രിയ്ക്ക് വളരെയധികം അസൗകര്യങ്ങളും ഉളവാക്കുന്നു. ആശുപത്രിയിൽ വെള്ളത്തിന്റെ ദൗർലഭ്യം അനുഭവപ്പെടുന്നു. അതുപോലെത്തന്നെ ഓപ്പറേഷൻ തീയേറ്റർ സജ്ജീകരിക്കാനായി ഒരു മുറി കന്നുകാലികളെ നിർത്തി പരിശോധിക്കുന്നതിനായി 'ട്രെവിസ്' ചുറ്റുമതിൽ, റെഫ്രിജറേറ്റർ, മൈക്രോസ്കോപ്പ്, ഫോൺ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത ഉറപ്പുവരുത്തണം.

മൃഗാശുപത്രി മുഖേന ചികിത്സാ സർജറി, വന്ധ്യതാ നിവാരണം, രോഗങ്ങൾക്ക് എതിരെയുള്ള കുത്തിവെയ്പ്പ്, റാബീസ് വാക്സിനേഷൻ ബോധവൽക്കരണ സെമിനാറുകൾ മുതലായവ നടത്തിവരുന്നു. കൃത്രിമ ബീജദാനം തുടങ്ങാനുള്ള നടപടികൾ ശരിയായിട്ടില്ലാത്തതിനാൽ ഈ പഞ്ചായത്തിലെ കന്നുകാലി വളർത്തുന്ന കർഷകർ വളരെ ബുദ്ധിമുട്ടനുഭവിക്കുന്നു. അതുപോലെ തന്നെ നിർദ്ധനരായ കർഷകർക്ക് അത്യാവശ്യഘട്ടങ്ങളിൽ ബുദ്ധിമുട്ട് ഉളവാക്കുന്നു.

ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മറ്റൊരു മൃഗസംരക്ഷണ സ്ഥാപനമാണ് ഐ.സി.ഡി.പി. സബ്സെന്റർ. കുളപ്പട ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറും ഒരു പാർട്ട് ടൈം സ്വീപ്പറും ജോലി നോക്കുന്നു. പ്രതിമാസം 4050 വരെ കൃത്രിമ ബീജദാനകുത്തിവയ്പ്പുകളും പ്രഥമ ശുശ്രൂഷയും നടത്തി വരുന്നു. ഈ സ്ഥാപനം വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇവിടെയും കന്നുകാലികളെ നിറുത്തി കൃത്രിമ ബീജദാനം ചെയ്യുന്നതിനുള്ള 'ട്രെവിസ്' ഇല്ലാത്തതുകൊണ്ട് കർഷകരും ഈ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരും വളരെ.ധികം ബുദ്ധിമുട്ടുകൾ സഹിക്കുന്നു. കൂടാതെ പ്രഥമശുശ്രൂഷക്കുള്ള മരുന്നുകളുടെ കുറവും പരിഹരിക്കപ്പെടേണ്ടതായിട്ടുണ്ട്. അതുപോലെതന്നെ മൂന്നുമാസത്തിലൊരിക്കൽ വന്ധ്യതാ നിവാരണ ക്യാമ്പുകൾ സംഘടിപ്പിക്കുന്നത് വളരെ പ്രയോജനകരമായിരിക്കും.

**1994-95- ൽ ഉഴമലയ്ക്കൽ മൃഗാശുപത്രയിൽ നിന്നും വിതരണം ചെയ്ത മൃഗങ്ങളുടെ പട്ടിക**

| ക്രമ നമ്പർ | കൊടുത്തസ്ഥലം മൃഗം | യൂണിറ്റ് | വില ഒരു യൂണിറ്റിന് |
|---|---|---|---|
| 1. | I.H.D.P. കോളനി നല്ലിക്കുഴി | | |
| | (a) ആട് വളർത്തൽ | 5 | 2810 |
| | (b) കിടാരി | 10 | 2500 |
| 2. | I.H.D.P. കോളനി നല്ലിക്കുഴി | | |
| | (a) മുട്ടക്കോഴി വളർത്തൽ | 10 | 980 |
| | (b) ആട് വളർത്തൽ | 5 | 2810 |
| 3. | ഇറച്ചി കോഴി വളർത്തൽ | 62 (3/Unit) | |
| 4. | പന്നി വളർത്തൽ | 5 | 300 |

**1995-96**

| സ്ഥലം | മൃഗം | യൂണിറ്റ് | വില ഒരു യൂണിറ്റ് |
|---|---|---|---|
| ഇരപ്പിൽ കോളനി | ആട് വളർത്തൽ | 6 | 3510 |
| | കിടാരി | 6 | 3343 |
| ഇരപ്പിൽ കോളനി | ആട് വളർത്തൽ | 5 | 3510 |

## പ്രധാന നടപ്പു പദ്ധതികൾ

**1. പദ്ധതിയുടെ പേര്**

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

**ലക്ഷ്യം**

ഉയർന്ന ജനിതക ഗുണമുള്ള പശുക്കുട്ടികൾക്ക് പരിചരണം നൽകി പ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറയ്ക്കുക. ആദ്യപ്രസവം 30-ാം മാസ

ത്തിനുള്ളിൽ സാധ്യമാക്കുക. ഗുണമേൻമയുള്ള കാലിത്തീറ്റ പകുതി വിലയ്ക്കു നൽകുക. പ്രതിരോധ കുത്തിവയ്പുകളും വിര മരുന്നുകളും പകുതി നിരക്കിൽ ലഭ്യമാക്കുക. ഇൻഷ്വറൻസ് സുരക്ഷ നൽകുക.

ഗുണഭോക്താവ് :

പ്രതിമാസ വരുമാനം 900 രൂപയിൽ കവിയാത്ത കർഷകൻ (10 ശതമാനം പട്ടികജാതി പട്ടികവർഗക്കാർക്കും 30 ശതമാനം വനിതകൾക്കും പ്രാതിനിധ്യം വേണം). ഗുണഭോക്താവ് പാൽസഹകരണ സംഘത്തിൽ അംഗമായിരിക്കുന്നത് അഭികാമ്യം.

ലഭിക്കുന്ന സഹായം :

ഒരു കർഷകന് പരമാവധി 4500 രൂപ സബ്സിഡി. ആവശ്യമുള്ള കർഷകർക്ക് ഒരളവു വർഷത്തെ തീറ്റ സബ്സിഡി തുക ബാങ്കുകളിൽ നിന്ന് ലഭിക്കും.

മാനേജീരിയൽ സബ്സിഡിയായി കന്നു കുട്ടി ഒന്നിന് പ്രതിമാസം 66 പൈസ വീതം തീറ്റ വിതരണം ചെയ്യുന്ന സംഘത്തിന് ലഭിക്കും. വെറ്ററിനറി സർജൻ / വെറ്ററിനറി സർജൻ കാഫ് ഫീഡ് സബ്സിഡി.

ആരെ സമീപിക്കണം

ഗ്രാമപഞ്ചായത്ത് / വെറ്ററിനറി സർജൻ

1996-97 ലെ വിഹിതം

500.00 ലക്ഷം രൂപ

മറ്റു വിവരങ്ങൾ

കന്നുകുട്ടികളെ തിരഞ്ഞെടുക്കുമ്പോൾ പ്രായത്തിലും ഇനത്തിലും കൂടുതൽ നിഷ്കർഷത പാലിക്കുക. കർശനമായി മൂന്നു മാസം കൂടുമ്പോൾ ആരോഗ്യപരിശോധന നടത്തുക.

2. പദ്ധതിയുടെ പേര്

പേവിഷനിർമാർജ്ജന പദ്ധതി

ലക്ഷ്യം

ഘട്ടം ഘട്ടമായി പേവിഷബാധ നിർമാർജനം ചെയ്യുക. പേവിഷത്തിനെതിരെയുള്ള വാക്സിൻ പകുതി വിലയ്ക്ക് വിതരണം ചെയ്യുക. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ അലയുന്ന നായ്ക്കളെ നശിപ്പിക്കുക. വളർത്തു നായ്ക്കളെ പ്രതിരോധ കുത്തിവയ്പിനു വിധേയമാക്കി രജിസ്റ്റർ ചെയ്യുകയും ലൈസൻസ് എടുക്കുകയും ചെയ്യുക.

ഗുണഭോക്താവ്

പൊതുജനം

ലഭിക്കുന്ന സഹായം

മൃഗാശുപത്രികളിലൂടെ വാക്സിൻ ലഭിക്കുന്നു

ആരെ സമീപിക്കണം

വെറ്ററിനറി സർജൻ

ഏത് ഏജൻസി / ഏത് തട്ട്

ഗ്രാമപഞ്ചായത്ത് / വെറ്ററിനറി സർജൻ

1996-97 ലെ വിഹിതം

400.00 ലക്ഷം രൂപ

ഗുണനിലവാരം മെച്ചപ്പെടുത്താനുള്ള നിർദ്ദേശം

പേ വിഷബാധയെപ്പറ്റി ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി പഞ്ചായത്തുതലത്തിൽ സെമിനാറുകൾ, ചർച്ചാക്ലാസുകൾ, ശ്വാന പ്രദർശനങ്ങൾ മുതലായവ നടത്തുക. പഞ്ചായത്ത് തലത്തിൽ തെരുവ് നായ്ക്കളെ ഇല്ലായ്മ ചെയ്യുക. കുത്തിവയ്പിനും ലൈസൻസ് നൽകുന്നതിനുമുള്ള നിയമങ്ങൾ കർശനമായി നടപ്പാക്കുക.

3. പദ്ധതിയുടെ പേര്

ആടു വളർത്തൽ

ലക്ഷ്യം

മലബാറി ആടുകളുടെ വംശനാശം ഒഴിവാക്കുവാൻ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ പ്രജ

പെട്ടെന്ന് തടിവക്കുന്നതുമായ പന്നിക്കുട്ടികളെ വ്യാപനം ചെയ്യുക

**ലഭിക്കുന്ന സഹായം**

ഗുണഭോക്താവിന് രണ്ട് പന്നികുഞ്ഞുങ്ങളെ വീതം വീട്ടിൽ എത്തിച്ചു കൊടുക്കുന്നു.

(25 സബ്സിഡി ഓരോ പന്നിക്കും പരമാവധി 100 രൂപ)

**ആരെ സമീപിക്കണം**

വെറ്ററിനറി സർജൻ

**ഏത് ഏജൻസി / ഏത് തട്ട്**

വെറ്ററിനറി സർജൻ / ഗ്രാമപഞ്ചായത്ത്

**1996 -97 ലെ വിഹിതം**

100.00 ലക്ഷം രൂപ.

**നടപ്പു പദ്ധതിയിലെ പോരായ്മകൾ**

1. ഓരോ വർഷവും പ്രതിരോധത്തിനാവശ്യമായ വാക്സിൻ വാങ്ങാനുള്ള പദ്ധതി വിഹിതം ലഭിക്കുന്നില്ല.
2. ആടുവളർത്തൽ പദ്ധതിക്കായി വേണ്ടത്ര ആട്ടിൻകുട്ടികളെ ലഭ്യമാക്കാനുള്ള പ്രയാസം.
3. പന്നിവളർത്തൽ പദ്ധതിയിൽ ആവശ്യമായ പന്നികുഞ്ഞുങ്ങളെ ലഭ്യമാക്കുവാൻ കഴിയുന്നില്ല.
4. വീട്ടുവളപ്പിലെ കോഴിവളർത്തലിലും നല്ല യിനം കോഴിക്കുഞ്ഞുങ്ങളുടെ ദൗർലഭ്യം പ്രശ്നമാണ്.
5. ഇറച്ചിക്കോഴി വളർത്തൽ നടത്തുന്ന കർഷകർ അസംഘടിതരാണ്.

**പരിഹാരങ്ങൾ**

1. പേ വിഷ നിർമ്മാർജനത്തിനായ് സംസ്ഥാന തല പേവിഷ നിയന്ത്രണ സെൽ വിപുലീകരിക്കുകയും ഓരോ വർഷവും പ്രതിരോധ കുത്തിവയ്പ് നടത്തുകയും ചെയ്യണം.
2. സ്വകാര്യസ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ആട്ടിൻകുട്ടികളെ ഉത്പാദിപ്പിച്ച് വിതരണം ചെയ്യാൻ ശ്രമിക്കണം.
3. സർക്കാർ ഫാമുകളിൽ പന്നിവളർത്തൽ ഊർജ്ജിതപ്പെടുത്തുക സ്വകാര്യസ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ പന്നിക്കുട്ടികളെ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുക.
4. ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ രണ്ട് മാസം വരെ വളർത്തി പൊതുജനങ്ങൾക്ക് വിതരണം ചെയ്യാൻ കഴിയുന്ന 'എഗ്ഗർ നേഴ്സറി" പദ്ധതി വ്യാപകമാക്കുകയും കൂടുതൽ ഹാച്ചറി യൂണിറ്റുകൾ സ്ഥാപിക്കുകയും ചെയ്യുക.
5. പ്രാദേശിക സഹകരണ സംഘങ്ങൾ രൂപീകരിച്ച് ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി മുന്നോട്ട് പോയാലെ ഇറച്ചി കോഴി വളർത്തുന്നത് ലാഭകരമാകയുള്ളൂ.

**പൊതുനിർദ്ദേശങ്ങൾ**

**1. മിനി ഡയറി യൂണിറ്റുകൾ**

മൂന്ന് പശുക്കൾ അടങ്ങുന്നതാണ് ഈ യൂണിറ്റ്. പദ്ധതിയുടെ പകുതി ബാങ്ക് വായ്പ, നാലിലൊന്ന് ധനസഹായം ബാക്കി ഗുണഭോക്താവിന്റെ വിഹിതം.

**2. വീട്ടുമുറ്റത്തെ കോഴിവളർത്തൽ**

45 ദിവസം പ്രായമുള്ള അഞ്ച് മുട്ടക്കോഴി കുഞ്ഞുങ്ങളെ വീതം നല്കാം. അടുക്കളയിലെ ആഹാരാവിശ്ഷടങ്ങൾ ആഹാരമായി നല്കി വളർത്താം. ഈ പഞ്ചായത്തിൽ കുറഞ്ഞത് 1000 യൂണിറ്റുകൾ സ്ഥാപിക്കാം. സർക്കാർ ഫാമുകളിൽ നിന്നോ, എഗ്ഗർ നഴ്സറികളിൽ നിന്നോ കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കാം.

**3. ഇറച്ചിക്കോഴി വളർത്തൽ**

മാംസോത്പാദനത്തിനായി ബ്രോയിലർ

കോഴികളെ 8 ആഴ്ചവരെ വളർത്തി വിപണനം ചെയ്യുന്ന പദ്ധതി. സ്ത്രീകളുടെയും കുട്ടികളുടെയും ഒഴിവുസമയം ഉപയോഗപ്പെടുത്തി രണ്ടാഴ്ചയിലൊരിക്കൽ 250 ഇറച്ചിക്കോഴികളെ വില്പനയ്ക്കു സജ്ജമാക്കുന്നു. സർക്കാർ ഫാമുകളിൽ നിന്നോ സ്വകാര്യഹാച്ചറികളിൽ നിന്നോ കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കാം.

**4. ആടുവളർത്തൽ**

രണ്ട് ആട് അടങ്ങുന്ന യൂണിറ്റ്

പദ്ധതി പകുതി ബാങ്ക് വായ്പ, നാലിലൊന്ന് ധനസഹായം ബാക്കി ഗുണഭോക്താവിന്റെ വിഹിതം.

**5. പേ വിഷനിയന്ത്രണം**

സൗജന്യമായി പേ വിഷബാധക്കുള്ള പ്രതിരോധകുത്തിവയ്പ് നടത്തുന്നു. തെരുവ് നായ്ക്കളെ നശിപ്പിക്കുകയും, വളർത്തു നായ്ക്കൾക്ക് കർശനമായി ലൈസൻസ് നടപ്പിലാക്കുകയും ചെയ്യുന്നു. പേ വിഷബോധവൽക്കരണവും വ്യാപകമാക്കുന്നു.

**6. പന്നിവളർത്തൽ**

അഞ്ച് പെൺപന്നികളും ഒരു ആൺപന്നിയുമടങ്ങിയ ഒരു യൂണിറ്റോ, മാംസാവശ്യത്തിനായി രണ്ടു പന്നിക്കുഞ്ഞുങ്ങളടങ്ങിയ യൂണിറ്റോ തുടങ്ങാം. ഹോട്ടൽ അവശിഷ്ടങ്ങൾ, പച്ചക്കറി മാർക്കറ്റിലെ അവശിഷ്ടങ്ങൾ എന്നിവ ശാസ്ത്രീയമായി സംസ്ക്കരിച്ചാൽ ഇവ പന്നിത്തീറ്റയാക്കുന്നതോടൊപ്പം മാലിന്യ ദുരീകരണവും സാധ്യമാക്കുന്നു.

**7. കാളകുട്ടി പരിപാലനം**

രണ്ട് മൂന്ന് മാസം പ്രായമായ 5 കാളക്കുട്ടികളെ തിരഞ്ഞെടുത്ത് 12 മാസം വരെ ശാസ്ത്രീയമായി പരിചരിച്ച് മാംസാവശ്യത്തിനായി ഉപയോഗിക്കുന്നു. ഇൻഷുറൻസ് പരിരക്ഷ നല്കുന്നത് നല്ലതായിരിക്കും.

**8. താറാവ് വളർത്തൽ**

ഒരു കർഷകന് 1 മാസം പ്രായമുള്ള 20 താറാവുകളെ വിതരണം ചെയ്യാം. താറാവ് നഴ്സറിയിൽ നിന്നും താറാവു കുഞ്ഞുങ്ങളെ ലഭ്യമാക്കാവുന്നതാണ്.

**9. കന്നുകാലിതീറ്റ**

കന്നുകാലിതീറ്റ റേഷനിംങ്ങ് സമ്പ്രദായം വഴി പകുതി വിലക്ക് മാവേലി സ്റ്റോർ വഴി വിപണനം ചെയ്യാൻ സർക്കാരിനോട് ശുപാർശ ചെയ്യാവുന്നതാണ്.

**10. പാൽ സൊസൈറ്റി**

ക്ഷീരോൽപാദകർക്കായി പാൽ വിപണന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി ഒരു പാൽ സൊസൈറ്റി (എ.പി.സി.ഒ.എസ്) ആശുപത്രിയോട് ചേർന്നോ അല്ലാതെയോ തുടങ്ങാനായി നടപടി എടുക്കാം.

**11. പഞ്ചായത്ത് ട്രയിനിംങ്ങ് സെന്റർ**

മൃഗസംരക്ഷണ വകുപ്പിലെ നൂതന സാങ്കേതിക വിദ്യകളും, ശാസ്ത്രീയ മൃഗസംരക്ഷണ രീതികളെക്കുറിച്ച് ഈ പഞ്ചായത്തിൽ വന്ന് പഠിപ്പിക്കുവാനുള്ള സൗകര്യം ചെയ്യുന്നത് കർഷകർക്ക് ഉപകാരപ്രദമായിരിക്കും. വകുപ്പിലെ ഉദ്യോഗസ്ഥർ ഈ സെന്ററിൽ വന്ന് ക്ലാസ് എടുക്കാനുള്ള സൗകര്യങ്ങൾ ഉണ്ടാകും.

**12. അനധികൃത കശാപ്പ്**

പഞ്ചായത്തിലെ വൃത്തിഹീനവും അനധികൃതവുമായ കശാപ്പ് രീതികൾ നിറുത്തി ശാസ്ത്രീയപരമായ രീതികൾ അവലംബിക്കാൻ ശ്രമങ്ങൾ വേണം.

**13. സംവരണം**

പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് എല്ലാ പദ്ധതികളിലും മുൻഗണനയും പ്രാതിനിധ്യവും ഉറപ്പു വരുത്തുന്നത് നല്ലതാണ്.

**14. സൗജന്യ നിരക്കിൽ ഇൻഷുറൻസ്**

പഞ്ചായത്തിലെ എല്ലാ കർഷകരുടെയും കന്നുകാലികൾക്ക് സൗജന്യ നിരക്കിൽ ഇൻഷുറൻസ് പദ്ധതി ഇൻഷുറൻസ് കമ്പനിയുമായി മാസ്റ്റർ പോളിസി വഴി നടപ്പിലാക്കുന്നത് ആകസ്മികമായി ഉണ്ടാകുന്ന കന്നുകാലി നാശനഷ്ടങ്ങളിൽ നിന്നും

പെട്ടെന്ന് തടിവക്കുന്നതുമായ പന്നിക്കുട്ടികളെ വ്യാപനം ചെയ്യുക

**ലഭിക്കുന്ന സഹായം**

ഗുണഭോക്താവിന് രണ്ട് പന്നികുഞ്ഞുങ്ങളെ വീതം വീട്ടിൽ എത്തിച്ചു കൊടുക്കുന്നു.

(25 സബ്സിഡി ഓരോ പന്നിക്കും പരമാവധി 100 രൂപ)

**ആരെ സമീപിക്കണം**

വെറ്ററിനറി സർജൻ

**ഏത് ഏജൻസി / ഏത് തട്ട്**

വെറ്ററിനറി സർജൻ / ഗ്രാമപഞ്ചായത്ത്

**1996 -97 ലെ വിഹിതം**

100.00 ലക്ഷം രൂപ.

**നടപ്പു പദ്ധതിയിലെ പോരായ്മകൾ**

1. ഓരോ വർഷവും പ്രതിരോധത്തിനാവശ്യമായ വാക്സിൻ വാങ്ങാനുള്ള പദ്ധതി വിഹിതം ലഭിക്കുന്നില്ല.
2. ആടുവളർത്തൽ പദ്ധതിക്കായി വേണ്ടത്ര ആട്ടിൻകുട്ടികളെ ലഭ്യമാക്കാനുള്ള പ്രയാസം.
3. പന്നിവളർത്തൽ പദ്ധതിയിൽ ആവശ്യമായ പന്നികുഞ്ഞുങ്ങളെ ലഭ്യമാക്കുവാൻ കഴിയുന്നില്ല.
4. വീട്ടുവളപ്പിലെ കോഴിവളർത്തലിലും നല്ലയിനം കോഴിക്കുഞ്ഞുങ്ങളുടെ ദൗർലഭ്യം പ്രശ്നമാണ്.
5. ഇറച്ചിക്കോഴി വളർത്തൽ നടത്തുന്ന കർഷകർ അസംഘടിതരാണ്.

**പരിഹാരങ്ങൾ**

1. പേ വിഷ നിർമ്മാർജനത്തിനായ് സംസ്ഥാന തല പേവിഷ നിയന്ത്രണ സെൽ വിപുലീകരിക്കുകയും ഓരോ വർഷവും പ്രതിരോധ കുത്തിവയ്പ്പ് നടത്തുകയും ചെയ്യണം.
2. സ്വകാര്യസ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ആട്ടിൻകുട്ടികളെ ഉത്പാദിപ്പിച്ച് വിതരണം ചെയ്യാൻ ശ്രമിക്കണം.
3. സർക്കാർ ഫാമുകളിൽ പന്നിവളർത്തൽ ഊർജ്ജിതപ്പെടുത്തുക സ്വകാര്യസ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ പന്നിക്കുട്ടികളെ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുക.
4. ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ രണ്ട് മാസം വരെ വളർത്തി പൊതുജനങ്ങൾക്ക് വിതരണം ചെയ്യാൻ കഴിയുന്ന 'എഗ്ഗർ നേഴ്സറി" പദ്ധതി വ്യാപകമാക്കുകയും കൂടുതൽ ഹാച്ചറി യൂണീറ്റുകൾ സ്ഥാപിക്കുകയും ചെയ്യുക.
5. പ്രാദേശിക സഹകരണ സംഘങ്ങൾ രൂപീകരിച്ച് ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി മുന്നോട്ട് പോയാലെ ഇറച്ചി കോഴി വളർത്തുന്നത് ലാഭകരമാകയുള്ളു.

**പൊതുനിർദ്ദേശങ്ങൾ**

**1. മിനി ഡയറി യൂണിറ്റുകൾ**

മൂന്ന് പശുക്കൾ അടങ്ങുന്നതാണ് ഈ യൂണിറ്റ്. പദ്ധതിയുടെ പകുതി ബാങ്ക് വായ്പ, നാലിലൊന്ന് ധനസഹായം ബാക്കി ഗുണഭോക്താവിന്റെ വിഹിതം.

**2. വീട്ടുമുറ്റത്തെ കോഴിവളർത്തൽ**

45 ദിവസം പ്രായമുള്ള അഞ്ച് മുട്ടക്കോഴി കുഞ്ഞുങ്ങളെ വീതം നല്കാം. അടുക്കളയിലെ ആഹാരാവിശ്ഷടങ്ങൾ ആഹാരമായി നല്കി വളർത്താം. ഈ പഞ്ചായത്തിൽ കുറഞ്ഞത് 1000 യൂണിറ്റുകൾ സ്ഥാപിക്കാം. സർക്കാർ ഫാമുകളിൽ നിന്നോ, എഗ്ഗർ നഴ്സറികളിൽ നിന്നോ കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കാം.

**3. ഇറച്ചിക്കോഴി വളർത്തൽ**

മാംസോത്പാദനത്തിനായി ബ്രോയിലർ

കോഴികളെ 8 ആഴ്ചവരെ വളർത്തി വിപണനം ചെയ്യുന്ന പദ്ധതി. സ്ത്രീകളുടെയും കുട്ടികളുടെയും ഒഴിവുസമയം ഉപയോഗപ്പെടുത്തി രണ്ടാഴ്ചയിലൊരിക്കൽ 250 ഇറച്ചിക്കോഴികളെ വില്പനയ്ക്കു സജ്ജമാക്കുന്നു. സർക്കാർ ഫാമുകളിൽ നിന്നോ സ്വകാര്യഹാച്ചറികളിൽ നിന്നോ കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കാം.

**4. ആടുവളർത്തൽ**

രണ്ട് ആട് അടങ്ങുന്ന യൂണിറ്റ്

പദ്ധതി പകുതി ബാങ്ക് വായ്പ, നാലിലൊന്ന് ധനസഹായം ബാക്കി ഗുണഭോക്താവിന്റെ വിഹിതം.

**5. പേ വിഷനിയന്ത്രണം**

സൗജന്യമായി പേ വിഷബാധക്കുള്ള പ്രതിരോധകുത്തിവയ്പ് നടത്തുന്നു. തെരുവ് നായ്ക്കളെ നശിപ്പിക്കുകയും, വളർത്തു നായ്ക്കൾക്ക് കർശനമായി ലൈസൻസ് നടപ്പിലാക്കുകയും ചെയ്യുന്നു. പേ വിഷബോധവൽക്കരണവും വ്യാപകമാക്കുന്നു.

**6. പന്നിവളർത്തൽ**

അഞ്ച് പെൺപന്നികളും ഒരു ആൺപന്നിയുമടങ്ങിയ ഒരു യൂണിറ്റോ, മാംസാവശ്യത്തിനായി രണ്ടു പന്നിക്കുഞ്ഞുങ്ങളടങ്ങിയ യൂണിറ്റോ തുടങ്ങാം. ഹോട്ടൽ അവശിഷ്ടങ്ങൾ, പച്ചക്കറി മാർക്കറ്റിലെ അവശിഷ്ടങ്ങൾ എന്നിവ ശാസ്ത്രീയമായി സംസ്ക്കരിച്ചാൽ ഇവ പന്നിത്തീറ്റയാക്കുന്നതോടൊപ്പം മാലിന്യ ദൂരീകരണവും സാധ്യമാക്കുന്നു.

**7. കാളകുട്ടി പരിപാലനം**

രണ്ട് മൂന്ന് മാസം പ്രായമായ 5 കാളക്കുട്ടികളെ തിരഞ്ഞെടുത്ത് 12 മാസം വരെ ശാസ്ത്രീയമായി പരിചരിച്ച് മാംസാവശ്യത്തിനായി ഉപയോഗിക്കുന്നു. ഇൻഷുറൻസ് പരിരക്ഷ നല്കുന്നത് നല്ലതായിരിക്കും.

**8. താറാവ് വളർത്തൽ**

ഒരു കർഷകന് 1 മാസം പ്രായമുള്ള 20 താറാവുകളെ വിതരണം ചെയ്യാം. താറാവ് നഴ്സറിയിൽ നിന്നും താറാവു കുഞ്ഞുങ്ങളെ ലഭ്യമാക്കാവുന്നതാണ്.

**9. കന്നുകാലിതീറ്റ**

കന്നുകാലിതീറ്റ റേഷനിംങ്ങ് സമ്പ്രദായം വഴി പകുതി വിലക്ക് മാവേലി സ്റ്റോർ വഴി വിപണനം ചെയ്യാൻ സർക്കാരിനോട് ശുപാർശ ചെയ്യാവുന്നതാണ്.

**10. പാൽ സൊസൈറ്റി**

ക്ഷീരോൽപാദകർക്കായി പാൽ വിപണന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി ഒരു പാൽ സൊസൈറ്റി (എ.പി.സി.ഒ.എസ്) ആശുപത്രിയോട് ചേർന്നോ അല്ലാതെയോ തുടങ്ങാനായി നടപടി എടുക്കാം.

**11. പഞ്ചായത്ത് ട്രയിനിംങ്ങ് സെന്റർ**

മൃഗസംരക്ഷണ വകുപ്പിലെ നൂതന സാങ്കേതിക വിദ്യകളും, ശാസ്ത്രീയ മൃഗസംരക്ഷണ രീതികളെക്കുറിച്ച് ഈ പഞ്ചായത്തിൽ വന്ന് പഠിപ്പിക്കുവാനുള്ള സൗകര്യം ചെയ്യുന്നത് കർഷകർക്ക് ഉപകാരപ്രദമായിരിക്കും. വകുപ്പിലെ ഉദ്യോഗസ്ഥർ ഈ സെന്ററിൽ വന്ന് ക്ലാസ് എടുക്കാനുള്ള സൗകര്യങ്ങൾ ഉണ്ടാകും.

**12. അനധികൃത കശാപ്പ്**

പഞ്ചായത്തിലെ വൃത്തിഹീനവും അനധികൃതവുമായ കശാപ്പ് രീതികൾ നിറുത്തി ശാസ്ത്രീയപരമായ രീതികൾ അവലംബിക്കാൻ ശ്രമങ്ങൾ വേണം.

**13. സംവരണം**

പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് എല്ലാ പദ്ധതികളിലും മുൻഗണനയും പ്രാതിനിധ്യവും ഉറപ്പുവരുത്തുന്നത് നല്ലതാണ്.

**14. സൗജന്യ നിരക്കിൽ ഇൻഷുറൻസ്**

പഞ്ചായത്തിലെ എല്ലാ കർഷകരുടെയും കന്നുകാലികൾക്ക് സൗജന്യ നിരക്കിൽ ഇൻഷുറൻസ് പദ്ധതി ഇൻഷുറൻസ് കമ്പനിയുമായി മാസ്റ്റർ പോളിസി വഴി നടപ്പിലാക്കുന്നത് ആകസ്മികമായി ഉണ്ടാകുന്ന കന്നുകാലി നാശനഷ്ടങ്ങളിൽ നിന്നും

കർഷകർക്ക് സംരക്ഷണം നല്കുന്നു.

**15. വായ്പസൗകര്യം**

പദ്ധതികൾ നടപ്പിലാക്കുന്നതിനായി ബാങ്ക് വായ്പാ സൗകര്യം മെച്ചപ്പെടുത്തണം. പാൽ സൊസൈറ്റിയും ധനകാര്യസ്ഥാപനങ്ങളും കർഷകനും ചേർന്ന് വായ്പാസംവിധാനം ഉണ്ടാക്കുക.

**16. മൃഗാശുപത്രി സൗകര്യം**

മുൻപറഞ്ഞ എല്ലാ കാര്യങ്ങളുടെയും നടത്തിപ്പിനായി മൃഗാശുപത്രി സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. മൃഗാശുപത്രിയിൽ വികസനസമിതി രൂപീകരിക്കുകയും ആധുനിക സൗകര്യങ്ങൾ മൃഗാശുപത്രിയിൽ ലഭ്യമാക്കുകയും വേണം.

**17. സ്ത്രീകളുടെ പങ്കാളിത്തം**

ഈ മേഖലയിൽ സ്ത്രീകളെ സ്വന്തം വരുമാനമുണ്ടാക്കാൻ പ്രാപ്തരാക്കുന്ന വിധത്തിൽ പരിശീലിപ്പിക്കുകയും പ്രത്യേക പരിഗണന നല്കുകയും വേണം.

കേരളത്തിലെ പ്രാഥമിക മേഖലയിൽ മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ അനുസ്യൂതമായി വികസനം ഉണ്ടായിട്ടുണ്ട്. ഒമ്പതാം പദ്ധതിയിൽ ജനപങ്കാളിത്തത്തോടെ ഉഴമലയ്ക്കൽ ഗ്രാമപഞ്ചായത്ത് മൃഗസംരക്ഷണമേഖലയിലെ വികസനപദ്ധതികൾ ആവിഷ്കരിക്കുകയും അവ യഥാസമയം പൂർണ്ണമായതും അർഹിക്കുന്ന ഗൗരവത്തോടെ നടപ്പിലാക്കാൻ എല്ലാ ശ്രമങ്ങളും നടത്തുകയും ഇവിടുത്തെ മൃഗസംരക്ഷണ രംഗം കുറ്റമറ്റ സാങ്കേതിക വിദ്യയുടെ സഹായത്തോടെ കന്നുകാലികളുടെ വംശവർദ്ധനവും ജനിതക ഗുണമേന്മ വർദ്ധനവും ഉൽപ്പാദന ക്ഷമതാ വർദ്ധനവും സാദ്ധ്യമാക്കാൻ പ്രതിജ്ഞാബദ്ധനുമാണ്.

**രോഗ വിവരങ്ങൾ**

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | ദഹനസംബന്ധമായവ Digestive Disorders | 502 | 12 | 197 | | 29 | 427 | 17 | | | |
| 2. | ശ്വാസകോശസംബന്ധം Respiratory Disease | 60 | 13 | 49 | | | 391 | | | | |
| 3. | ഉപാപചയ സംബന്ധം Metabolic Disease | 48 | 4 | 12 | | | | | | | |
| 4. | ത്വക് രോഗങ്ങൾ (Skin Disease) | 29 | 7 | 5 | | 26 | | | | | |
| 5. | ധാതുലവണങ്ങളുടെ അഭാവം Deficiency Disease | 14 | | | | | | | | | |
| 6. | പരാദരോഗങ്ങൾ Parasitic Disease | 20 | 12 | 28 | | 44 | 24 | | | | |
| 7. | പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ Gynacological Disease | 42 | 17 | 8 | | | | | | | |
| 8. | വന്ധ്യത (Infertility) | 31 | 10 | 5 | | | | | | | |
| 9. | അകിടുവീക്കം (Mastitis) | 57 | 6 | 24 | | | | | | | |
| 10. | മുടന്തൻ പനി (Ephemeral Fever) | 28 | 2 | 20 | | | | | | | |
| 11. | പകർച്ച വ്യാധികൾ (Contagion Disease) | Nil | | | | | | | | | |

**ക്ഷീരവികസനം**

ക്ഷീര കർഷകർക്ക് ശാസ്ത്രീയ പാലുല്പാദനത്തെക്കുറിച്ച് അറിവുപകരുക, ചെറുകിട നാമമാത്ര കർഷകരെയും കർഷകതൊഴിലാളികളെയും ഈ മേഖലയിലേക്ക് ആകർഷിക്കുക, പാലിന്റെ ഉത്പാദനവും ഉപഭോഗവും വർദ്ധിപ്പിക്കുക, കാലി വളർത്തൽ മുഖ്യത്തൊഴിലോ ഉപത്തൊഴിലോ ആയി സ്വീകരിക്കുന്നവരെ പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ക്ഷീര വികസനവകുപ്പിന്റെ പ്രവർത്തനങ്ങൾ.

വെള്ളനാട് ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ഡയറി എക്സറ്റൻഷൻ ആഫീസാണ് എട്ട് ഗ്രാമപഞ്ചായത്തുകളിലും പ്രവർത്തിക്കുന്ന ക്ഷീര സഹകരണസംഘങ്ങളുടെ ഭരണചുമതലയും മറ്റു പ്രവർത്തനങ്ങളും നിയന്ത്രിക്കുന്നത്. പഞ്ചായത്ത് തലത്തിൻ ഡയറിയുടെ (ക്ഷീരവികസനം) ആഫീസ് ഇല്ലാത്തതിനാൽ സ്കീമുകളുടെ നടത്തിപ്പിൽ ഏറെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. പാൽ ഉല്പാദനവും ഉപഭോഗവും വിതരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ടി വകുപ്പിന്റെ കീഴിൽ ഈ പഞ്ചായത്തിൽ രണ്ട് ക്ഷീരസഹകരണ സംഘങ്ങൾ ഉണ്ട് അവ (1) കുളപ്പട ക്ഷീരസംഘം (2) ഉഴമലയ്ക്കൽ ക്ഷീരവ്യവസായ സഹകരണസംഘം.

ഗ്രാമീണ ജനതയുടെ ജീവിതനിലവാരം ഉയർത്തുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ ക്ഷീരവികസന മേഖലയ്ക്ക് അർഹമായ പ്രാധാന്യം നൽകേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ സംഘങ്ങൾ മുഖേന ദിവസവും ശേഖരിക്കുന്നതും ഉത്പ്പാദിപ്പിച്ച് മറ്റുള്ളവർ വിതരണം ചെയ്യുന്നതുമായ പാലിന്റെ ഏകദേശകണക്ക് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ക്ഷീരസംഘങ്ങൾ | - | 215 ലിറ്റർ / ഡേ |
| വ്യക്തികൾ ഉത്പാദിപ്പിച്ച് വിറ്റവ | - | 3225 ലിറ്റർ/ഡേ |
| | | 3440 ലിറ്റർ / ഡേ |

ഓരോ വാർഡിലും ഓരോ ക്ഷീരസംഘം ഉണ്ടായാൽ മാത്രമെ പാൽ ഉത്പാദനവും വിപണനവും കാര്യക്ഷമമാകുവാൻ സാധിക്കുകയുള്ളു. ആയതിനാൽ ഓരോ വാർഡിലും ഓരോ ക്ഷീര സംഘം ആരംഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ക്ഷീരവികസന വകുപ്പിൽ നിലവിലുള്ള പദ്ധതികൾ**

1. ക്ഷീരസമ്പർക്ക പരിപാടി (ചർച്ചാക്ലാസ്സ്)
2. ക്ഷീരോല്പന്ന നിർമ്മാണ പ്രദർശനം
3. മാതൃകാ കാലിത്തൊഴുത്ത് നിർമ്മാണം
4. ധാതുലവണ മിശ്രിതം, വിറ്റാമിൻ എ. വിതരണം
5. ശുചിയായ പാലുത്പാദന കിറ്റ് വിതരണം
6. തീറ്റപുൽ കൃഷിക്ക് വിവിധ പദ്ധതികൾ
7. വാണിജ്യാടിസ്ഥാനത്തിലുള്ള പുൽകൃഷി
8. വയ്ക്കോലിൽ യൂറിയ ചേർക്കൽ
9. എസ്.സി.പി. ആന്റ് റ്റി.എസ്.പി. പദ്ധതി
10. ഹേ, സൈലേജ് എന്നിവയുടെ നിർമ്മാണം
11. ചെറുകിട കാലിത്തീറ്റ ഫാക്ടറി
12. മാതൃകാ ഡയറി യൂണിറ്റ്
13. പാൽ ഉല്പന്ന നിർമ്മാണ യൂണിറ്റ്
14. കൂടാതെ ക്ഷീരസംഘങ്ങൾക്കുള്ള വിവിധ സഹായ പദ്ധതികൾ

**പ്രധാന പ്രശ്നങ്ങൾ**

1. കാലിത്തീറ്റയുടെ അനിയന്ത്രിതമായ വിലകയറ്റവും ലഭ്യതകുറവും
2. പച്ചപുല്ലിന്റെ ദൗർലഭ്യം
3. പാൽ ഉല്പാദന ചെലവിന് അനുസൃതമായ വില ലഭ്യമല്ലാത്തത്

4. പാൽ വിപണനത്തിനുള്ള അസൗകര്യം

5. പദ്ധതികൾ നല്ല രീതിയിൽ നടത്തുന്നതിന് പഞ്ചായത്തുതലത്തിൽ ക്ഷീരവികസന ആഫീസ് ഇല്ലാത്തത്.

**സാദ്ധ്യതകൾ പരിഹാരങ്ങൾ**

1. കാലിത്തീറ്റയുടെ അനിയന്ത്രിതമായ വിലകയറ്റത്തിനും ലഭ്യതക്കുറവിനുമായി ഗ്രാമപഞ്ചായത്തുതലത്തിൽ ചെറുകിട കാലിത്തീറ്റ ഫാക്ടറി നിർമ്മക്കുക. പ്രാദേശികമായി ലഭിക്കുന്ന മരച്ചീനി, ചക്കക്കുരു, പുളിയരി തുടങ്ങിയവ ഇതിനായി ഉപയോഗിക്കുക.

2. പച്ചപ്പുല്ലിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിന് പുൽകൃഷി പ്രോത്സാഹിപ്പിക്കുകയും, വാണിജ്യാടിസ്ഥാനത്തിൽ ആരംഭിക്കുകയും ചെയ്യുക. ഇതിലേക്കായി പുൽവിത്തും, വളവും, സൗജന്യമായി നല്കുക. സൈലേജ്, ഹേ നിർമ്മാണം പ്രോത്സാഹിപ്പിക്കുക.

3. പാൽ വിപണനത്തിനുള്ള അസൗകര്യം - ഇതു പരിഹരിക്കുന്നതിനായി ഒരു വാർഡിൽ ഒരു ക്ഷീര സഹകരണസംഘം ആരംഭിക്കുക.

4. പദ്ധതികൾ കാര്യക്ഷമമായി നടത്തുന്നതിനായി പഞ്ചായത്തടിസ്ഥാനത്തിൽ ഒരു ക്ഷീര വികസന ആഫീസ് തുടങ്ങുക.



# വിദ്യാഭ്യാസം

ഇൻഡ്യൻ സ്വാതന്ത്ര്യത്തിന്റെ ഭാഗമായി പ്രവർത്തിച്ചുവന്ന സാമൂഹികപരിഷ്ക്കരണ പ്രസ്ഥാനങ്ങളും ക്രസ്ത്യൻ മിഷനറികളുമാണ് ഉഴമലയ്ക്കൽ പ്രദേശത്തിന്റെ വിദ്യാഭ്യാസപുരോഗതിയ്ക്ക് അടിത്തറപാകിയത്. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ അക്കാലത്ത് പ്രവർത്തിച്ചിരുന്ന കുടിപള്ളിക്കൂടങ്ങൾ, ഗ്രന്ഥശാലകൾ, വായനശാലകൾ തുടങ്ങിയവയും അനൗപചാരികവിദ്യാഭ്യാസരംഗത്ത് ശ്രദ്ധേയമായ സംഭാവനകൾ നൽകിയിട്ടുണ്ട്.

1924-ൽ പുതുകുളങ്ങരയിൽ ശ്രീ.ജോൺസാർ ആരംഭിച്ച സ്വകാര്യമിഷനറി സ്ക്കൂൾ ആണ് പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം. ഇത് 1962-ൽ പുതുകുളങ്ങര ഗവൺമെന്റ് എൽ.പി.എസ്. ആയി മാറി. തുടർന്ന് 1927-ൽ ലുതർമിഷൻ മുതുവണ്ടാൻകുഴിയിൽ (ചിറ്റുവീട്) എൽ.എം.എൽ.പി.എസ് സ്ഥാപിച്ചു. 1930-ൽ കുളപ്പട കേന്ദ്രമാക്കി പി.കെ. കൃഷ്ണപിള്ള സ്ഥാപിച്ച വിദ്യാലയമാണ് 1942-ൽ കുളപ്പട ഗവൺമെന്റ് എൽ.പി.എസ്. ആയി മാറിയത്. 1952 ജൂൺ രണ്ടാം തീയതി കേവലം 43 വിദ്യാർത്ഥികളോടു കൂടി ശ്രീ.ചക്രപാണി അവർകൾ ആരംഭിച്ച് ഉഴമലയ്ക്കൽ S.N.D.P. 907-ാം നമ്പർ ശാഖയുടെ കീഴിൽ പ്രവർത്തിക്കുന്ന വിദ്യാലയം 1957 മുതൽ പഞ്ചായത്തിലെ ഏക ഹൈസ്ക്കൂൾ ആയി ഉയർത്തി. കൂടാതെ മാണിക്യപുരത്ത് പ്രവർത്തിച്ചുവരുന്ന സെന്റ് തെരാസസ് യു.പി.എസ് പഞ്ചായത്ത് എൽ.പി.എസ്. മരങ്ങാട് ഗവൺമെന്റ് എൽ.പി.എസ്. പരുത്തിക്കുഴി എന്നിവയാണ് ഔപചാരികരംഗത്ത് പ്രവർത്തിക്കുന്ന മറ്റു വിദ്യാലയങ്ങൾ. ആറ് പാരലൽ കോളേജുകൾ ഒരു ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ഒരു കമ്പ്യൂട്ടർ സെന്റർ എന്നിവയും പ്രവർത്തിക്കുന്നു. ഉന്നതവിദ്യഭ്യാസത്തിനോ സാങ്കേതിക വിദ്യഭ്യാസത്തിനോ ആവശ്യമായ സ്ഥാപനങ്ങൾ പഞ്ചായത്തിൽ നിലവിലില്ല. പ്രീഡിഗ്രി വരെയുള്ള പാരലൽ കോളേജുകൾ മാത്രമാണ് ഉന്നതവിദ്യഭ്യാസത്തിനുള്ള ഏകാശ്രയം. ഉപരിപഠനത്തിനായി പഞ്ചായത്തിലെ വിദ്യാർത്ഥികൾ കൂടുതലും നെടുമങ്ങാട്, കാട്ടാക്കട, തിരുവനന്തപുരം എന്നിവിടങ്ങളിലെ കോളേജുകളെയും ആര്യനാട്ട് സ്ഥിതി ചെയ്യുന്ന ഐ.ടി.ഐ. നെടുമങ്ങാട് പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ഐ.ടി.സി കൾ വട്ടിയൂർക്കാവ് പോളിടെക്നിക്ക് എന്നിവയെയും മുഖ്യമായും ആശ്രയിക്കുകയാണ്.

പഞ്ചായത്ത് പ്രദേശത്തുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾക്കു പുറമെ സമീപ പഞ്ചായത്തുകളിലെ ഗവൺമെന്റ് വി.കെ കാണി ഹൈസ്ക്കൂൾ, പനയ്ക്കോട് ഗവൺമെന്റ് ഹൈസ്ക്കൂൾ, ആര്യനാട് ഗവൺമെന്റ് ബോയ്സ് ഹൈസ്ക്കൂൾ, നെടുമങ്ങാട് ടെക്നിക്കൽ ഹൈസ്ക്കൂൾ, നെടുമങ്ങാട് എന്നീ വിദ്യാലയങ്ങളിലും പഠിച്ചുവരുന്നു.

പഞ്ചായത്ത് പ്രദേശത്ത് മിക്ക വിദ്യാലയങ്ങളിലും കഴിഞ്ഞ അഞ്ചു വർഷമായി വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുവരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. ഇതിനു പ്രധാന കാരണം ഇംഗ്ലീഷ് മീഡിയത്തിന്റെ സ്വാധീനവും പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളുടെ പഠനനിലവാരത്തകർച്ചയും ജനനനിരക്കിലുള്ള കുറവുമാണ്. ഇന്ന് ഏകദേശം 200 കുട്ടികൾ നെടുമങ്ങാട് പ്രദേശത്തുള്ള ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിലേയ്ക്ക് പോകുന്നതായി കാണാം.

പഞ്ചായത്തിന്റെ കീഴിൽ ഉള്ള ഒരു നഴസ്റി സ്ക്കൂളും മഹിളാസമാജത്തോടുള്ള മൂന്ന് ബാലവാടികളും 9 സ്വകാര്യനഴ്സറികളും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ഭൂരിഭാഗം സ്ഥാപനങ്ങളിലും കുട്ടികൾക്കാവിശ്യമായ കളിപ്പാട്ടങ്ങളും മാനസികോല്ലാസത്തിന് ആവിശ്യമായി സൗകര്യങ്ങളും ലഭ്യമല്ല.

പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ പഠനനിലവാരത്തെക്കുറിച്ച് വിശദമായ പഠനങ്ങൾ നടത്തിയിട്ടില്ല എങ്കിലും 30 ശതമാനം വിദ്യാർത്ഥികൾ മിനിമം നിലവാരത്തിന് താഴെയാണെന്ന് കാണുന്നു. എസ്.എൻ. ഹൈസ്ക്കൂൾളിന്റെ കഴിഞ്ഞ 5 വർഷത്തെ വിജയശതമാനം താഴെ ചേർക്കുന്നു.

| 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|
| 40 | 45 | 48 | 40 | 40 |

ഉഴമലയ്ക്കൽ പ്രദേശത്തെ വിദ്യാഭ്യാസ രംഗത്ത് നേരിടുന്ന പ്രധാന പ്രശ്നങ്ങൾ

1. എല്ലാ സ്ക്കൂളുകളുടെയും ഭൗതീക സാഹചര്യങ്ങളുടെ അപര്യാപ്തത
2. സ്ക്കൂൾ വർഷാരംഭത്തിൽ അദ്ധ്യാപകരുടെ കുറവ്
3. പാഠപുസ്തകങ്ങൾ യഥാസമയം ലഭ്യമാകാതിരിക്കുക
4. അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളുടെ സ്വാധീനം
5. ഉച്ചക്കഞ്ഞി വിതരണത്തിലെ അപാകത
6. ശിശുവിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങളുടെ അപര്യാപ്തത
7. ബാലവാടികളിലും നഴ്സറികളിലും കളികോപ്പുകളുടെ അഭാവം
8. പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസത്തിനും ഉന്നതവിദ്യാഭ്യാസത്തിനുമുള്ള സ്ഥാപനങ്ങളുടെ അഭാവം
9. കലാ-കായിക വിദ്യാഭ്യാസത്തിൽ വേണ്ടത്ര പ്രധാന്യം നൽകുന്നില്ല
10. അനൗപചാരിക വിദ്യഭ്യാസരംഗത്തെ നിർജ്ജീവാവസ്ഥ
11. വിദ്യാലയ ആരോഗ്യപരിപാടിയുടെ കാര്യശേഷി ഇല്ലായ്മ
12. പി.ടി.എ. മാതൃസംഗമം എന്നിവയുടെ കാര്യക്ഷമമല്ലാത്ത പ്രവർത്തനം
13. സ്ക്കൂളുകളിലെ നിരക്ഷരത
14. യാത്രാസൗകര്യങ്ങളുടെ അപര്യാപ്തത

**നിർദ്ദേശങ്ങൾ**

1. പ്രാഥമിക വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിലേക്കായി പ്രൈമറി സ്ക്കുളുകളോടനുബന്ധിച്ച് പ്രീ പ്രൈമറി സ്ക്കുളുകൾ ആരംഭിക്കുക, വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ലാത്ത വാർഡുകളിൽ നഴ്സറി സ്ക്കുളുകൾ അടിയന്തിരമായി ആരംഭിക്കുക.
2. വിദ്യാലയത്തിലെ ഉച്ചക്കഞ്ഞി വിതരണം സുഗമമാക്കുന്നതിനുവേണ്ടി ഭക്ഷ്യസാധനങ്ങൾ സ്ക്കൂളുകളിൽ എത്തിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ പ്രത്യേക സംവിധാനം ഉണ്ടാക്കുകയും പാചകം ചെയ്യുന്നതിനാവശ്യമായി സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും വേണം.
3. സ്ക്കൂൾ വർഷാരംഭത്തിൽ തന്നെ ആവശ്യമായ അദ്ധ്യാപകരെ നിയമിക്കുകയും പാഠപുസ്തകങ്ങൾ യഥാസമയം ലഭ്യമാകുന്നതിനുള്ള സംവിധാനം സർക്കാർ തലത്തിൽ നിലവിൽ വരികയും വേണം.
4. വിദ്യാർത്ഥികളുടെ കലാ-കായിക വാസനകൾ പരിപോഷിപ്പിക്കുന്നതിന് സ്പെഷ്യൽ അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കുകയും എസ്.എൻ. ഹൈസ്ക്കുളിൽ എൻ.സി.സി ആരംഭിക്കുകയും വേണം.
5. പ്രൈമറി സ്ക്കൂളുകളിലെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിലേക്കായി പ്രഥമ അദ്ധ്യാപകരെ ക്ലാസ്സ് ചാർജ്ജിൽ നിന്നൊഴിവാക്കുക.
6. സാമുഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താമസിച്ച് പഠിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഹോസ്റ്റൽ സംവിധാനം ആരംഭിക്കുന്നത് കുട്ടികളുടെ കൊഴിഞ്ഞു പോക്ക് ഒഴിവാക്കുന്നതിനും പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും സഹായകമാവും.

7. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി സൗജന്യമായി യൂണിഫോമും പഠനോപകരണങ്ങളും നൽകുക.

8. വിദ്യാർത്ഥികളുടെ ആൾ പ്രമോഷൻ സംവിധാനം പരിഷ്ക്കരിച്ച് 4,7 ക്ലാസ്സുകളിൽ സംസ്ഥാന തലത്തിൽ പരീക്ഷ നടത്തുകയും നിശ്ചിതശതമാനം മാർക്ക് വാങ്ങുന്ന കുട്ടികൾക്ക് മാത്രം ക്ലാസ്സ് കയറ്റം നടത്തുന്നതിനുള്ള സംവിധാനം നിലവിൽവരണം.

9. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി പ്രത്യേക ശിക്ഷണം കൊടുക്കുന്നതിലേക്കായി നിലവിലുള്ള സംവിധാനങ്ങൾ (വിദ്യാ ജ്യോതി) നടപ്പിൽ വരുത്തണം.

10. പി.ടി.എ. യും മാതൃസംഗമവും കാര്യക്ഷമമായി നടത്തുന്നതിന് വേണ്ടി ആവശ്യമായ ബോധവൽക്കരണം നടത്തുക.

11. കലാ-കായികരംഗത്ത് ജില്ലാ സംസ്ഥാന നിലവാരങ്ങളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി അവർക്കു വേണ്ട പ്രോത്സാഹനവും പരിപാലനവും പഞ്ചായത്ത് തലത്തിൽ വരുത്തണം.

12. സ്ക്കൂളുകളിലെ ലബോറട്ടറി സംവിധാനം പരിഷ്ക്കരിക്കുക. ലൈബ്രറികൾ വിദ്യാർത്ഥികൾക്ക് ഉപയോഗപ്രദമാക്കി മാറ്റുക. കാലാകാലങ്ങളിൽ സ്ക്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ ചെയ്യുകയും കുടിവെള്ളത്തിനും പ്രാഥമിക സൗകര്യങ്ങൾക്കും വേണ്ടിയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുകയും സ്ക്കൂൾ കോമ്പൗണ്ടുകൾ മതിലുകെട്ടിതിരിക്കുകയും പുതിയ കളിസ്ഥലങ്ങൾ നിർമ്മിക്കുകയും ആധുനികവൽക്കരിക്കുകയും ചെയ്യുക.

13. മെച്ചപ്പെട്ട യാത്രാസൗകര്യം ഉറപ്പു വരുത്തുക

14. കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ കീഴിൽ നടത്തുന്ന 'യുറീക്ക' പരീക്ഷ എല്ലാ കൊല്ലവും കൃത്യമായി നടത്തുക.

### സമാന്തരവിദ്യാലയങ്ങൾ

ഉഴമലയ്ക്കൽ പ്രദേശത്തിന്റെ വിദ്യാഭ്യാസ സാമൂഹിക-സാംസ്ക്കാരിക പുരോഗതിക്ക് ഇന്നാട്ടിലെ പാരലൽ കോളേജുകൾ നിസ്തുലമായ സേവനങ്ങൾ നൽകിയിട്ടുണ്ട്. 1970 കളിലാണ് ഉഴമലയ്ക്കലിൽ പാരലൽ കോളേജുകളുടെ ആരംഭം. പാരലൽ കോളേജുകളുടെ രംഗത്ത് കേരളത്തിലെ പേരുകേട്ട സ്ഥാപനമായ 'ഔവർ' ആരംഭിച്ചത് ഉഴമലയ്ക്കലിലെ മണ്ണിൽ നിന്നാണ്. ടാഗോർ. ജി.പി.എം, പ്രഭാത്, പ്രതിഭ, റോയൽ, നേതാജി, വിശ്വസാരഥി തുടങ്ങിയവയിൽ ഇന്നും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഏകസ്ഥാപനം ജി.പി.എം കോളേജാണ്. കൂടാതെ 80 കളിൽ സ്ഥാപിതമായ ഭാരത് കോളേജ്, നവോദയ, കവിത, വിവേകാനന്ദ തുടങ്ങിയ സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇന്ന് കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ഉഴമലയ്ക്കൽ പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ വിജയശതമാനം ഉയർത്തുന്നതിന് കോളേജ് വിദ്യാഭ്യാസത്തിന് സാഹചര്യം ഇല്ലാത്ത വിദ്യാർത്ഥികൾക്ക് എന്നും ഈ സ്ഥാപനങ്ങൾ ആശ്രയമായി പ്രവർത്തിക്കുന്നു.

### സാക്ഷരത

നിരക്ഷരത നാടിന്റെ ശാപമാണെന്ന യാഥാർത്ഥ്യം മനസ്സിലാക്കി 1990 ആദ്യമാസത്തിൽ കേരള സർക്കാർ സമ്പൂർണ്ണ സാക്ഷരത പദ്ധതിക്ക് രൂപം നൽകി. 1991 ജനുവരിയോടെ കേരളത്തെ സമ്പൂർണ്ണ സാക്ഷരമാക്കുകയെന്നതായിരുന്നു ആ ബൃഹദ്പദ്ധതിയുടെ ലക്ഷ്യം. വർദ്ധിച്ച ജനപങ്കാളിത്തത്തോടെ ആരംഭിച്ച ആ സംരംഭത്തിൽ ഈ പഞ്ചായത്തും ഭാഗഭാക്കായി.

1990 ജൂൺ 1-ാം തീയതി സാക്ഷരകേന്ദ്രങ്ങളുടെ ആരംഭം കുറിച്ച് അക്ഷരദീപം തെളിച്ചു. രാഷ്ട്രീയക്കാരും, ബിരുദധാരികളും, ഉദ്യോഗസ്ഥ അനുദ്യോഗസ്ഥരും വിദ്യാർത്ഥികളും വരെ ഈ യത്നത്തിൽ പങ്കുകൊണ്ടു. എ.പി.ഓ. ശ്രീ. കരുണാകരൻ നായരുടെ നേതൃത്വത്തിലായിരുന്നു ആദ്യകാലപ്രവർത്തനങ്ങൾ. 3054-ഓളം നിരക്ഷരർ ഈ പഞ്ചായത്തിലുണ്ടായിരുന്നു. ഇതിൽ അറുപതു വയസ്സിനു താഴെ പ്രായമുള്ളവർ 2493 ഉം ബാക്കി അതിന് മുകളിലുള്ളവരുമാണ്. ഇതിൽ ഭൂരിപക്ഷം

പേരെയും പഠനകേന്ദ്രങ്ങളിലെത്തിക്കാനും, അതിൽ നല്ലൊരു ശതമാനത്തിനും അക്ഷരവെളിച്ചം പകരാനും കഴിഞ്ഞു.

1993 ജൂൺ 1-ാം തീയതി തുടർവിദ്യാഭ്യാസ പരിപാടികൾ ആരംഭിച്ചു. ഗവൺമെന്റ് സാക്ഷരരിൽ കിട്ടിയ വെളിച്ചം കെട്ടുപോകാതെ കാത്തു സൂക്ഷിക്കുകയായിരുന്നു അതിന്റെ ലക്ഷ്യം. നേത്രചികിത്സാ ക്യാമ്പ്, കണ്ണട വിതരണം, പാഠപുസ്തക വിതരണം, എയ്ഡ്സ് ബോധവൽക്കരണ ക്യാമ്പ്, വികലാംഗ ക്യാമ്പ് എന്നിവ സംഘടിപ്പിച്ചു. 1995-ൽ വിദ്യാഭ്യാസ വകുപ്പ് നടത്തിയ കണ്ടൻസ്ഡ് കോഴ്സിൽ 8 പേർ പങ്കെടുക്കുകയും 6 പേർ വിജയിക്കുകയും ചെയ്തു. വിജയികൾക്ക് വിദ്യാഭ്യാസ വകുപ്പ് 4-ാം ക്ലാസ്സ് പാസ്സായതായ സർട്ടിഫിക്കറ്റ് നൽകി.

ഇനിയും നിരവധി നിരക്ഷർ അവശേഷിക്കുന്നുണ്ട്. സാക്ഷരരായ പലർക്കും വായനയിലൂടെ അതു പോഷിപ്പിക്കേണ്ടതുമുണ്ട്. പ്രസ്തുത ലക്ഷ്യ സാക്ഷാത്ക്കാരത്തിന് നിരവധി ജനവിദ്യാകേന്ദ്രങ്ങൾ അത്യാവശ്യമാണ്. രജിസ്റ്റർ ചെയ്ത ഒരെണ്ണമുൾപ്പെടെ (രജി.ന.783/95) മൂന്നു ജനവിദ്യാകേന്ദ്രങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നു. സാക്ഷരതാ പ്രവർത്തനം ഇനിയും വളരെ ശക്തമാക്കേണ്ടത് പഞ്ചായത്തിനത്യാവശ്യമാണ്. അതിനായി സാക്ഷരതാ ഇൻസ്ട്രക്ടർമാർക്കും, തുടർ വിദ്യാകേന്ദ്രം കൺവീനർമാർക്കും എന്തെങ്കിലും പാരിതോഷികം നൽകി അവരെ പ്രോത്സാഹിപ്പിച്ച് ഈ രംഗത്തെ ശക്തമാക്കേണ്ടതാണ്.

## വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | സ്കൂളുകളുടെ എണ്ണം | | | | | | | | | | | | | | | | | | | സാങ്കേതിക വിദ്യാലയങ്ങൾ | | | കോളേജുകൾ | | | പാരലൽ കോളേജ് | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | H.S.S./HS | | | | | U.P.S. | | | | | L.P.S. | | | | | നഴ്സറി | | | | | | | | | | | | |
| | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | പഞ്ചാ. വക | സ്വകാര്യം | ആകെ | സർക്കാർ | സ്വകാര്യം | ആകെ | സർക്കാർ | സ്വകാര്യം | ആകെ | സ്കൂൾ ക്ലാസുകൾ നടത്തുന്നവ | കോളേജ് ക്ലാസുകൾ മാത്രം നടത്തുന്നവ | സ്കൂൾ-കോളേജ് ക്ലാസ്സുകൾ നടത്തുന്നവ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 | 26 | 27 | 28 | 29 |
| 1 | | | | | | | | | | | | 1 | | | 1 | | | 1 | 1 | | | | | | | | | |
| 2 | | | | | | | | | | | | | | | | | | | | | | | | | | | | |
| 3 | | | | | | | | | | | | | | 1 | 1 | | | | | | | | | | | | | 1 |
| 4 | | | | | | | | | | | 1 | | | | | 1 | | 3 | 3 | | | | | | | 1 | | |
| 5 | | | | | | | | | | | | | | | | | | | | | | | | | | | | |
| 6 | | | | | | | | | | | | | | | | | | | | | | | | | | | | |
| 7 | | | | | | | | | | | | | | | | 1 | | 2 | 3 | | | | | | | | | |
| 8 | | 1 | | | 1 | | | | | | | | | | | | 1 | | 3 | | | | | | | | | |
| 9 | | | | | | | | | | | 1 | | | | 1 | 1 | | 3 | 4 | | | | | | | | | |
| 10 | | | | | | | | | | 1 | 1 | | | | 1 | 1 | | 1 | 2 | | | | | | | | | |
| ആകെ | | 1 | | | 1 | | 1 | | | 1 | 3 | 1 | | 1 | 5 | 3 | 1 | 10 | 14 | | | | | | | 1 | | 4 |

## അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും സംബന്ധിച്ച വിവരങ്ങൾ

| സ്കൂളുകൾ | അദ്ധ്യാപകർ | | | വിദ്യാർത്ഥികൾ | | | മറ്റ് സൗകര്യങ്ങൾ | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | കെട്ടിടം | | ഫർണ്ണിച്ചർ | |
| | ആണ് | പെണ്ണ് | ആകെ | ആണ് | പെണ്ണ് | ആകെ | വേണ്ടത്ര ഉള്ളവ | വേണ്ടത്ര ഇല്ലത്തവ | വേണ്ടത്ര ഉള്ളവ | വേണ്ടത്ര ഇല്ലാത്തവ |
| H.S. 1 | 20 | 37 | 57 | 801 | 827 | 1628 | 1 | ഇല്ല | 1 | ഇല്ല |
| U.P.S. 1 | 9 | 10 | 19 | 246 | 264 | 510 | 1 | ഇല്ല | 1 | ഇല്ല |
| L.P.S. 5 | 11 | 22 | 33 | 568 | 510 | 1078 | ഇല്ല | 5 | ഇല്ല | 5 |
| Pre-primary Nil | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| ആകെ | 40 | 69 | 109 | 1615 | 1601 | 3216 | 2 | 5 | 2 | 5 |

## ഉഴമലയ്ക്കലിലെ സ്കൂളിന്റെ പൊതുവിവരം

| സ്കൂളിന്റെ പേര് | High School U.P./L.P. Pre-Primary | സ്കൂളിന്റെ ഉടമസ്ഥത | | | | കുട്ടികളുടെ എണ്ണം | | | അധ്യാപകരുടെ എണ്ണം | | | | സ്കൂൾ ക്യാമ്പസിന്റെ മൊത്തം വിസ്തീർണ്ണം | കളിസ്ഥലത്തിന്റെ വിസ്തീർണ്ണം | ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം | മറ്റ് കുറിപ്പുകൾ ചുറ്റുമതിൽ, അറ്റകുറ്റപ്പണികൾ, എന്നിവ ചെയ്യേണ്ടവ സംബന്ധിച്ച് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | അംഗീകാരമില്ലാത്ത് | ആൺ | പെൺ | ആകെ | ആകെ അനുവദിച്ച പോസ്റ്റ് | നിലവിലുള്ളവരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം | ദീർഘകാല ലീവുള്ളവർ | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| 1. L.M.L.P.സ്കൂൾ | LPS | | - | - | | 73 | 47 | 120 | 3 | 3 | | | 27 | 5 | ഇല്ല | ചുറ്റുമതിൽ ഇല്ല മെയിന്റനൻസ് നടക്കുന്നില്ല |
| 2. പഞ്ചായത്ത് L.P.S. മരങ്ങാട് | LPS | | - | | | 76 | 80 | 156 | 5 | 5 | | | 1.40 | -40 | | ചുറ്റുമതിൽ ഇല്ല മെയിന്റനൻസ് നടക്കുന്നില്ല |
| 3. L.P.S. സ്കൂൾ കുളപ്പട | LPS | | - | | | 186 | 144 | 330 | 10 | 10 | | | -50 | ഇല്ല | ഇല്ല | [illegible] |
| 4. L.P.S. പുതുക്കുളങ്ങര | LPS | | - | . - | | 138 | 125 | 263 | 10 | 10 | | | 1-18 | -11 | ഇല്ല | [illegible] |
| 5. L.P.S. പരുത്തിക്കുഴി | LPS | | - | | | 95 | 114 | 209 | 5 | 4 | 1 | | 52 | -25 | ഇല്ല | ചുറ്റുമതിൽ ഇല്ല അറ്റകുറ്റപ്പണി ഇല്ല |
| 6. St. തെരേസസ് മാണിക്യപുരം | UPS | | | | | 246 | 264 | 510 | 20 | 20 | | | 3 | 1- | ഇല്ല | ഇല്ല |
| 7. S.N.H.S. ഉഴമലയ്ക്കൽ | HS | | | | | 801 | 827 | 1628 | 57 | 57 | | | 5- | 1- | നിന്നു | ഇല്ല |

## ഉഴമലയ്ക്കൽ പഞ്ചായത്തിലെ സ്കൂളുകളിലെ അക്കാദമിക് നിലവാരം

| ക്ലാസ് | ആകെ | കുട്ടികളുടെ പൊതുനിലവാരം | | | | | എസ്.എസ്.എൽ.സി. വിജയ ശതമാനം | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | 30 % താഴെ കുട്ടികൾ | 30-40 മാർക്കു നേടുന്നവർ | 40-50% നേടുന്നവർ | 50-60% നേടുന്നവർ | 60% ത്തിൽ കൂടുതൽ നേടുന്നവർ | 91-92 | 92-93 | 93-94 | 94-95 | 95-96 |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 3 | 397 | 62 | 57 | 43 | 56 | 79 | | | | | |
| 4 | 361 | 66 | 87 | 71 | 56 | 81 | | | | | |
| 5 | 322 | 88 | 85 | 73 | 40 | 36 | | | | | |
| 6 | 355 | 109 | 90 | 71 | 26 | 49 | | | | | |
| 7 | 483 | 131 | 103 | 61 | 24 | 64 | | | | | |
| 8 | 332 | 130 | 100 | 40 | 32 | 30 | | | | | |
| 9 | 360 | 120 | 90 | 50 | 16 | 30 | | | | | |
| 10 | 232 | 120 | 50 | 30 | 22 | 10 | 40 | 45 | 48 | 40 | 40 |
| SSLC പരീക്ഷ എഴുതിയവർ | | | | | | | | | | | |

## ഉഴമലയ്ക്കൽ പഞ്ചായത്തിലെ സ്കൂളിന്റെ ഭൗതിക സൗകര്യങ്ങളുടെ വിവരം

| സ്കൂളിന്റെ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം | കെട്ടിടങ്ങളുടെ എണ്ണം | | | മുറികളുടെ എണ്ണം | | | ഇനി മുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം | ഇനി ആവശ്യമുള്ള കെട്ടിടം/മുറികൾ നിർമ്മിക്കാനുള്ള ഭൂമി ഉണ്ട്/ഇല്ല | നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം | മൂത്രപ്പുര ഒരു സമയം എത്ര കുട്ടികൾക്ക് ഉപയോഗിക്കാം | ഇനി ആവശ്യമുള്ളതിന്റെ എണ്ണം | നിലവിലുള്ള കക്കൂസിന്റെ എണ്ണം | ഉപയോഗ ശൂന്യമായ കക്കൂസുകളുടെ എണ്ണം | കുടിവെള്ള സംവിധാനം ഉണ്ട്/ഇല്ല കിണർ പൈപ്പ് | വൈദ്യുതീകരണം ഉണ്ട്/ഇല്ല | പാചകമുറി | സ്റ്റാഫ് റൂം | നിലവിലുള്ള ഫർണിച്ചറുകൾ മതിയാകുമോ? മതിയാകും/ഇല്ല | ഇനി ആവശ്യമായവയുടെ എണ്ണം | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | സ്ഥിരം | അർദ്ധസ്ഥിരം | താല്ക്കാലികം | | | | | | | | | | | | | ഡസ്ക് | ബെഞ്ച് | മേശ | കസേര | ഓഫീസ് ഫർണിച്ചർ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 |
| L.M.L.P.S. ഉഴമലയ്ക്കൽ | 4 | 1 | 1 | ഇല്ല | 1 | 1 | ഇല്ല | 2 | ഉണ്ട് | ഇല്ല | ഇല്ല | 2 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 40 | 10 | 2 | 3 | 2 |
| L.P.S. മഞ്ഞാട് | 5 | ഇല്ല | 2 | ഇല്ല | ഇല്ല | 8 | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | 2 | ഇല്ല | ഇല്ല | ഉണ്ട് കിണർ | ഇല്ല | 1 | 1 | [illegible] | 20 | - | - | | |
| L.P.S. കുളപ്പട | 10 | 2 | ഇല്ല | ഇല്ല | 3 | ഇല്ല | ഇല്ല | 7 | ഇല്ല | 1 | 5 | 2 | 1 | ഇല്ല | ഉണ്ട് കിണർ | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | 70 | 10 | 5 | 7 | അലമാര 2 ഓഫീസ് റാക് 2 |
| L.P.S. പുതുക്കുളങ്ങര | 8 | 1 | 1 | ഇല്ല | 1 | 5 | ഇല്ല | 4 | ഇല്ല | 1 | 2 | 2 | 1 | ഇല്ല | ഉണ്ട് കിണർ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 16 | 16 | 5 | 10 | ഫർണിച്ചർ ആവശ്യമാണ് |
| U.P.S. മാണിക്യപുരം | 15 | 4 | 2 | ഇല്ല | 17 | 6 | ഇല്ല | ഇല്ല | ഇല്ല | 4 | 20 | 2 | 3 | ഇല്ല | ഉണ്ട് കിണർ | ഉണ്ട് | ഉണ്ട് | 2 | ഇല്ല | 60 | ഇല്ല | ഇല്ല | 10 | ആവശ്യമാണ് |
| L.P.S. പരുത്തിക്കുഴി | 7 | ഇല്ല | 1 | ഇല്ല | ഇല്ല | 6 | ഇല്ല | 3 | ഭൂമി ഉണ്ട് | 1 | 10 | 1 | 1 | ഇല്ല | ഉണ്ട് കിണർ | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | 40 | 15 | 4 | 6 | ആവശ്യമാണ് |
| S.N.H.S ഉഴമലയ്ക്കൽ | 30 | 4 | 2 | ഇല്ല | 34 | 10 | ഇല്ല | ഇല്ല | ഇല്ല | 4 | 100 | 4 | 2 | ഇല്ല | ഉണ്ട് പൈപ്പ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 15 | 25 | 5 | 5 | ആവശ്യമാണ് |

# അക്കാദമിക് സൗകര്യങ്ങൾ

| സ്കൂളിന്റെ പേര് | ലൈബ്രറി ഉണ്ട്/ഇല്ല (പ്രവർത്തിക്കുന്നു/പ്രവർത്തിക്കുന്നില്ല) | ലബോറട്ടറി/സയൻസ് കോർണർ ഉണ്ട്/ഇല്ല (പ്രവർത്തിക്കുന്നു/പ്രവർത്തിക്കുന്നില്ല) | ദൃശ്യ–ശ്രാവ്യ ഉപകരണങ്ങളുടെ എണ്ണം | | | | | | | | | ബ്ലാക്ക് ബോർഡ് | | 95–96–ൽ ലഭിച്ച അധ്യയന ദിവസം | സമരങ്ങളിലൂടെ നഷ്ടപ്പെട്ട അധ്യയന ദിവസങ്ങൾ | പ്രത്യേക പൊതു അവധികളിലൂടെ നഷ്ടമായ അധ്യയനദിനങ്ങളുടെ എണ്ണം | മാതൃസംഗമം സജീവം/സജീവമല്ല | ക്ലാസ് റൂം പി.ടി.എ. കൾ പ്രവർത്തിക്കുന്നു/പ്രവർത്തിക്കുന്നില്ല |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | പഠനോപകരണങ്ങൾ (മാപ്പുകൾ, ചാർട്ടുകൾ, ഗ്ലോബുകൾ) ആവശ്യത്തിന് ഉണ്ട്/ഇല്ല | റേഡിയോ | ടേപ്പ് റിക്കാർഡർ | ടിവിസെറ്റ് | വിസിആർ./വിസിപി. | സിനിമ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ഓവർ ഹെഡ്പ്രൊജക്ടർ | കമ്പ്യൂട്ടർ | ആവശ്യമുള്ളത് | നിലവിലുള്ളത് | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 |
| L.M.L.P.S. ഉഴമലയ്ക്കൽ | ഉണ്ട് | സയൻസ് കോർണർ ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 2 | 2 | 195 | 3 | 3 | ഉണ്ട് | ഉണ്ട് |
| L.P.S. മരങ്ങാട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 6 | 6 | 192 | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് |
| L.P.S. കുളപ്പട | ഉണ്ട് | ഇല്ല | ആവശ്യത്തിനില്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 10 | 7 | 196 | ഇല്ല | 10 | ഉണ്ട് | ഉണ്ട് |
| L.P.S.പുതുക്കുളങ്ങര | ഉണ്ട് | ഉണ്ട് | ആവശ്യത്തിനില്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 3 | 5 | 194 | 10 | 7 | ഉണ്ട് | ഉണ്ട് |
| L.P.S.പരുത്തിക്കുഴി | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 3 | 4 | 192 | ഇല്ല | 5 | ഉണ്ട് | ഉണ്ട് |
| St.തെരേസാസ് U.P.മാണിക്യപുരം | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | 1 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 17 | 19 | 191 | ഇല്ല | 4 | ഉണ്ട് | ഉണ്ട് |
| S.N.H.S. ഉഴമലയ്ക്കൽ | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | 40 | 30 | 197 | ഇല്ല | 3 | ഉണ്ട് | ഉണ്ട് |

# ആരോഗ്യം

ഉഴമലയ്ക്കൽ പഞ്ചായത്തിന്റെ മിക്ക ഭാഗങ്ങളിലും വർഷങ്ങൾക്കു മുമ്പ് മലമ്പനി, വസൂരി, കോളറ തുടങ്ങിയ പകർച്ച വ്യാധികൾ മനുഷ്യ ജീവനുകൾ കൂട്ടമായി അപഹരിച്ചിട്ടുണ്ട്. അന്നെല്ലാം ഇതിനു അൽപമെങ്കിലും ചെറുത്തുനില്പ് നടത്തിയത് ഇവിടത്തെ നാട്ടുവൈദ്യന്മാരാണ്. 1972 ആഗസ്റ്റ് 15-ാം തീയതിയാണ് ഉഴമലയ്ക്കലിൽ എലിയാവൂർ ആസ്ഥാനമായി ഒരു പ്രാഥമിക ആരോഗ്യകേന്ദ്രം പ്രവർത്തിച്ചു തുടങ്ങിയത്. 1980 വരെയുള്ള 3 വർഷക്കാലം എലിയാവൂരിൽ ഷാജി ഭവനിൽ ശ്രീമതി. സരോജനിയമ്മ പുതുതായി ഒരു കെട്ടിടം ഉണ്ടാകുന്നതു വരെ സൗജന്യമായി നൽകിയ കെട്ടിടത്തിൽ പ്രവർത്തിക്കുകയും 6-9-1980-ൽ ആശുപത്രിയ്ക്ക് സ്വന്തമായി നിർമ്മിച്ച് പ്രവർത്തനം അങ്ങോട്ടുമാറ്റുകയുണ്ടായി. ഈ പഞ്ചായത്തിൽ ഇതു കൂടാതെ ഒരു ഗവ: ആയുർവേദ ഡിസ്പെൻസറിയും, പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ കീഴിൽ നാല് സബ് സെന്ററുകളും പ്രവർത്തിച്ചുവരുന്നു. ചെറിയ രീതിയിലുള്ള സ്വകാര്യ ആശുപത്രികൾ പലതും ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നു. എങ്കിലും ഇന്ന് അയ്യപ്പൻകുഴിയിൽ സ്ഥിതി ചെയ്യുന്ന ഒരു സ്വകാര്യ ആശുപത്രിയും കുളപ്പടയിൽ സ്ഥിതി ചെയ്യുന്ന സ്വകാര്യ ആയുർവേദ ആശുപത്രിയും മാത്രമേയുള്ളു. ചക്രപാണിപുരത്ത് സ്ഥിതി ചെയ്യുന്ന സർക്കാർ ആയുർവേദ ഡിസ്പെൻസറി 4-3-1996 ൽ പഞ്ചായത്ത് വക ശിശുമന്ദിരത്തിൽ ആണ് പ്രവർത്തനം ആരംഭിച്ചത്. സ്ഥലസൗകര്യം കുറവാണെങ്കിലും ഇതിന്റെ പ്രവർത്തനം കാര്യക്ഷമമായി തന്നെ നടക്കുന്നുണ്ട്. പ്രവർത്തനം ആരംഭിച്ചതു മുതൽ 15-6-1996 വരെ പഴയതും പുതിയതുമായ 49706 രോഗികൾ, ഇവിടെ ചികിത്സക്കായി എത്തിയുട്ടുണ്ട്. ദിവസവും രോഗികൾ ധാരാളം എത്താറുണ്ട്. ഈ പഞ്ചായത്തിലെ രോഗികൾക്ക് പുറമേ പേപ്പാറ, വിതുര, തൊളിയ്ക്കോട്, പനയ്ക്കോട്, പറങ്ങോട്, മീനാങ്കൽ, മലയടി, ചേരപ്പള്ളി, ആര്യനാട്, കരിപ്പൂര്, നെടുമങ്ങാട് തുടങ്ങിയ ദൂരസ്ഥലങ്ങളിൽ നിന്നും പോലും ആൾക്കാർ എത്തുന്നുണ്ട്. ഇവിടെ എത്തുന്ന രോഗികൾ അധികവും സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന രോഗികളാണ്.

ഉഴമലയ്ക്കൽ പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ 80 മുതൽ 120 വരെ രോഗികൾ ദിവസേന ചികിത്സക്കായി എത്താറുണ്ട്. ഇവിടെ എത്തുന്ന രോഗികളിൽ അധികവും ശ്വാസകോശസംബന്ധമായ രോഗങ്ങൾ, അഞ്ചാം പനി, ചിക്കൻ പോക്സ് മറ്റ് ഉദരസംബന്ധമായ രോഗങ്ങൾ കണ്ടുവരുന്നുണ്ട്. ഈ പ്രാഥമിക ആരോഗ്യസ്ഥാപനത്തിന്റെ കീഴിൽ പുതുക്കുളങ്ങര, കത്തിയ്ക്കാം പാറ, കുളപ്പട, തെരുവ് അയ്യപ്പൻകുഴി കുടുംബക്ഷേമ സെന്ററുകളും പ്രവർത്തിയ്ക്കുന്നു.

പ്രധാന ആരോഗ്യപ്രശ്നങ്ങൾ

1. കിണറുകളിൽ ക്ലോറിനേഷൻ യഥാസമയം നടക്കുന്നില്ല
2. ആശുപത്രിയുടെ സ്ഥലസൗകര്യക്കുറവും, വേണ്ടത്ര മരുന്നുകളുടെ കുറവും
3. പ്രാഥമിക കേന്ദ്രങ്ങളിലേയ്ക്കുള്ള യാത്രാ സൗകര്യം വർദ്ധിപ്പിക്കുക
4. സർക്കാർ ആശുപത്രികളിൽ വിശ്വാസമില്ലായ്മ
5. ഡോക്ടർമാരുടേയും, മെഡിക്കൽ സ്റ്റാഫിന്റേയും അപര്യാപ്തത
6. ഫാമിലി വെൽഫയർ സെന്ററിന്റെ കാര്യമായ പ്രവർത്തനമില്ലായ്മ

**നിർദ്ദേശങ്ങൾ**

1. ആരോഗ്യസ്ഥാപനങ്ങളുടെ ശോചനീയാവസ്ഥ പരിഗണിച്ച് ശരിപ്പെടുത്തുകയും, ആശുപത്രിയ്ക്ക് വേണ്ടത്ര മരുന്നുകൾ നൽകുകയും എലിയാവൂർ പ്രൈമറി ഹെൽത്ത് സെന്ററിന്റെ കിടക്കകളോട് കൂടിയ കെട്ടിടത്തിന്റെ പണിപൂർത്തിയാക്കുകയും ചെയ്യണം.
2. പഞ്ചായത്തിലെ എല്ലാ സ്ഥലത്തും ആരോഗ്യപ്രവർത്തകരുടെ പ്രവർത്തനം ലഭ്യമാക്കത്തക്കവണ്ണം സബ് സെന്ററുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക, സബ്ബ് സെന്ററുകൾ അനുയോജ്യമായ സ്ഥലത്ത് സ്ഥാപിക്കുക.
3. ആരോഗ്യപ്രവർത്തനത്തെ കുറിച്ചും, അതിന്റെ ലഭ്യതയെ കുറിച്ചും ജനങ്ങളെ ബോധവത്കരണം നടത്തുക.
4. പ്രതിരോധകുത്തിവെയ്പുകൾ യഥാസമയം തന്നെ നൽകുന്നതിനും പ്രതിരോധ ചികിത്സാ സംവിധാനത്തെ കുറിച്ചും ബോധവൽക്കരിക്കണം.
5. മാതൃ ശിശു സംരക്ഷണ കേന്ദ്രത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുകയും അവിടെ അത്യാവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്യണം.

**സ്ഥാപനങ്ങൾ**

പ്രാഥമിക ആരോഗ്യകേന്ദ്രം

ആയുർവേദ ആശുപത്രി

മാതൃശിശുകേന്ദ്രം

**ഇവിടത്തെ ജീവനക്കാർ**

ഗ്രാമസഭകളിൽ വന്ന പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു

1. ഹെൽത്ത് വിസിറ്റർമാരുടെ സേവനം എല്ലാ വിഭാഗം ആൾക്കാരിലും എത്തണമെന്ന് ഉറപ്പ് വരുത്തുക.
2. നാലു വയസ്സിനു താഴെയുള്ള സാധുക്കളായ കുട്ടികൾക്ക് പോഷക ആഹാരം എത്തിയ്ക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം
3. പഞ്ചായത്ത് കിണറുകൾ കാലാകാലങ്ങളിൽ ശുചീകരിയ്ക്കുകയും ക്ലോറിനേഷൻ നടത്തുകയും ചെയ്യണം.
4. ചന്തയ്ക്കകത്ത് പൊതു കക്കൂസും കംപോസ്റ്റ് കുഴിയും നിർമ്മിക്കുക
5. ഉഴമലയ്ക്കൽ പ്രാഥമിക ആരോഗ്യകേന്ദ്രം കിടക്കകളുള്ള ആശുപത്രിയായി മാറുകയും പൂർത്തിയാകാത്ത കെട്ടിടം പൂർത്തീകരിയ്ക്കുകയും എം.പി. ഫണ്ട് ഉപയോഗിച്ച് മറ്റൊരു കെട്ടിടം കൂടി നിർമ്മിക്കുകയും ആശുപത്രി പരിസരം കമ്പിവേലി കെട്ടുകയും വേണം.
6. ചാരായനിരോധനം പൂർണ്ണമായും നടപ്പിലാക്കണം, അതിനാവശ്യമായ ബോധവത്ക്കരണം നടത്തണം
7. നിർദ്ധനരായ ആൾക്കാർക്ക് കക്കൂസുകൾ നിർമ്മിച്ച് നൽകണം

**ആശുപത്രികൾ നേരിടുന്ന പ്രശ്നങ്ങൾ:**

**അലോപ്പതി**

1. മരുന്ന് സൂക്ഷിക്കുന്നതിനുള്ള ഫ്രീസർ ഉൾപ്പെടെയുള്ള സൗകര്യം ഇല്ല
2. രോഗികളെ കിടത്തി ചികിത്സിയ്ക്കാൻ ആവശ്യമായ സംവിധാനം ഉണ്ടാക്കണം
3. പേപ്പട്ടി വിഷത്തിനെതിരേയുള്ള വാക്സിനേഷൻ സൗകര്യം ലഭ്യമാക്കണം
4. ലാബോറട്ടറി സൗകര്യം ലഭ്യമാക്കണം
5. സബ്ബ് സെന്ററുകൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിയ്ക്കുന്നത്. 91 മുതലുള്ള വാടക കൊടുക്കാനുണ്ട്. ഇതിനുള്ള അടിയന്തര പരിഹാരം കാണണം.
6. ഡോക്ടർമാർക്ക് ആരോഗ്യരംഗത്ത് നല്ലരീതിയിൽ പ്രവർത്തിയ്ക്കുന്നതിന് വാഹനസൗ

കര്യം ലഭ്യമാക്കണം. (സബ്ബ് സെന്ററുകളും ഇതര ആരോഗ്യസ്ഥാപനങ്ങളുമായി ബന്ധപ്പെടുന്നതിന്)

7. ലോക്കൽ പർച്ചേസിനുള്ള ഫണ്ട് അനുവദിയ്ക്കണം.

**ആയൂർവേദം**

1. രോഗചികിത്സയക്ക് ആവശ്യമായ ആയുർവേദ മരുന്നുകൾ കിട്ടുന്നില്ല

2. പഞ്ചകർമ്മ ചികിത്സകൾ ഉൾപ്പെടുന്ന കിടക്കകളോടുകൂടിയ ആശുപത്രിയായി ഉയർത്തുകയും ഇതിനാവശ്യമായ കെട്ടിടംഉണ്ടാക്കുകയും വേണം.

3. വേനൽക്കാലത്ത് ജലദൗർലഭ്യം അനുഭവപ്പെടുന്നതിനാൽ പൈപ്പ്. ലൈൻ സ്ഥാപിക്കുക

ആയുർവേദ ആശുപത്രിയ്ക്ക് വേണ്ടി ആവശ്യമുള്ള സാധനങ്ങൾ

| | | | | |
|---|---|---|---|---|
| 1. | ചെമ്പുകലം | വലുത് | 20 ലിറ്റർ | 4 |
| 2. | ചരുവം | അലോയി | 10 | 1 |
| 3. | ബക്കറ്റ് | അലോയി | 20 | 4 |
| 4. | ബക്കറ്റ് | | 10 | 2 |
| 5. | കിടത്തി പരിശോധിക്കുന്നതിന് | | | |
| | | തടി കട്ടിൽ | | 1 |
| | | മേശ | | 1 |

**കുടിവെള്ളം**

ജീവന്റെ തുടിപ്പുകൾ ആദ്യമായി ഉണ്ടായത് ജലത്തിൽ നിന്നാണ്. ശുദ്ധജലം പ്രകൃതിയുടെ വരദാനമാണ്, അത് മലിനസമാക്കരുത്.

കുടിവെള്ളത്തിനായി മുഖ്യസ്രോതസ്സ് കിണറുകളാണ്. 70 ശതമാനത്തോളം കുടുംബങ്ങളും കുടിവെള്ളത്തിനായി കിണറുകളെയാണ് ആശ്രയിക്കുന്നത്. 28 പൊതുകിണറുകളും 10 കുഴൽ കിണറുകളും 102 പൊതുടാപ്പുകളും പഞ്ചായത്ത് പ്രദേശത്ത് ഉണ്ട് എങ്കിലും എന്നാൽ ഇതിൽ 20 ശതമാനത്തോളം ഉപയോഗശൂന്യമാണ്. ടാപ്പുകളിൽ ഉയർന്ന പ്രദേശങ്ങളിൽ സ്ഥാപിച്ചവയിൽ പലപ്പോഴും ജലം ലഭ്യമല്ല. പൊതു കിണറുകൾ കാലാകാലം വൃത്തിയാക്കുന്ന പതിവില്ല. 30 ശതമാനം ജനങ്ങളും പൊതുകിണറുകളെയോ, ടാപ്പുകളെയോ അല്ലെങ്കിൽ അയൽവക്കങ്ങളിലെ കിണറുകളെയോ ആണ് ആശ്രയിക്കുക. പഞ്ചായത്തിലെ ഏക വാട്ടർ ടാങ്ക് ഈ പ്രദേശത്തെ ജലക്ഷാമം പരിഹരിക്കാൻ പര്യാപ്തമല്ല. കൂടാതെ ടാങ്ക് യഥാസമയം വൃത്തിയാക്കാൻ ബന്ധപ്പെട്ട അധികൃതർ ശ്രദ്ധിക്കുന്നില്ല. പൈപ്പുജലം പൂർണ്ണമായും ശുചിത്വമുള്ളതല്ല. പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിൽ മിക്കപ്പോഴും ശുദ്ധജല ദൗർലഭ്യം അനുഭവപ്പെടുന്നു. ഇവയിൽ മിക്ക പ്രദേശങ്ങളിലും പൈപ്പുലൈൻ എത്തിയിട്ടില്ല. മാത്രമല്ല ഉള്ള കിണറുകൾ വറ്റിപോകുന്ന അവസ്ഥയാണ് കാണുന്നത്. ഈ പ്രദേശത്ത് നിലവിലുള്ള പരിമിതമായ കുഴൽ കിണറുകൾ മിക്കതും തന്നെ പ്രവർത്തനമില്ല. മാത്രമല്ല കുഴൽ കിണറിലൂടെ ലഭിക്കുന്ന ശുദ്ധജലം കുടിക്കാൻ യോഗ്യമായതല്ല.

1. പഞ്ചായത്തിന്റെ 30 ശതമാനത്തോളം വീടുകളിലും കിണർവെള്ളം ലഭ്യമാക്കുന്നതിന് കുറഞ്ഞത് 1000 കിണറുകളിലും നിർമ്മിക്കുന്നതിനുവേണ്ട സാമ്പത്തികസഹായം 9-ാം പദ്ധതികാലത്ത് ലക്ഷ്യമിടണം.

2. പൊതുസ്ഥലങ്ങളിൽ കൂടുതൽ പ്രദേശത്ത് പൈപ്പ് ലൈൻ ലഭ്യമാക്കുകയും നിലവിലുള്ള ടാപ്പുകളുടെ എണ്ണം വർദ്ധിക്കുകയും ചെയ്യണം.

3. ഹരിജൻ-ഗിരിജൻ പ്രദേശങ്ങളിലും കോളനികളിലും കുടിവെള്ളം ലഭ്യമാക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കണം

4. നിലവിലുള്ള പൊതുകിണറുകളും, കുളങ്ങളും വൃത്തിയാക്കി പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാക്കണം.

5. നിലവിലുള്ള പമ്പ് ഹൗസിന്റെ കാര്യശേഷി വർദ്ധിപ്പിച്ച് ജലം ശുചീകരിക്കുന്നതിനായി ഒരു ടാങ്ക് നിർമ്മിക്കുകയും പഞ്ചായത്തിന്റെ

കിഴക്കൻ പ്രദേശങ്ങൾക്ക് ശുദ്ധജലം എത്തിക്കുന്നതിന് പുളിമൂട് കേന്ദ്രമാക്കി ഒരു പമ്പ് സെറ്റ് സ്ഥാപിക്കണം

**പരിസ്ഥിതി–പരിസരം**

കേരളത്തിന്റെ ഒമ്പതാം പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നത് സംസ്ഥാനത്തിന്റെ ഭൂപ്രകൃതി സ്ഥലജലവിഭവസായുധകൾ ജനകീയ ആവശ്യങ്ങൾ എന്നിവയുടെ താഴെ തട്ടിൽ നിന്നുള്ള ജനാഭിപ്രായങ്ങൾ കേന്ദ്രീകരിച്ച് കൊണ്ടാണ്. ഇതിൽ ഭൂപ്രകൃതി, പരിസ്ഥിതി, പരിസരപ്രശ്നങ്ങളോടുള്ള ത്രിയാത്മക സമീപനത്തിലൂടെ ഉരുത്തിരിയുന്ന ജനാഭിപ്രായങ്ങൾക്ക് നിർണ്ണായക പങ്കാണ് വഹിക്കാനുള്ളത്.

നമ്മെ ഊട്ടിവളർത്തുന്ന പ്രകൃതിയുടെ ജീവൻ തുടിപ്പുകളെയും മണ്ണിന്റെ പ്രത്യേകതകളെയും ഭൂപ്രകൃതിയുടെ ഘടനയേയും മനസ്സിലാക്കാതെ കാർഷികവ്യവസായ പദ്ധതികൾ നടപ്പിലാക്കിയതിന്റെ ഫലമായി നമ്മുടെ കൊച്ചു കേരളത്തിൽ ഭൂപ്രകൃതിയുടെ തകിടം മറിച്ചിലുകൾ ഉണ്ടായിട്ടുണ്ട്. അതിന്റെ അലയൊലികൾ ഈ പഞ്ചായത്തിനെയും ബാധിച്ചിട്ടുണ്ട്. കൃഷിയിടങ്ങളിലെയും മണ്ണൊലിപ്പും മഴക്കാലത്ത് വെള്ളപ്പൊക്കവും, രൂക്ഷമായ വരൾച്ചയും ജലക്ഷാമവും കാലം തെറ്റിയ കാലവർഷവും ഋതുഭേദങ്ങളുടെ കാലം തെറ്റലും പകർച്ചവ്യാധികളും മാറാരോഗങ്ങളും ക്ഷാമവും ബുദ്ധിമുട്ടുകളും തന്നെ പ്രകൃതിയെ അനിയന്ത്രിതമായി കൊല്ലാകൊല ചെയ്തതിന്റെയും ഭാഗമായി ഉരുത്തിരിഞ്ഞ പ്രശ്നങ്ങളാണ്. ഇത് കൂടുതൽ രൂക്ഷമാകാൻ സാധ്യതയുള്ളതിനാൽ ഈ താളം തെറ്റലുകളിൽ നിന്നും പ്രകൃതിയെ സംരക്ഷിക്കേണ്ടതുണ്ട്. ഇത് ജീവന്റെ നിലനില്പിന് അനിവാര്യമാണ്.

നമ്മുടെ ഈ ദുരവസ്ഥയ്ക്കു കാരണമായി പരിസര പരിസ്ഥിതി പ്രശ്നങ്ങൾ ആസൂത്രണ പ്രക്രിയയുടെ അവിഭാജ്യഘടകമായി തീരേണ്ടതുണ്ട്. ജീവിത വൈവിധ്യത്തിന്റെ സന്തുലിതാവസ്ഥയെ നിലനിർത്തികൊണ്ട് നമ്മുടെ ജീവന്റെ ആധാരമായ പ്രകൃതിയെ ഇനി മേലെങ്കിലും നോവിക്കാതെ ഉപയുക്തമാക്കാം.

**പ്രശ്നങ്ങൾ**

**1. മലിനജലം ഒഴുക്കൽ**

ഈ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളെ അലട്ടുന്ന മുഖ്യമായ ഒരു പരിസ്ഥിതി പ്രശ്നമാണിത്. പൂപ്പുറം തോടിലൂടെ ചാക്കച്ചേരി റബ്ബർ സംസ്ക്കരണ യൂണിറ്റിൽ നിന്നും ഒഴുക്കിവിടുന്ന മലിനജലം നിരവധി ആരോഗ്യകാർഷികപ്രശ്നങ്ങൾ സൃഷ്ടിച്ചുവരികയാണ്. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ റബ്ബർ റോളർ മെഷീൻ പ്രവർത്തിക്കുന്നുണ്ട്. ശരിയായ ടാങ്ക് സൗകര്യം ഇല്ലാത്ത സ്ഥലങ്ങളിൽ നിന്നും ഉളവാക്കുന്ന ദുർഗന്ധവും കൊതുകും നിരവധി ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിച്ചുവരികയാണ്.

**2. റബ്ബർ കൃഷി സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ**

റബ്ബർ കൃഷി വ്യാപകമായതോടെ ഇതര കൃഷി നടത്തി വരുന്ന സ്ഥലങ്ങളിൽ ആ കൃഷികളെ ബാധിക്കുന്ന സ്ഥലത്തിൽ അതിരിൽ നിന്നും നിശ്ചിത അകലം പാലിക്കാതെ റബ്ബർ നടുന്നതുകൊണ്ട് മറ്റു വിളകളെ കാര്യമായി ബാധിയ്ക്കുന്നു. അതുപോലെ ചുരുങ്ങിയ സ്ഥലപരിധിക്കുള്ളിൽ വീടു നിർമ്മിച്ച് സ്ഥാപിക്കുന്നവരുടെ വീടിനു മുകളിൽ റബ്ബർ ചില്ലകൾ ചായുകയും കിണറുകളിൽ ഇല വീണ ജലം മലിനമാകുകയും ചെയ്യുന്നതായി കാണുന്നു.

**3. തുറസ്സായ സ്ഥലങ്ങളിലെ മലമൂത്രവിസർജ്ജനം**

ഈ പഞ്ചായത്തിൽ പൊതുകക്കൂസുകളുടെയും വീടിനോട് ചേർന്ന കക്കൂസുകളുടെയും അപര്യാപ്തത ഉണ്ട്. തുറസ്സായ സ്ഥലങ്ങളിൽ മലമൂത്രവിസർജ്ജനം നടത്തുന്നതിനാൽ വഴിയാത്രക്കാരെയും പരിസരവാസികളെയും പല തരത്തിൽ ബാധിയ്ക്കുന്ന ഒരു ആരോഗ്യപ്രശ്നമായി മാറിയിരിക്കുന്നു. ഇത് പഞ്ചായത്തിന്റെ പല ഭാഗങ്ങളിലായി കാണുന്ന ഒരു പ്രവണതയാണ്.

**4. അമിതമായ കീടനാശിനി പ്രയോഗം**

കാർഷികവിളകളെ ബാധിയ്ക്കുന്ന കീടങ്ങളെ അകറ്റുന്നതിനുവേണ്ടി അനിയന്ത്രിതമായി കീടനാ

ശിനിപ്രയോഗം പഞ്ചായത്തിൽ വ്യാപകമാണ്. ഇത് ശത്രുകീടങ്ങളെ മാത്രമല്ല മിത്ര കീടങ്ങളെ കൂടി നശിപ്പിക്കുന്നു. ഇതിന്റെ വിഷാംശം പല തരത്തിലുള്ള ആരോഗ്യപ്രശ്നം സൃഷ്ടിക്കുകയും ചെയ്യുന്നു. അമിതമായ രാസവളപ്രയോഗം മണ്ണിന്റെ ഗുണത്തെ മരവിപ്പിക്കുന്നതായും കാണുന്നു.

**5. മണലൂറ്റ്**

അനിയന്ത്രിതമായ മണലൂറ്റ് കാരണം പ്രധാനമായും കരമനയാറിലേയും, ചിറ്റാറിലേയും മറ്റു കൈത്തോടിലേയും കര ഇടിച്ചിൽ ഉണ്ടാക്കുന്നതിനു കാരണമാകുകയും വമ്പിച്ച കൃഷി നാശം സംഭവിക്കുന്നതിന് വഴിയൊരുക്കുകയും ചെയ്യുന്നു.

**6. പാറപ്പൊട്ടിക്കൽ**

നമ്മുടെ പരിസ്ഥിതിയുടെ സംരക്ഷണസ്ഥാനത്ത് നില്ക്കുന്ന ചില മർമ്മ പ്രധാനമായ പാറകൾ പൊട്ടിക്കുന്നത് നിരവധി പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാകുന്നു. ഉദാഹരണം: മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ. ഈ പ്രവണത പഞ്ചായത്തിൽ അങ്ങിങ്ങായി കണ്ടുവരുന്നു. ഇതിൽ നിന്നും നമ്മുടെ പ്രദേശത്തെ സംരക്ഷിക്കേണ്ടതുണ്ട്.

**7. തോട് വെട്ടികുഴിക്കൽ**

ഈ പ്രവണത പഞ്ചായത്തിലെ കാർഷിക മേഖലയെ പ്രത്യേകിച്ച് നെൽകൃഷിയെ ബാധിക്കുന്ന ഒരു പ്രശ്നമാണ്. പഞ്ചായത്തിലെ വിവിധ തോടുകളെ സ്വകാര്യവ്യക്തികൾ പലപ്പോഴായി മണ്ണെടുത്ത് കുഴിക്കുന്നതിന്റെയും വർഷാവർഷം കരാറടിസ്ഥാനത്തിൽ നടത്തുന്ന വർക്കുകളുടെ ഭാഗമായി കൃഷിയിടത്തിൽ നിന്നും തോടുകളെ വളരെ താഴ്ത്തുന്നുണ്ട്. ഇത് വരമ്പുപൊട്ടി പോകുന്നതിനും ജലസേചനസൗകര്യം നഷ്ടപ്പെടുന്നതിനും കാരണമാകുന്നു.

**8. മണ്ണിടിച്ചിൽ**

പഞ്ചായത്തിന്റെ വിവിധ തേരി പ്രദേശങ്ങളിൽ മണ്ണിടിച്ചിലും മണ്ണൊലിപ്പും കാണുന്നുണ്ട്.

**9. അമിതമായ മരം മുറിയ്ക്കൽ**

നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് പാരമ്പര്യമായി കണ്ടു വരുന്ന മരങ്ങൾ അനിയന്ത്രിതമായി നശിപ്പിച്ചുവരുന്നതായി കാണുന്നു. ആ സ്ഥാനത്ത് പ്ലാന്റേഷൻ കടന്നുവരുന്നതായിട്ടാണ് കാണാൻ കഴിയുന്നത്. ഇത് നിരവധി പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. മേൽപ്പറഞ്ഞ പരിസ്ഥിതി പ്രശ്നം പരിഹരിച്ചു മുമ്പോട്ടുപോകേണ്ടത് നമ്മുടെ ജീവന്റെ നിലനില്പിന് അനിവാര്യമാണ്.

**പരിഹാരനിർദ്ദേശങ്ങൾ**

1. മലിനജലം ഒഴുക്കൽ നിയമം മൂലം നിയന്ത്രിക്കണം
2. റബ്ബർകൃഷി നടത്തുമ്പോൾ അതിരിൽനിന്നും മിനിമം ഏഴ് അടി എങ്കിലും അകത്തോട്ടുകയറ്റി നടണമെന്ന നിയമം കർശനമാക്കണം
3. റബ്ബർ റോളർ പ്രവർത്തിക്കുന്ന സ്ഥലങ്ങളിൽ മലിനജലം ഒഴുക്കിവിടുന്നതിന് ടാങ്കുകൾ നിർബന്ധമാക്കണം
4. തുറസ്സായ സ്ഥലങ്ങളിലെ മലമൂത്രവിസർജ്ജനം ഒഴിവാക്കാൻ പൊതുകക്കൂസുകൾ നിർമ്മിക്കുകയും ഒരോ വീടിനോടു ചേർന്നും കക്കൂസ് നിർമ്മിക്കേണ്ടതിന്റെ ആവശ്യം സാധാരണജനങ്ങളെ ബോധ്യമാക്കുകയും വേണം
5. അമിതമായ കീടനാശിനി പ്രയോഗവും രാസവളപ്രയോഗവും അപകടകരമാണെന്ന് ജനങ്ങളെ ബോധവൽക്കരിക്കണം
6. അനിയന്ത്രിതമായ മണലൂറ്റ്, തോട് വെട്ടികുഴിക്കൽ, പാറപൊട്ടിക്കൽ ഇവ കർശനമായി നിരോധിക്കുക.
7. ജലസേചനസൗകര്യത്തിനുവേണ്ടി തോടുകളിൽ സിമന്റും കരിങ്കല്ലും ഉപയോഗിച്ച് തടയണകൾ നിർമ്മിക്കണം
8. മണ്ണ് സംരക്ഷണപ്രവർത്തനങ്ങൾ പഞ്ചായത്തിൽ വിപുലവും ശക്തവുമാക്കേണ്ടതാണ്
9. പാരമ്പര്യവൃക്ഷങ്ങളെ സംരക്ഷിക്കാൻ വേണ്ട ബോധവൽക്കരണ നടപടികൾ സ്വീകരിക്കണം.

# വ്യവസായം

ഏതൊരു പ്രദേശത്തിന്റെയും അഭിവൃദ്ധിക്കും വികസനത്തിനും അനിവാര്യമായ ഘടകമാണ് വ്യവസായം. ഉഴമലയ്ക്കൽ പഞ്ചായത്തിലെ വ്യവസായ രംഗം പരിശോധിച്ചാൽ നാമമാത്രമായെങ്കിൽ പോലും എടുത്തുപറയത്തക്ക ഒരു വ്യവസായ സ്ഥാപനം ഇല്ലെന്നുള്ള ഒരു ദുഃഖ കരമായ സത്യം വെളിപ്പെടുന്നതാണ്. 1971-ൽ രൂപം കൊണ്ട ഈ പഞ്ചായത്തിൽ ആദ്യമായെത്തുന്ന ചെറുകിടവ്യവസായം 29-7-76 ന് മുൻമന്ത്രി ശ്രീ.എം.എൻ. ഗോവിന്ദൻനായർ ചക്രപാണിപുരത്ത് ഉത്ഘാടനം ചെയ്യപ്പെട്ട മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് മാത്രമാണ്. വിഭവസമൃദ്ധി, സാങ്കേതിപരിജ്ഞാനമുള്ള തൊഴിലാളികൾ ഗതാഗത സൗകര്യം എന്നിവയൊക്കെയുണ്ടായിരുന്നിട്ടും ചെറുകിട വ്യവസായരംഗത്ത് എടുത്തുപറയത്തക്ക പുരോഗതി നമുക്ക് കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.

പരമ്പരാഗത വ്യവസായങ്ങളിൽ ഈറ്റ, കയർ എന്നീ മേഖലയിൽ പത്തു വർഷത്തിന് മുമ്പുണ്ടായിരുന്ന തൊഴിലാളികളുടെ ആശ്രയത്വം ഇന്ന് ഇല്ലാതായിരിക്കുന്നു. പഞ്ചായത്തിലെ ചില കോണുകളിൽ ഈ തൊഴിലിൽ ഉപജീവനം കഴിക്കുന്നവരുടെ എണ്ണം ഇന്ന് നാമമാത്രമാണ്. തഴപായ് നിർമ്മാണ രംഗത്ത് ഒരു കുടുംബം മാത്രമാണ് അവശേഷിക്കുന്നത്. പരമ്പരാഗത വ്യവസായം ഇന്ന് നേരിടുന്ന പ്രതിസന്ധിക്കുള്ള പ്രധാന കാരണങ്ങൾ: അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം, വിപണന സൗകര്യങ്ങളുടെ അപര്യാപ്തത, കുറഞ്ഞ കുലി എന്നിവയാണ്.

ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ കീഴിൽ അയ്യപ്പൻകുഴിയിൽ ഒരു നൂൽ നൂൽപ്പ് കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. ഏകദേശം 40 ഓളം സ്ത്രീ തൊഴിലാളികൾ ടി.സ്ഥാപനത്തിൽ, തുച്ഛമായ വരുമാനത്തിൽ പണിയെടുക്കുന്നുണ്ട്. ഏഴെട്ട് കുടുംബം കുഴിത്തറി നെയ്ത്തുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്നു. ഇന്ന് ആകെയുള്ളത് പോങ്ങോട് മുരുക്കും മൂട്ടിലുള്ള ഒരു കുഴിത്തറി മാത്രമാണ്. തോളൂർ പോങ്ങോട് തുടങ്ങിയ ചില പ്രദേശങ്ങളിൽ തേനീച്ച വളർത്തൽ ഒരു കുടിൽ വ്യവസായമായി തുടരുന്നവരുമുണ്ട്.

### ചെറുകിട വ്യവസായം

ചക്രപാണിപുരത്ത് പ്രവർത്തിക്കുന്ന മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ തുടക്കത്തിൽ ടയർ ത്രഡ്, ചെരുപ്പിന്റെ സോൾ സ്ട്രാപ്പ്, അലുമിയപാത്ര നിർമ്മാണം, മഞ്ചമൂലയിൽ ചെരുപ്പ് ഫാക്ടറി, പുതുക്കുളങ്ങര പോങ്ങോട് എന്നിവിടങ്ങളിൽ ഓരോ തീപ്പെട്ടി നിർമ്മാണ യൂണിറ്റുകൾ പ്രവർത്തിച്ചിരുന്നു.

ഇതിൽ ടയർ ത്രഡ്, അലുമിനിയ പാത്ര നിർമ്മാണം മഞ്ചമുല ചെരുപ്പ് ഫാക്ടറി, തീപ്പെട്ടി നിർമ്മാണ യൂണിറ്റുകൾ എന്നിവ നാശോന്മുഖമായിട്ടുണ്ട്. അയ്യപ്പൻകുഴിയിൽ പ്രവർത്തിക്കുന്ന ചാക്കച്ചേരിൽ റബ്ബർ ലാറ്റക്സ് ക്രീം യൂണിറ്റ് പരിസര മലിനീകരണ പ്രശ്നം സൃഷ്ടിക്കുന്നുണ്ട്. മലിനീകരണത്തിന്റെ ദുഷ്യം അനുഭവിക്കേണ്ടി വന്ന പൊതുജനങ്ങളിൽ നിന്നും ഉയർന്നു വന്ന പരാതിയുടെ അടിസ്ഥാനത്തിൽ ചില പരിഹാരമാർഗ്ഗങ്ങൾ ഫാക്ടറി നടത്തിയിട്ടുണ്ട്. ആയത് എത്രമാത്രം ഫലവത്തായെന്ന് പറയുക വിഷമം തന്നെയാണ്.

ഈ പഞ്ചായത്ത് പ്രദേശത്ത് ഇന്ന് നിലനിൽക്കുന്ന ചെറുകിട വ്യവസായ സംരഭങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | എണ്ണം | തൊഴിലാളിവിവരം സ്ത്രീ | പുരു | ആകെ |
|---|---|---|---|---|---|
| 1. | ഹവായ് ചപ്പൽ | 1 | - | 6 | 6 |
| 2. | ചപ്പൽ സ്ട്രാപ്പ് | 1 | | 8 | 8 |
| 3. | പ്ലാസ്റ്റിക് കവർ | 1 | | 2 | 2 |
| 4. | റസൽപൾപ്പ് | 1 | | 4 | 4 |
| 5. | ലാറ്റക്സ് ക്രീം | 1 | - | 21 | 21 |
| 6. | ടയർ റീട്ടയറിംങ് | 1 | | 5 | 5 |
| 7. | ഹോളോബ്രിക്സ് സിമന്റ് ബ്ലോക്ക് ആട്ടോ മെറ്റിക് | 1 | 2 | 6 | 6 |
| 8. | ഹോളോ ബ്രിക്സ് കൈകൊണ്ടുള്ള | 1 | | 4 | 4 |
| 9. | എണ്ണയാട്ടു വ്യവസായം | 2 | | 4 | 4 |
| 10. | തടി അറപ്പ് | 3 | | 9 | 9 |
| 11. | ഫർണിച്ചർ | 4 | | 12 | 12 |
| 12. | വെൽഡിങ്ങ് വർക്ക് ഷോപ്പ് | 3 | | 10 | 10 |
| 13. | സ്ക്കൂട്ടർ വർക്ക് ഷോപ്പ് | 1 | | 4 | 4 |

ഈ പഞ്ചായത്തിന്റെ വ്യാവസായിക പിന്നോക്കാവസ്ഥയുടെ പൂർണ്ണ ചിത്രം മേൽ പട്ടിക വ്യക്തമാക്കുന്നു.

**വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ**

**1. റൂറൽ ആർട്ടിസാൻഡ് പ്രോഗ്രാം:**

ഈ പദ്ധതി പ്രകാരം ഗ്രാമങ്ങളിലും ഇരുപത്തിയയ്യാരത്തിൽ കുറഞ്ഞ ജനസംഖ്യയുള്ള പട്ടണങ്ങളിലും അധിവസിക്കുന്ന വിദഗ്ദ്ധതൊഴിലാളികൾക്ക് ചെറിയ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സാമ്പത്തികസഹായം ലഭിക്കുന്നതാണ്. 10,000 രൂപയിൽ കവിയാത്ത യന്ത്രോപകരണങ്ങൾക്ക് 1/3 സബ്സിഡിയോടുകൂടി (പരമാവധി 3000 രൂപ) സാമ്പത്തിക സഹായത്തിന് അർഹതയുണ്ട്. 750 'ടൂർ കിറ്റുകൾ' അർഹരായ വിദഗ്ദ്ധ തൊഴിലാളികൾക്ക് നൽകുന്നതിനും ഈ പദ്ധതിയിൽ വ്യവസ്ഥയുണ്ട്.

ഈ പദ്ധതി പ്രകാരം ഈ സാമ്പത്തിക വർഷം സബ്സിഡി ഇനത്തിൽ 15,500 രൂപ വെള്ളനാട് ബ്ലോക്കിനനുവദിച്ചിട്ടുണ്ട്. അതിൽ 3000 രൂപ (സബ്സിഡി) ഉഴമലയ്ക്കൽ പഞ്ചായത്തിലെ ഒരു വ്യവസായ സംരഭകയ്ക്ക് റെഡിമെയ്ഡ് വ്യവസായം തുടങ്ങുവാൻ വിനിയോഗിക്കുവാനുള്ള അപേക്ഷ തയ്യാറാക്കിയിട്ടുണ്ട്. വരും സാമ്പത്തിക വർഷങ്ങളിൽ കുറഞ്ഞത് രണ്ടു പേർക്കെങ്കിലും ഈ പദ്ധതിപ്രകാരം ആനുകൂല്യം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

**2. കരകൗശല വിദ്യയിൽ പരിശീലനം**

കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കികൊടുക്കാനും, അതുവഴി കരകൗശല രംഗം ഉയർത്തി കൊണ്ടുവരാനും വേണ്ടി തൊഴിലിൽ പരിശീലനം നൽകുന്നു. പരിശീലനത്തിനായി തെരഞ്ഞെടുക്കുമ്പോൾ പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് മുൻഗണന നല്കുന്നതാണ്. പരിശീലനം നൽകുന്ന കരകൗശല വിദഗ്ദ്ധർക്ക് പ്രതിഫലം നൽകുകയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഈ സഹായം ഗ്രാന്റായിട്ടാണ് നൽകുന്നതും. പരമാവധി 6 മാസമാണ് പരിശീലന പരിപാടി.

ഈ സാമ്പത്തിക വർഷം ഉഴമലയ്ക്കൽ പഞ്ചായത്തിൽ ഇത്തരം പരിശീലന പരിപാടി നടപ്പാക്കിയിട്ടില്ല. കരകൗശല വിദ്യയിൽ പരിശീലനം പ്രാഥമിക സഹകരണസംഘം വഴി ആയതുകൊണ്ട് അടുത്ത വർഷം സംഘം രജിസ്ടർ ചെയ്ത് ഇത്തരം പരിശീലന പരിപാടി നടപ്പിൽ വരുത്താവുന്നതാണ്.

**3. കരകൗശല തൊഴിലാളികൾക്ക് വാർദ്ധക്യകാല പെൻഷൻ**

അറുപതു വയസ്സു കഴിഞ്ഞ 1800 രൂപവരെ വാർഷിക വരുമാനമുള്ള വിദഗ്ദ്ധകരകൗശല തൊഴിലാളികൾക്ക് പ്രതിമാസം 250 രൂപ ക്രമത്തിൽ ഈ പദ്ധതി പ്രകാരം സർക്കാർ പെൻഷൻ നൽകുന്നു. ഈ പെൻഷൻ മരണം വരെയോ അല്ലെങ്കിൽ പ്രതിമാസ വരുമാനം 150 രൂപയിൽ കൂടുന്ന കാലം വരെയോ ലഭിച്ചു കൊണ്ടിരിയ്ക്കും.

ഈ സാമ്പത്തിക വർഷം ഈ പദ്ധതിപ്രകാരം ഫണ്ട് അനുവദിച്ചിട്ടില്ല. അടുത്ത സാമ്പത്തിക വർഷം ഒരു പഞ്ചായത്തിൽ കുറഞ്ഞത് രണ്ട് പേർക്കെങ്കിലും ഈ ആനുകൂല്യം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

### 4. പട്ടികജാതിയിൽപ്പെട്ട വ്യവസായ സംരംഭകർക്കുള്ള വായ്പ പദ്ധതി

പട്ടികജാതി ഘടക പദ്ധതിപ്രകാരം 50,000 രൂപാ വരെ വായ്പയായി ലഭിക്കുന്നതാണ്. ഈ പദ്ധതി പ്രകാരം 10000 രൂപ വരെയുള്ള പലിശയ്ക്കു വായ്പ ഈടാക്കുകയില്ല. 10000 രൂപയ്ക്കു മേൽ 15,000 വരെ 1% പലിശയും 15,000 രൂപയ്ക്കു മേലുള്ള വായ്പയ്ക്ക് 4% പലിശയും ഈടാക്കുന്നതാണ്. ഈ വായ്പയുടെ തിരിച്ചടക്കൽ കാലാവധി 12 വർഷം വരെ ലഭിക്കുന്നതാണ്.

ഈ പദ്ധതി പ്രകാരം ഈ സാമ്പത്തിക വർഷം ഉഴമലയ്ക്കൽ പഞ്ചായത്തിൽ 2 പേർക്ക് ഈ ആനുകൂല്യം ലഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി. അടുത്ത സാമ്പത്തിക വർഷങ്ങളിലും ഈ പദ്ധതി പ്രകാരം കുറഞ്ഞത് രണ്ട് പേർക്കെങ്കിലും ആനുകൂല്യം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

### 5. പട്ടിക വർഗ്ഗത്തിൽപ്പെട്ട വ്യവസായ സംരംഭകർക്കുള്ള വായ്പയും ഗ്രാന്റും

പട്ടികവർഗ്ഗ ഘടക പദ്ധതി പ്രകാരം വ്യവസായ സംരംഭകർക്ക് 15000 രൂപ വരെ സഹായധനമായും 35,000 രൂപ വരെ പലിശ രഹിത വായ്പയായും അനുവദിയ്ക്കാവുന്നതാണ്. (മൊത്തം 50,000 രൂപ)

ഈ പദ്ധതിപ്രകാരം വരും സാമ്പത്തിക വർഷങ്ങളിൽ ഈ പഞ്ചായത്തിൽ ഒരാൾക്കെങ്കിലും ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

വ്യവസായം തുടങ്ങി കഴിഞ്ഞ വ്യവസായസംരംഭകൾക്ക് വ്യവസായ ഡിപ്പാർട്ടുമെന്റിൽ നിന്നും സ്ഥിരം വ്യവസായ രജിസ്ട്രേഷൻ നൽകുന്നു. ഒരു വർഷം ഉഴമലയ്ക്കൽ പഞ്ചായത്തിൽ 12 വ്യവസായ യൂണിറ്റുകൾക്കെങ്കിലും എസ്.എസ്.ഐ രജിസ്ട്രേഷൻ നൽകാവുന്നതാണ്.

ഇപ്രകാരം സ്ഥിരം രജിസ്ട്രേഷൻ എടുത്ത വ്യവസായ യൂണിറ്റുകൾക്ക് ഗവൺമെന്റ് നൽകുന്ന സാമ്പത്തിക സഹായങ്ങളുടെ രൂപരേഖ ചുവടെ ചേർക്കുന്നു.

### 1. മാർജിൻ മണി വായ്പ

ഒരു വ്യവസായം തുടങ്ങാൻ ആവശ്യമുള്ള മൂലധനത്തിൽ ബാങ്കുകളോ ധനകാര്യസ്ഥാപനങ്ങളോ നൽകുന്ന വായ്പ തുക കഴിച്ചു ബാക്കി ആവശ്യമുള്ള തുകയാണ് മാർജിൻ മണി. ഇപ്രകാരമുള്ള തുകയുടെ 50 ശതമാനം പരമാവധി ഒരു ലക്ഷം രൂപ വരെ ദീർഘകാലവായ്പയായി 11.5 ശതമാനം പലിശയ്ക്ക് വ്യവസായ വകുപ്പിൽ നിന്നും നൽകുന്നു.

### 2. വ്യവസായ സബ്സിഡി

വ്യവസായത്തിനു മുടക്കുന്ന സ്ഥിരം മൂലധനത്തിന്റെ (സ്ഥലം, കെട്ടിടം, യന്ത്രസാമഗ്രികൾ) 15 ശതമാനം നിക്ഷേപ ധനമായി എല്ലാ ചെറുകിട വ്യവസായങ്ങൾക്കും നൽകുന്നു.

### 3. വില്പന നികുതിയിൽ നിന്നും ഇളവ് (Sale Tax Exemption)

ചെറുകിട വ്യവസായ യൂണിറ്റുകളെ ഉല്പാദനം ആരംഭിച്ച തീയതി മുതൽ ഏഴുവർഷത്തേയ്ക്ക് എല്ലാ വിധ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഈ തുക വ്യവസായ ആവശ്യത്തിനു മുടക്കിയിട്ടുള്ള സ്ഥിരം ആസ്തിക്കു തുല്യമായി നിജപ്പെടുത്തിയിട്ടുണ്ട്.

### 4. പിഡിത വ്യവസായ പുനരുദ്ധാരണം

വ്യവസായം നഷ്ടത്തിലാവുകയോ പ്രവർത്തനം നിലച്ചുപോവുകയോ ചെയ്യുന്ന അവസരത്തിൽ അവയുടെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിനുവേണ്ടി നൽകുന്ന സഹായമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പുനരുദ്ധാരണ പദ്ധതി പ്രകാരമുള്ള മാർജിൻ മണിയുടെ 50

ശതമാനം പരമാവധി ഒരു ലക്ഷം രൂപയായും പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് 2000 രൂപയും തുടങ്ങുന്നതിനുള്ള ചെലവ് ഇനത്തിൽ 50,000 രൂപ വരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ലഭിക്കുന്നു.

**5. വനിതാ വ്യവസായ പദ്ധതി**

സ്ത്രീകളുടെ ഉടമസ്ഥതയിലുള്ളതും 80 ശതമാനത്തിൽ കുറയാതെ വനിതകൾ ജോലിയെടുക്കുന്നതുമായ വ്യവസായ സ്ഥാപനങ്ങളുമാണ് വനിതാ വ്യവസായ യൂണിറ്റ്. ഇത്തരം യൂണിറ്റു കൾക്ക് താഴെ പറയുന്ന ആനുകൂല്യങ്ങൾ നൽകുന്നു.

1. കെട്ടിട ഗ്രാന്റ് : കെട്ടിടത്തിന് 50 ശതമാനം പരമാവധി 25000 രൂപ
2. മെഷനറി ഗ്രാന്റ് : യന്ത്രസാമഗ്രികളുടെ 50 ശതമാനം പരമാവധി 25000 രൂപ
3. വാടക ഗ്രാന്റ് : പ്രതിമാസം 500 രൂപാ വാടക നിരക്കിൽ ഗ്രാന്റ് ആദ്യത്തെ നാലു വർഷത്തേയ്ക്ക് 100 ശതമാനവും 75 ശതമാനം, 50 ശതമാനം, 25 ശതമാനം എന്ന ക്രമത്തിൽ ലഭിക്കുന്നു.
4. മാനേജീരിയൽ ഗ്രാന്റ് : വ്യവസായ യൂണിറ്റിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനായി നിയമിക്കപ്പെടുന്ന ഒരു മാനേജരുടേയും ഒരു സാങ്കേതിക വിദഗ്ദ്ധന്റെയും ശമ്പളം പരമാവധി പ്രതിമാസം 500 രൂപ നിരക്കിൽ ആദ്യത്തെ നാലുവർഷം 100%, 75%, 50%, 25% എന്ന ക്രമത്തിൽ ഗ്രാന്റായി ലഭിക്കുന്നു.

**6. പ്രധാനമന്ത്രിയുടെ തൊഴിൽ പദ്ധതി**

അഭ്യസ്തവിദ്യരായ തൊഴിൽരഹിത യുവതി യുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനു വേണ്ടി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണ് ഇത്. 18നും 35 നും വയസ്സിന് ഇടയിൽ പ്രായമുള്ള S.S.L.C വരെ പഠിച്ചിട്ടുള്ള കുടുംബവരുമാനം പ്രതിവർഷം 24000 രൂപ വരെ പഠിച്ചിട്ടുള്ളതമായ യുവജനങ്ങൾക്ക് വ്യവസായം, കച്ചവടം, സേവനം എന്നീ മേഖലയിൽ സ്വയം തൊഴിൽ കണ്ടെത്തുന്നതിന് 1.00,000 രൂപ വരെ ഒരാൾക്ക് വായ്പ നൽകുന്നതിനാണ് ഈ പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നത്.

ഉഴമലയ്ക്കൽ പഞ്ചായത്തിൽ ഒരു വർഷം കുറഞ്ഞത് 10 പേർക്കെങ്കിലും ഈ പദ്ധതി പ്രകാരം സാമ്പത്തിക സഹായം ലഭിക്കുന്നതാണ്. ഇതിനു വേണ്ടി വ്യവസായസംരംഭകരെ തെരഞ്ഞെടുക്കുന്നതിന് വ്യവസായ സെമിനാറുകൾ സംഘടിപ്പിക്കാറുണ്ട്.

**4. നുൽനൂൽപ്പ്, നെയ്ത്ത്, മെഴുകുതിരി, പ്ലാസ്റ്റിക് നിർമ്മാണങ്ങൾ**

മരങ്ങാട്, ചെപ്പാങ്ങോട്, അയ്യപ്പൻകുഴി, ചാരുംമൂട്, ഈ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ഖാദിഗ്രാമ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് വളരെയേറെ സാദ്ധ്യതയുണ്ട്. ടി തൊഴിലിൽ പ്രാവീണ്യമുള്ള സ്ത്രീ തൊഴിലാളികൾ ഇന്ന് തൊഴിൽരഹിതരായിട്ടുണ്ട്. സ്ത്രീകൾക്ക് തൊഴിലവസരം നല്കാൻ കഴിയുന്ന കൂടിൽ വ്യവസായങ്ങളായ കയർ, പപ്പട നിർമ്മാണം, ഈറ, മുള, ചൂരൽ കൊണ്ടുള്ള കരകൗശലവസ്തുക്കളുടെ നിർമ്മാണം, ഇഷ്ടിക നിർമ്മാണം എന്നിവയ്ക്ക് ഈ പഞ്ചായത്തിൽ ഏറെ സാദ്ധ്യതയുണ്ട്.

**റബ്ബർ അടിസ്ഥാനവ്യവസായം**

ഉഴമലയ്ക്കൽ പഞ്ചായത്തിലെ പ്രധാന കാർഷിക വിളകളാണ് റബ്ബർ, തെങ്ങ്, തുടങ്ങിയവ. റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്ക് ഇവിടെ സാദ്ധ്യതകളേറെയാണ്. ഒട്ടേറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിവുള്ള ഈ മേഖല വേണ്ട വിധം പ്രയോജനപ്പെടുത്തിയാൽ കോടികളുടെ വ്യവസായ ശൃംഖല തന്നെ പടുത്തുയർത്താം. റബ്ബർ അധിഷ്ഠിത വ്യവസായങ്ങളെക്കുറിച്ച്, വ്യവസായം തുടങ്ങാൻ ഉദ്ദേശിക്കുന്ന വ്യവസായ സംരംഭകർക്ക് റബ്ബർ ബോർഡിൽ നിന്നും പരിശീലനം നൽകു

ന്നുണ്ട്. ഓട്ടോ മൊബൈൽ, ടയറുകൾ, ട്യൂബുകൾ, ഇൻസ്ട്രിയൽ ലൈനിംഗ്, ഹോണുകൾ, മെഡിക്കൽ സർജിക്കൽ തുടങ്ങിയ ആവശ്യങ്ങൾക്കുള്ള ഉൽപ്പന്നങ്ങൾ, റബ്ബർ ബുഷുകൾ, കളിപ്പാട്ടങ്ങൾ തുടങ്ങിയ ആയിരക്കണക്കിനു വ്യവസായങ്ങൾ തുടങ്ങാവുന്നതാണ്. റബ്ബർ, നാഫ്തപോലുള്ള ലായനിയിൽ ലയിപ്പിച്ച് തയ്യാറാക്കിയെടുക്കുന്നതാണ് റബ്ബർ സൊലൂഷൻ. വൾക്കനൈസിംങും, കെമിക്കൽസും കൂട്ടി കലർത്തി ലാറ്റക്സിൽ നിന്നും ബലൂൺ, സർജിക്കൽ ഗ്ലൗസ്സ്, റബ്ബർ ബാൻഡ്, ക്രംബ് റബ്ബർ, കളിപ്പാട്ടങ്ങൾ തുടങ്ങിയവ നിർമ്മിക്കാം. മേന്മയേറിയ കാർബൺ ബ്ലാക്ക്, വേസ്റ്റ് റബ്ബറിൽ നിന്നും ഉല്പാദിപ്പിക്കാം.

**4. കോൺക്രീറ്റ് ഇഷ്ടിക**

വർദ്ധിച്ചു വരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ കണക്കിലെടുത്തു ആട്ടോമെറ്റിക് കോൺക്രീറ്റ് ഇഷ്ടിക ഫാക്ടറികൾ ഈ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ സ്ഥാപിക്കാവുന്നതാണ്.

**ഇഷ്ടികനിർമ്മാണം**

അമിതമൂലധനമോ, സാങ്കേതിക പരിജ്ഞാനമോ ഇല്ലാതെ തന്നെ പഞ്ചായത്തിന്റെ എല്ലാ മേഖലയിലും ഇഷ്ടിക നിർമ്മാണചൂളകൾ സ്ഥാപിക്കാവുന്നതാണ്. മുൻകാലങ്ങളിൽ ഉണ്ടായിരുന്നു. പല ചൂളകളും ഇന്ന് അപ്രത്യക്ഷമായികൊണ്ടിരിക്കുന്നു.

**സാദ്ധ്യതകൾ**

ഗ്രാമസഭാ റിപ്പോർട്ട് അവലോകനം ചെയ്തതിൽ ഈ പഞ്ചായത്തിന്റെ വിവിധ പ്രദേശത്ത് ചെറുകിട കുടിൽ വ്യവസായ സംരംഭത്തിന് വൻസാധ്യതകളാണ് ഉള്ളതെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ തന്നെ സ്ത്രീകൾക്ക് പ്രാതിനിധ്യം ലഭിക്കുന്ന നെയ്ത്ത്, നൂൽനൂൽപ്പ്, സുഗന്ധതിരി നിർമ്മാണം മെഴുകുതിരി നിർമ്മാണം, പ്ലാസ്റ്റിക് കൊണ്ടുള്ള ഉല്പന്നങ്ങൾ, റെഡിമെയ്ഡ് ഗാർമെന്റ്സ് മുതലായവ ഉൾപ്പെടുന്നു.

ഈ പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട നാണ്യവിളയാണ് റബ്ബർ. മൊത്തം ഭൂവിസ്തൃതിയുടെ പകുതിയോളം റബ്ബർകൃഷിയിൽ അധിഷ്ഠിതമാണ്. രണ്ടാമത്തെ പ്രധാനവിളയാണ് നാളികേരം. ഈ രണ്ട് ഉല്പന്നങ്ങൾക്ക് വൻവ്യവസായസംരംഭങ്ങൾ ആരംഭിക്കാൻ കഴിയുന്നതാണ്. ഈ അസംസ്കൃതവസ്തുക്കൾ വേണ്ടത്ര ഉപയോഗിക്കാത്തത് നമ്മുടെ തൊഴിൽ സാധ്യതകൾക്ക് മങ്ങലേല്പിക്കുന്നു.

**പ്രശ്നങ്ങൾ**

1. ലൈസൻസിങ്ങ് സമ്പ്രദായത്തിലെ സങ്കീർണ്ണത
2. വൈദ്യുതിയുടെ ലഭ്യത, വോൾട്ടേജ് കുറവ്, അപ്രഖ്യാപിത പവർകട്ട്
3. മൂലധന വായ്പാ സൗകര്യങ്ങളുടെ കുറവ്, കാലതാമസം
4. ഗതാഗത വാർത്താവിനിമയസൗകര്യത്തിന്റെ അഭാവം
5. വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവം
6. വിപണന സൗകര്യത്തിന്റെ കുറവ്

**നിർദ്ദേശങ്ങൾ:**

1. ലൈസൻസിങ്ങ് ചട്ടങ്ങൾ ലഘുകരിക്കുകയും ഇക്കാര്യത്തെ കുറിച്ച്, വ്യവസായ വകുപ്പ് വേണ്ടത്ര അറിവ് ലഭ്യമാക്കുകയും ചെയ്യുക
2. വൈദ്യുതി ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുക, വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ സത്വര നടപടികൾ സ്വീകരിക്കുക
3. പുതിയൊരു തൊഴിൽ സംസ്ക്കാരം വളർത്തുന്നതിനാവശ്യമായ പരിജ്ഞാനം നൽകുക
4. ദേശാസാൽകൃത ബാങ്കുകൾ, സഹകരണ സ്ഥാപനങ്ങൾ ഇവയുടെ കൂട്ടായ പ്രവർത്തനങ്ങളിലൂടെ തൊഴിൽ സംരംഭകന് ഉദാരസമീപനത്തിലൂടെ യഥാസമയം വായ്പ അനുവദിയ്ക്കുക
5. മെച്ചപ്പെട്ട ഗതാഗത വാർത്താവിനിമയസൗകര്യം ലഭ്യമാക്കുക
6. പഞ്ചായത്തിന്റെ നേതൃത്വത്തിൽ സംഭരണവിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുക. ●

# ഗതാഗതം – ഊർജ്ജം – വാർത്താവിനിമയം

ഈ പഞ്ചായത്തിലെ ഗതാഗത സൗകര്യങ്ങളെ റോഡ് ഗതാഗതം-ജലഗതാഗതം എന്നിങ്ങനെ രണ്ടായി തിരിക്കാം. ജലഗതാഗതം നാമമാത്രമായി ചുരുങ്ങുമ്പോൾ റോഡ് ഗതാഗതം വളരെ പ്രധാനമായി നിലനിൽക്കുകയാണ്. എല്ലാ ഗ്രാമസഭ ചർച്ചകളിലും വളരെ സജ്ജീവമായി ചർച്ച നടത്തുന്ന ഗ്രൂപ്പുകളിൽ ഒന്നാണ് ഗതാഗതം. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി നിരവധി ചെറുതും വലുതുമായ റോഡുകൾ ഉണ്ട്. പൂർണ്ണമായും ഗതാഗതയോഗ്യമായ റോഡുകളുടെ എണ്ണം താരതമ്യേന കുറവാണ്. തിരുവനന്തപുരവും അംബാസമുദ്രവുമായി ബന്ധിപ്പിക്കുന്ന ഷോർലാകോട് റോഡ് നമ്മുടെ പഞ്ചായത്തിലൂടെയാണ് കടന്നുപോകുന്നത്. മണ്ണൂർക്കോണം റോഡ്, മരങ്ങാട്ട്-വലിയ കലുങ്ങ്-പറങ്ങോട് റോഡ്, ചാരുംമൂട്-നല്ലിക്കുഴി-അയ്യപ്പൻക്കുഴി റോഡ് എന്നിവ പി.ഡബ്ളിയു.ഡി റോഡുകളാണ്.

ഈ പഞ്ചായത്ത് നിവാസികൾ യാത്ര ചെയ്യുന്നതിന് വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിച്ചു വരികയാണ്. ഉഴമലയ്ക്കൽ വഴി നെടുമങ്ങാട്ടേക്കും, കാട്ടാക്കടയ്ക്കും പോകുന്ന ബസ്സുകളുടെ എണ്ണം പോലും ആവശ്യത്തിനനുസരിച്ച് ഇല്ല. ഇവിടെ നിന്നും തലസ്ഥാനനഗരിയിലേയ്ക്കും, മെഡിക്കൽകോളജ് പോലുള്ള അത്യാവശ്യമായി യാത്ര ചെയ്യേണ്ടിവരുന്ന സ്ഥലങ്ങളിലേയ്ക്കും നേരിട്ടുള്ള ബസ്സ് സർവ്വീസുകൾ ഫലത്തിൽ ഇല്ല എന്നു പറയാം. മറ്റേ ഇടറൂട്ടുകൾ പരിശോധിക്കുമ്പോൾ നാമമാത്രമായ ബസ്സ് സർവ്വീസ് മാത്രമേ ഉള്ളു; 1. ചാരുംമൂട്-നെല്ലിക്കുഴി റൂട്ട്, 2. കാരനാട്-പരുത്തിക്കുഴി റൂട്ട്, 3. കുളപ്പട- പനയ്ക്കോട് റൂട്ട്, 4. മരങ്ങാട്-പറങ്ങോട് റൂട്ട് ഈ റൂട്ടുകളിൽ അടുത്ത് കാട്ടാക്കട ഡിപ്പോ ഉണ്ടെങ്കിലും നെടുമങ്ങാട് ഡിപ്പോയിൽ നിന്നുള്ള വിരൽ എണ്ണാവുന്ന സർവ്വീസുകൾ മാത്രമെ നിലവിൽ ഉള്ളു. ഈ പഞ്ചായത്തിലെ സിറ്റി സർവ്വീസ് എത്തുന്നത് (തൊട്ടുപോകുന്നത്) പുതുകുളങ്ങര മാത്രമാണ്. പൊതുവിൽ യാത്രാ ദുരിതം അനുഭവിക്കുന്ന ജനങ്ങൾ ടക്കർ, ടെംബോ, മുതലായ സ്വകാര്യവാഹനങ്ങളെയാണ് ആശ്രയിക്കുന്നത്.

70 ഓളം ചെറു റോഡുകൾ പഞ്ചായത്തിനുള്ളിലുണ്ട്. ഇവയിൽ പലതും ഗതാഗതയോഗ്യമല്ല.

ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കേണ്ട റോഡുകൾ:

1. ഒന്നാം വാർഡിലെ പുളിമൂട്-മുതുവണ്ടാൻ കുഴി റോഡ്
2. കുളപ്പട വാർഡിൽ:കാവുവിള-വാലുകോണം റോഡ്
3. കുളപ്പട-മൊണ്ടിയോട് റോഡ്
4. എലിയാവൂർ-വാലുകോണം റോഡ്
5. കുര്യാത്തി വാർഡിൽ:കുര്യാത്തി-മരങ്ങാട് റോഡ്
6. വാലുകൊണം-ഇരപ്പിൽ റോഡ്
7. കുര്യാത്തി-പള്ളിവേട്ട റോഡ്
8. പോങ്ങോട് വാർഡിലെ-പോങ്ങോട്-വലിയ മേങ്കാട് റോഡ്
9. പോങ്ങോട്-കിളിയണ്ണി റോഡ്
10. കത്തിക്കുംപാറ-മുതിയകോട് റോഡ്
11. മുമ്പാല-കിഴക്കുപുറം റോഡ്
12. മരങ്ങാട്-അരുവിയോട്-കുര്യാത്തി റോഡ്
13. വലിയവിള-മൊങ്ങിയോട് റോഡ്

14. പേരിലവാർഡിൽ:മന്ത്രിക്കുഴി-കാഞ്ഞിരംപാറ റോഡ്
15. നെടിയവേങ്കാട്-കാഞ്ഞിരംപാറ റോഡ്
16. കുഴിവിള-ശാസ്താംപാറ റോഡ്
17. കിഴങ്ങുവിള കുന്ന്-പൊങ്ങല്ലി റോഡ്
18. വേങ്കോട്ടുകുന്ന്-പൂപ്പറം റോഡ്
19. കിഴക്കുപുറം-മുമ്പാല റോഡ്
20. വണ്ടയ്ക്കൽ-കിഴക്കും പുറം റോഡ്

### ബന്ധിപ്പിക്കേണ്ട റോഡുകൾ

1. കാവുവിള വാലൂകോണം റോഡ് ഇരപ്പിൽ-മരങ്ങാട് റോഡുമായി ബന്ധിപ്പിക്കുന്ന പണി പൂർത്തിയാക്കുക
2. എസ്.എൻ.എച്ച്.എസ്-അമ്പലത്തുംകുഴി-കുണ്ടയത്ത്കോണം കുളപ്പട എൽ.പി.എസ്-മായി ബന്ധിപ്പിക്കുന്ന പണി പൂർത്തിയാക്കുക
3. ആനയടക്കി-പൂപ്പുറം റോഡും എലിയാവൂർ-വാലൂകൊണം റോഡുമായി ബന്ധിപ്പിക്കുക
4. വാലൂകൊണം-പൂപ്പുറം റോഡ് പൂപ്പുറം അയ്യപ്പൻകുഴി റോഡുമായി ബന്ധിപ്പിക്കുക
5. കുര്യാത്തി-പള്ളിവേട്ട റോഡ് പേരില റോഡുമായി ബന്ധിപ്പിക്കുക
6. കടുവാകുഴി-കിളിയണ്ണി റോഡുമായി ബന്ധിപ്പിക്കുക
7. കിഴക്കുപുറം വണ്ടയ്ക്കൻ റോഡ് മുമ്പാല റോഡുമായി ബന്ധിപ്പിക്കുക

### വികസിപ്പിക്കേണ്ട റോഡുകൾ

1. പാങ്ങിയാം കോണം പാറയം വിളാകം റോഡ് ആയി വികസിപ്പിക്കുക
2. മുതിയാൻകൊണം റോഡിൽ നിന്നും എലിയാവൂർ വരെ ബണ്ട് പിടിക്കുക
3. അയ്യപ്പൻകുഴി-പരുത്തിക്കുഴി റോഡുമായി ബന്ധിപ്പിക്കുന്നതിനുള്ള ഒരു പാലം പണിയുക
4. മുമ്പാല-പള്ളിനടപാലം പണിയുക
5. മുതിയകോട്-കത്തിക്കംപാറയുമായി കലുങ്ങ് പണിയുക
6. മലവിള-പരുത്തികുഴിയുമായി ബന്ധിപ്പിക്കാൻ ചിറ്റാറിൽ ഒരു പാലം നിർമ്മിക്കുക

പഞ്ചായത്ത് റോഡുകൾ വർഷാവർഷം അറ്റകുറ്റപണികൾ ചെയ്യുന്നതിലേയ്ക്ക് ആവശ്യമായിടത്ത് ഓട നിർമ്മിക്കുന്നതിനും സൈഡ് വാൾ നിർമ്മിക്കുന്നതിന് ആവശ്യമായ ഫണ്ട് നീക്കിവയ്ക്കുക.

### ബസ്സ് സർവ്വീസുകൾ

1. കാട്ടാക്കട ഡിപ്പോയിൽ നിന്നും കുളപ്പട-കുര്യാത്തി ബസ്സ് സർവ്വീസ് ആരംഭിക്കുക
2. പാലോട് ഡിപ്പോയിൽ നിന്നും പനയ്ക്കോട്-കുര്യാത്തി കുളപ്പട-കാട്ടാക്കട ബസ്സ് സർവ്വീസ് ആരംഭിക്കുക
3. നെടുമങ്ങാട് ഡിപ്പോയിൽ നിന്നും കുളപ്പട-പനയ്ക്കോട് സർക്കുലർ സർവ്വീസുകളുടെ എണ്ണം വർദ്ധിപ്പിക്കുക
4. കുര്യാത്തിയിൽ വരുന്ന ബസ്സുകൾ കുളപ്പട വരെ നീട്ടുക
5. പുതുകുളങ്ങര വന്നു പോകുന്ന സിറ്റി സർവ്വീസ് പുളിമൂട് വരെ നീട്ടുക
6. നെടുമങ്ങാട് ഡിപ്പോയിൽ നിന്നും ഉഴമലയ്ക്കൽ അയ്യപ്പൻകുഴി വഴിയുള്ള ബസ്സുകളുടെ എണ്ണം വർദ്ധിപ്പിക്കണം
7. സിറ്റി സർവ്വീസ് സ്ക്കൂൾ സമയത്തിന് അനുയോജ്യമായി അയ്യപ്പൻകുഴി വരെ നീട്ടുക

8. നെടുമങ്ങാട് നിന്ന് അയ്യപ്പൻകുഴി കുളപ്പട-ആര്യനാട് സർക്കുലർ സർവ്വീസ് ആരംഭിക്കുക

9. നെടുമങ്ങാട് ഡിപ്പോയിൽ നിന്നും ഉഴമലയ്ക്കൽ-അയ്യപ്പൻകുഴി വഴി പേരിലവരെ ബസ്സ് സർവ്വീസ് ആരംഭിക്കുക

10. നെടുമങ്ങാട് ഡിപ്പോയിൽ നിന്നും മരങ്ങാട് വഴി പറങ്ങോട്ടേയ്ക്കുള്ള ബസ്സ് സർവ്വീസ് വർദ്ധിപ്പിക്കുക

**പുതിയ ബസ്സ് റൂട്ടുകൾ ആരംഭിക്കേണ്ട നിർദ്ദേശങ്ങൾ**

1. നെടുമങ്ങാട് ഡിപ്പോയിൽ നിന്നും പുളിമൂട്-വണ്ടയ്ക്കൽ ഇറവൂർആര്യനാട് സർക്കുലർ ആരംഭിക്കുക

2. നെടുമങ്ങാട് നിന്നും വണ്ടയ്ക്കൽ-ഇറവൂർ പറങ്ങോട് സർക്കുലർ സർവ്വീസുകൾ നിർബന്ധമായും ആരംഭിക്കണം

3. നെടുമങ്ങാട് നിന്നും മരങ്ങോട്-മേൽതോട്ടം ബസ്സ് സർവ്വീസ് ആരംഭിക്കുക

4. നെടുമങ്ങാട് നിന്നും ഉഴമലയ്ക്കൽ-അയ്യപ്പൻക്കുഴി-കുര്യാത്തി-കുളപ്പടസർക്കുലർ സർവ്വീസ് ആരംഭിക്കുക

ഷോർളകോട്-പൊൻമുടി റോഡുകളെ ബന്ധിപ്പിക്കുന്ന കാരനാട്-അയ്യപ്പൻകുഴി പേരില-മുള്ളുവേങ്ങാമൂട് റോഡ് പി.ഡബ്ളിയു.ഡി ഏറ്റെടുക്കുക.

ഇത്തരത്തിൽ യാത്രാ ചരക്കു ഗതാഗത സംവിധാനങ്ങൾ വിപുലപ്പെടുത്തേണ്ടതായിട്ടുണ്ട്.

**നിർദ്ദേശങ്ങൾ**

1. ബസ്സ് റൂട്ടുകളുടെ സമയം മാറ്റുമ്പോൾ യഥാസമയം ജനപ്രതിനിധികളുമായി ആലോചിക്കുക

2. ഇലക്ട്രിക് പോസ്റ്റ്, ടെലിഫോൺ പോസ്റ്റ് ഇവ ആവശ്യമുള്ള സൈഡിലേയ്ക്ക് മാറ്റാൻ നടപടി സ്വീകരിക്കുക

3. റോഡ് സംരക്ഷണത്തിനായി ആവശ്യമുള്ളിടത്ത് ഓടകൾ പണിയുക.

4. അപകടകരമായ വളവുകൾ നിവർത്തി സൈഡ് വാൾ കെട്ടി സംരക്ഷിക്കുക

ഉഴമലയ്ക്കൽ പ്രദേശത്ത് വൈദ്യുതിക്ഷാമം പരിഹരിയ്ക്കുന്നതിന് കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിയ്ക്കുവാനുള്ള കാറ്റാടിയന്ത്രം സ്ഥാപിയക്കുന്നതിനുള്ള സൗകര്യം മങ്ങാട്ടുപാറ വാണിയംപാറ എന്നിവിടങ്ങളിൽ ഉണ്ട് അവ പരിശോധിച്ചു വേണ്ട നടപടികൾ സ്വീകരിയ്ക്കണം.

വിത്തിന്റെ അമിതമായ ഉപഭോഗം കുറയ്ക്കാൻ ഭക്ഷത കൂടിയ അടുപ്പുകൾ ഉപയോഗിയ്ക്കാൻ ജനങ്ങളെ ബോധവാന്മാരാക്കണം. മണ്ണെണ്ണ ആവശ്യത്തിനു ലഭ്യമാക്കാൻ വേണ്ട അടിയന്തിര നടപടികൾ ആരംഭിയ്ക്കണം.

**വാർത്താ വിതരണം**

പൊതുവിൽ ആശാവഹമല്ലാത്ത വിധമാണ് ഈ പഞ്ചായത്തിൽ വാർത്താവിനിമയരംഗം. പോസ്റ്റൽ സർവ്വീസ് രംഗം വളരെ മോശമല്ലാത്ത വിധത്തിൽ പഞ്ചായത്തിൽ നിലവിലുണ്ട്. എന്നാൽ ടെലികമ്മ്യൂണിക്കേഷൻ രംഗം വളരെ അപര്യാപ്തമായ നിലയിലാണ് നില്ക്കുന്നത്. പത്രമാസികകളും ടെലിവിഷൻ റേഡിയോ മുതലായവയുടെ വ്യാപനം താരതമ്യേന മോശമല്ല.

ഈ പഞ്ചായത്ത് പ്രദേശത്ത് നാല് പോസ്റ്റ് ഓഫീസുകൾ നിലവിലുണ്ട്.

1. കുളപ്പട
2. പരുത്തിക്കുഴി
3. മരങ്ങാട്
4. പുതുക്കുളങ്ങര

എന്നാൽ പഞ്ചായത്തിന്റെ വ്യാപ്തി കണക്കിലെടുക്കുമ്പോൾ ലറ്റർ ബോക്സുകൾ അപര്യാപ്തമാണ്. നെടിയവേങ്കാട് വാലൂക്കോണം കാഞ്ഞിരം

പാറ, പോങ്ങോട്, കിളിയത്തി മുതലായ സ്ഥലങ്ങളിൽ ലറ്റർ ബോക്സുകൾ ആരംഭിയ്ക്കണം. ലക്ഷം വീട് കോളനികളിലും ഹരിജൻ ഗിരിജൻ കോളനികളിലും റ്റി.വി, റേഡിയോ, കാസറ്റുകൾ സ്ഥാപിക്കണം.

ഈ പഞ്ചായത്തിലെ രണ്ട് പ്രധാന കടത്തുകളാണ് എലിയാവൂരും, മഞ്ചൻമൂലയും. ഈ മേഖലയിലെ യാത്രാ ദുരിതം പരിഹരിക്കുന്നതിലേയ്ക്ക് വേണ്ടി ഈ കടത്തുകളിൽ എത്രയും വേഗം പാലങ്ങൾ നിർമ്മിക്കേണ്ടതാണ്.

## ഊർജ്ജം

ഊർജ്ജ പ്രതിസന്ധി കൊണ്ട് വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിയ്ക്കുന്ന ഒരു പഞ്ചായത്താണ് ഉഴമലയക്കൽ. പഞ്ചായത്തിന്റെ പല ഭാഗത്തും വൈദ്യുതി ഇന്നും എത്തിച്ചേർന്നിട്ടില്ല. എത്തിച്ചേർന്നിടത്ത് വളരെധികം വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നുണ്ട്.

1. പഞ്ചായത്തിന്റെ പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന ലക്ഷം വീടുകോളനികളിലും ഹരിജൻ കോളനികളിലും അടിയന്തിരമായി വൈദ്യുതി എത്തിയ്ക്കണം
2. പഞ്ചായത്തിന്റെ പ്രധാന വീഥികളിലും നടപ്പാതകളിലും തെരുവ് വിളക്കുകൾ സ്ഥാപിയ്ക്കണം
3. പഞ്ചായത്തിന്റെ പ്രധാന കവലകളിൽ മെർക്കുറി ലാമ്പുകൾ സ്ഥാപിക്കണം
4. ശക്തമായി അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം എത്രയും വേഗം പരിഹരിയ്ക്കണം
5. വൈദ്യുതി എത്തിയ്ക്കാൻ കഴിയാത്ത സ്ഥലങ്ങളിൽ സോളാർവിളക്കുകൾ സ്ഥാപിയ്ക്കണം
6. കൃഷി ആവശ്യത്തിനുവേണ്ടി വൈദ്യുതി കണക്ഷന് കാത്തിരിയ്ക്കുന്ന അപേക്ഷകൾക്കു വേഗം കണക്ഷൻ നൽകണം
7. ഗാർഹിക വ്യാവസായിക ആവശ്യത്തിനായി വൈദ്യുത കണക്ഷന് കാത്തിരിയ്ക്കുന്ന ഉപഭോക്താക്കൾക്ക് കണക്ഷൻ നൽകുന്നതിനുള്ള സത്വരനടപടികൾ ആരംഭിയ്ക്കണം

ടെലികമ്യൂണിക്കേഷൻ രംഗം വളരെ മോശമായ നിലയിലായതിനാൽ ഈ പഞ്ചായത്തിൽ ഒരു ടെലിഫോൺ എക്സ്ചേഞ്ച് ആവശ്യമാണ്. ഈ പഞ്ചായത്തിൽ നിന്നു മാത്രമായി 1500ൽ പരം അപേക്ഷകൾ കണക്ഷൻ പ്രതീക്ഷിച്ചു വർഷങ്ങളായി കാത്തിരിയ്ക്കുകയാണ്. കണക്ഷൻ നൽകുന്നതിലേയ്ക്കു വേണ്ടി അടിയന്തിര നടപടികൾ ഉണ്ടാകണം.

പൊതുജന ഉപയോഗത്തിനായി കുളപ്പട കുര്യാത്തി അയ്യപ്പൻകുഴി പുതുക്കുളങ്ങര എന്നീ സ്ഥലങ്ങളിൽ പബ്ലിക് ടെലഫോൺ ബുത്തുകൾ ആരംഭിയ്ക്കണം. ഈ രംഗത്തുള്ള അപര്യാപ്തത പരിഹരിയ്ക്കുന്നതിലേയ്ക്കുവേണ്ടി സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

✡ ✡ ✡ ✡

# ഭവന നിർമ്മാണം, സാമൂഹ്യക്ഷേമം

ഭവന നിർമ്മാണം:- പാർപ്പിട സൗകര്യത്തിന്റെ കാര്യത്തിൽ ഈ പഞ്ചായത്ത് തൃപ്തികരമായ അവസ്ഥയിലല്ല. എങ്കിലും കഴിഞ്ഞ അഞ്ചുവർഷത്തോളമായി ഗൾഫ് പണത്തിന്റെ സ്വാധീനം പഞ്ചായത്തിന്റെ മിക്കപ്രദേശങ്ങളിലും ആധുനിക സജ്ജീകരണങ്ങളോട്കൂടിയ വീടുകൾ നിർമ്മിക്കുന്നതിനു പ്രേരകമാകുന്നു. ഉഴമലയ്ക്കലിലെ 44% വീടുകളും കുടിലുകളുടെ പട്ടികയിൽ ഉൾപ്പെടുന്നു. 25% ഓടു പാകിയതും 20% വീടുകൾ ഓലമേഞ്ഞതും 10% വീടുകൾ കോൺക്രീറ്റ് മേൽപ്പുരയുള്ളതുമാണ്. ഭൂരിഭാഗം വീടുകളുടെയും തറ പരമ്പരാഗതമായ രീതിയിൽ മണ്ണും, ചാണകവും ഉപയോഗിച്ച് നിർമ്മിച്ചിരിക്കുന്നു. നാല് ലക്ഷം വീടുകളും മൂന്ന് നാല് സെന്റ് കോളനികളും പഞ്ചായത്തിലുണ്ട്.

അനുബന്ധം 1-14A

**ലക്ഷം വീടു കോളനികൾ**

| വാർഡ് | കോളനി | വീട്(എണ്ണം) | കുടുംബം |
|---|---|---|---|
| ഗുനാവ II | കിഴക്കുപുറം | 11 | 22 |
| പോങ്ങോട് 3 | പോങ്ങോട് | 10 | 20 |
| കുര്യാത്തി 5 | കുര്യാത്തി | 21 | 42 |
| അയ്യപ്പൻകുഴി VII | അയ്യപ്പൻകുഴി | 8 | 16 |
| | ആകെ | 50 | 100 |

**സെറ്റിൽമെന്റ് കോളനി (4 സെന്റ്)**

| വാർഡ് | സ്ഥലം | വീട് (എണ്ണം) | ഗുണ ഭോക്താക്കൾ |
|---|---|---|---|
| മുമ്പാല II | പുളിമൂട്ചിറയിൽ | 9 | 28 പേർക്ക് |
| എലിയാവൂർ VII | വേങ്കോട് കുന്ന് | 9 | 14 പേർക്ക |
| | മഞ്ചംമൂല | 9 | 11 പേർക്ക് |
| പരുത്തിക്കുഴി X | നല്ലിക്കുഴി | 12 | 14 പേർക്ക് |

വട്ടപ്പുല്ല് വാണിയം പാറയിൽ 10 സെന്റ് വീതം 40 പേർക്ക് മിച്ചഭൂമി വിതരണം ചെയ്തു. ഇവിടെ നിലവിൽ 10 വീടുകൾ ഉണ്ട്.

ഉഴമലയ്ക്കൽ വില്ലേജിൽ നിന്നും അനുവദിച്ച വീടുകളുടെ എണ്ണം താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| 1-ാം ഘട്ടം | 114 | 684000 |
| 2-ാം ഘട്ടം | 8 | 48000 |
| 3-ാം ഘട്ടം | 50 | 45000 |
| കൈരളി | 0 | 90000 |
| F.V.S. | 107 | 1605000 |

ഈ പഞ്ചായത്തിൽ ഭൂരിഭാഗം ജനങ്ങളും സാമ്പത്തികമായും നിൽക്കുന്നതിനാൽ വാസയോഗ്യമായ പാർപ്പിടങ്ങൾ നിർമ്മിക്കുന്നതിന് ഗവൺമെന്റിൽ നിന്നും ഇതര ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സബ്സിഡികളോട് കൂടിയ വായ്പകൾ ലഭ്യമാകേണ്ടതുണ്ട്. കൂടാതെ ആധുനിക രീതിയിലുള്ള ചിലവ് കുറഞ്ഞ ഭവന നിർമ്മാണ രീതികളെക്കുറിച്ച് ജനങ്ങൾക്ക് കൂടുതൽ അറിവും പ്രോത്സാഹനവും നൽകേണ്ടതുമാണ്.

കെട്ടിടനിർമ്മാണ സാമഗ്രികളുടെ അമിതമായ വിലവർദ്ധനവും ഭവന നിർമ്മാണ വായ്പ പദ്ധതികളുടെ പോരായ്മകളും ഈ രംഗത്തെ പ്രധാന വെല്ലുവിളികളായി നിലനിൽക്കുന്നു. കൂടാതെ സർക്കാർ നൽകുന്ന ധനസഹായ പദ്ധതികളും ബ്ലോക്കുവഴി നടപ്പാക്കാൻ RUF - GP - ARY പോലുള്ള പദ്ധതികളുടെ തുകയിലുള്ള അപര്യാപ്തതയും കെട്ടിട നിർമ്മാണ രംഗത്ത് നിന്ന് പിന്തിരിപ്പിക്കുന്നു. പ്രകൃതി ക്ഷോഭത്തിൽ വീടുകൾ നഷ്ടപ്പെടുന്നവർക്ക് അനുവദിക്കുന്ന സാമ്പത്തിക സഹായം യഥാർത്ഥഗുണഭോക്താക്കൾക്ക് ലഭിക്കുന്നില്ലെന്നതും ഈ രംഗത്തെ ഒരു പ്രധാന പ്രശ്നമാണ്.

ലക്ഷം വീടുകോളനിയിൽ ഹരിജൻ ഗിരിജൻ കോളനികൾക്ക് കാലാകാലങ്ങളിൽ കേടുപാടുകൾ തീർത്ത് വാസയോഗ്യത്തിന് പഞ്ചായത്ത് തലത്തിൽ ഫണ്ടുമാറ്റിവെയ്ക്കണം.

**ആവശ്യങ്ങൾ**

1. ദുർബല വിഭാഗങ്ങൾക്കുള്ള ഭവനനിർമ്മാണ

വായ്പകൾ ഉദാരമാക്കുക.

2. സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഭൂമി നൽകി വീടു വെയ്ക്കുന്നതിനുള്ള ധനസഹായവും ലഭ്യമാക്കുകയും വീട് വെയ്ക്കുന്നു എന്ന് ഉറപ്പ് വരുത്തുകയും വേണം.

3. വീടുകളുടെ അറ്റക്കുറ്റ പണികൾ ചെയ്യുന്നതിനും ഓട് മേയുന്നതിനും സാമ്പത്തികസഹായം നൽകുന്നതിനുള്ള പദ്ധതികൾ പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കുക.

4. പഞ്ചായത്തിലെ ലക്ഷം വീട് കോളനികളും ഹരിജൻ ഗിരിജൻ കോളനികളും വാസയോഗ്യമാക്കുന്നതിനും വൈദ്യുതീകരിക്കുന്നതിനും വേണ്ടി അടിയന്തിര നടപടികൾ സ്വീകരിക്കുക.

5. പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും മറ്റുപിന്നോക്കവിഭാഗങ്ങൾക്കുമുള്ള ഭവനവായ്പകൾ ഉദാരവത്ക്കരിക്കണം.

6. പ്രകൃതി ക്ഷോഭത്തിൽ വീടുനഷ്ടപ്പെട്ടവർക്കുള്ള ധനസഹായം പഞ്ചായത്ത് കമ്മിറ്റിയുടെ ശുപാർശപ്രകാരമാക്കുക.

7. കെട്ടിട നിർമ്മാണ സാമഗ്രികൾ സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രദേശത്ത് ലഭ്യമാക്കുന്നതിനുള്ള സംവിധാനമുണ്ടാക്കുക.

8. പുറമ്പോക്കുകളിൽ അനുവിദിക്കുന്ന ഭൂരഹിതരായ ആൾക്കാരെ കണ്ടെത്തി അവരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

9. കെട്ടിട നികുതി നിയമങ്ങൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ന്യായമായ നികുതി ഈടാക്കണം.

**സാമൂഹ്യക്ഷേമം**

ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കുന്നതിലേക്കായി നിരവധി സാമൂഹ്യക്ഷേമ പദ്ധതികൾ സർക്കാർ നടപ്പിലാക്കിവരുന്നുണ്ട് സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ഒരു വിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തുന്നതിന് വേണ്ടി ഇന്ന് നിലനിൽക്കുന്ന പല പദ്ധതികളും യഥാർത്ഥഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളും തൊഴിൽദാന പദ്ധതികളും ഭാരതത്തിന്റെ യഥാർത്ഥ ലക്ഷ്യം കൈവരിക്കുന്നില്ല എന്നുള്ളതും ഒരു വസ്തുതയാണ്. 1996-ലെ IRDP സർവ്വേ പ്രകാരം രണ്ടായിരത്തി ഇരുന്നൂറ്റി ഇരുപത്തിരണ്ട് കുടുംബങ്ങൾ ദരിദ്ര രേഖയ്ക്ക് താഴെയാണെന്ന് കാണുന്നു. ഇതിൽ 44 പേർ വികലാംഗനാണ് IRDP ധനസഹായ പ്രകാരം വെറും 165 കുടുംബങ്ങൾ മാത്രമാണ് ദരിദ്രരേഖയ്ക്ക് മുകളിൽ എത്തിയിട്ടുള്ളത്. അർഹരായവരിൽ വളരെ ചെറിയ ഒരു വിഭാഗം കുടുംബങ്ങൾക്ക് മാത്രമേ ഇത്തരം പദ്ധതികളുടെ പ്രയോജനം ലഭ്യമാകുന്നുള്ളൂ എന്ന് ഇത് വ്യക്തമാക്കുന്നു. 1996 നവംബറിലെ കണക്കനുസരിച്ച് പഞ്ചായത്തിൽ വിവിധ ധനസഹായം കിട്ടിയവരുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പെൻഷൻസ്കീം | എണ്ണം | തുക |
|---|---|---|---|
| 1. | വാർദ്ധക്യ കാലപെൻഷൻ | 42 | 2730 |
| 2. | വിധവാപെൻഷൻ | 198 | 12870 |
| 3. | വികലാംഗപെൻഷൻ | 28 | 2800 |
| 4. | കുഷ്ഠം | 1 | 100 |
| 5. | ക്ഷയം | 6 | 480 |
| 6. | ക്യാൻസർ | 3 | 300 |
| 7. | അവശകലാകാരന്മാർ അവശവിഭാഗങ്ങൾക്കുള്ള ധനസഹായം | 4 | 1200 |
| 8. | വീട് തീ പിടിച്ചത് | 12 | 36000 |
| 9. | അപകട മരണം | 26 | 7800 |
| 10. | വിധവകളുടെ പെൺമക്കളുടെ വിവാഹസഹായം | 62 | 63250 |
| 11. | തൊഴിലില്ലായ്മ വേതനം | 373 | |

തൊഴിലില്ലായ്മ വേതനം 373 പേർക്ക്

(1994 വരെ 515 ആപ്ലിക്കേഷൻ ലഭിച്ചതിൽ 373 എണ്ണം അനുവദിക്കുകയും 53 എണ്ണം നിരസിക്കുകയും ചെയ്തു. 89 എണ്ണത്തിന് തീരുമാനമായില്ല.)

സഹായം ലഭിക്കുന്നവരെല്ലാം അതിനർഹരാണങ്കിലും അർഹതയുള്ള നല്ലൊരു വിഭാഗം തഴപ്പെടുന്നു എന്ന കാര്യം വിസ്മരിച്ചുകൂട.

വില്ലേജാഫീസ് മുഖേനയുള്ള ക്ഷേമപദ്ധതികളിൽ അനർഹരായവർ വ്യക്തി പരമായ സ്വാധീനങ്ങളി

ലൂടെയും കൈക്കൂലി മുതലായ സാമ്പത്തിക ക്രമക്കേടുകളിലൂടെയും കൈക്കലാക്കുന്നതായി ഗ്രാമസുകളിൽ നിന്നും പരാതികൾ ലഭിച്ചിട്ടുണ്ട്. അതുകൊണ്ട് വില്ലേജ് ആഫീസ് വഴി നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികൾ ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തുനിന്നും ഉള്ള അനാസ്ഥയും കാലതാമസവും ഒഴിവാക്കാൻ ഈ പദ്ധതികളുടെ തീരുമാനം പഞ്ചായത്ത് സമിതികൾ വഴിയാക്കണം,

**നിർദ്ദേശങ്ങൾ**

അർഹരായ തൊഴിലില്ലാത്ത അഭ്യസ്ഥവിദ്യർക്ക് തൊഴിലില്ലായ്മവേതനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. വരുമാന പരിധി ഉയർത്തകയും അതാതുവർഷം തന്നെ ആനുകൂല്യം ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുകയും ചെയ്യണം. ഗുണഭോക്താക്കളുടെ സൗകര്യാർത്ഥം വേതനം പഞ്ചായത്ത് വഴി വിതരണം ചെയ്യണം.

യഥാർത്ഥ കർഷകതൊഴിലാളികൾക്ക് പെൻഷൻ ലഭ്യമാക്കുകയും ആനുകൂല്യം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചു കാലതാമസം ഒഴിവാക്കുകയുംവേണം. ഗുണഭോക്താക്കളെ കണ്ടെത്തുന്നത് പഞ്ചായത്ത് സമിതി ആയിരിക്കുകയും അനുവദിക്കപ്പെടുന്നവരുടെ ലിസ്റ്റു പഞ്ചായത്ത് ഓഫീസിൽ പ്രസിദ്ധീകരിക്കേണ്ടതുമാണ്. ജീവിത സായാഹ്നത്തിൽ നിരാശ്രയരായി ജീവിക്കുന്ന വൃദ്ധജനങ്ങൾക്ക് ഒരാശ്വാസമെന്നോണം ലഭ്യമാകുന്ന വാർദ്ധക്യ കാലപെൻഷൻ കൂടുതൽ ഗുണഭോക്താക്കൾക്ക് ലഭ്യമാകത്തക്കവിധം പരിഷ്കരിക്കണം.

വികലാംഗരായ ആൾക്കാർക്ക് അവരുടെ യഥാർത്ഥ വൈകല്യം കണ്ടെത്തി സർട്ടിഫിക്കറ്റ് കൊടുക്കുന്നതിനുള്ള മെഡിക്കൽ സ്റ്റോറിന്റെ സേവനം പഞ്ചായത്തുതലത്തിൽ ലഭ്യമാകണം. അർഹരായവർക്ക് വികലാംഗപെൻഷൻ നൽകുകയും ചെയ്യുക. വികലാംഗർക്ക് സംവരണം ചെയ്തിട്ടുള്ള തൊഴിലവസരം ലഭിയ്ക്കുന്നു എന്ന് ഉറപ്പ് വരുത്തണം.

വിധവാപെൻഷൻ നൽകുന്നതിന് ഇന്ന് നിലവിലുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കണം. പ്രായപൂർത്തിയായ ആൺ മക്കൾ ഉണ്ടെങ്കിൽ പെൻഷന് അർഹതയില്ല എന്ന അവസ്ഥമാറ്റി വരുമാനത്തിന്റെ പരിധിയിൽ പെൻഷൻ നൽകുന്നതിനുള്ള വ്യവസ്ഥ ഉണ്ടാക്കണം. വിധവകളുടെ പെൺമക്കളെ വിവാഹം കഴിച്ചയക്കുന്നതിനുള്ള ധനസഹായം 10,000 രൂപയായി വർദ്ധിപ്പിക്കണം.

ചികിത്സിച്ചു ഭേദമാക്കാൻ കഴിയുന്ന രോഗമാണങ്കിലും വേണ്ട ശ്രദ്ധയും സാമ്പത്തിക സഹായവും ലഭ്യമല്ലാത്തതുകൊണ്ട് കഷ്ടത അനുഭവിക്കുന്ന ക്ഷയം, കുഷ്ഠം, ക്യാൻസർ, മാനസിക രോഗികൾക്ക് ചികിത്സിക്കുന്നതിനും പാർപ്പിക്കുന്നതിനും പഞ്ചായത്ത് തലത്തിൽ സംവിധാനമുണ്ടാക്കണം.

| | | |
|---|---|---|
| ക്ഷയ രോഗമുള്ളവർ | – | 7 |
| കുഷ്ഠരോഗമുള്ളവർ | | 35 |
| ക്യാൻസർ രോഗമുള്ളവർ | | |
| ഹൃദ്രോഗം | – | 14 |

സാമൂഹ്യക്ഷേമത്തിന് വഴിയൊരുക്കാൻ ബാലവാടികളുടെയും അംഗനവാടികളുടെയും പ്രവർത്തനം സഹായിക്കുന്നു. എന്നാൽ ഈ പഞ്ചായത്തിൽ മഹിളാ സമാജത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന മൂന്ന് ബാലവാടികൾ മാത്രമേയുള്ളൂ. 1000 ജനസംഖ്യയ്ക്ക് ഒന്ന് എന്ന കണക്കിലെങ്കിലും പഞ്ചായത്ത് പ്രദേശത്ത് സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിൽ അംഗനവാടികൾ ആരംഭിക്കേണ്ടത് ഈ നാടിന്റെ പുരോഗതിയ്ക്ക് അത്യാവശ്യമാണ്. കൂടാതെ അക്ഷരം പഠിപ്പിക്കുക എന്നതിലുപരി കുട്ടികൾക്ക് മാനസിക ഉല്ലാസം പകരുന്നതിന് വേണ്ട സൗകര്യവും, പോഷക ആഹാരവും ഇവിടെ ഒരുക്കേണ്ടതുണ്ട്. നിർധനരായ അമ്മമാർക്ക് പോഷക ആഹാരവും സൗജന്യ വൈദ്യചികിത്സയും ലഭ്യമാക്കുന്നതിന് മഹിളാ സമാജങ്ങൾ വഴിയും മാതൃശിശുസംരക്ഷണകേന്ദ്രം വഴിയും വേണ്ടഏർപ്പാടുകൾ ഉണ്ടാവണം.

ദാരിദ്ര്യ രേഖയ്ക്ക് താഴെകഴിയുന്നവരെ തിരിച്ചറിഞ്ഞ് പ്രത്യേക ലിസ്റ്റുതയ്യാറാക്കി അവരുടെ ക്ഷേമത്തിന് പദ്ധികൾ പഞ്ചായത്ത് വഴിനടപ്പിലാക്കണം. ഈ വിഭാഗത്തിൽപ്പെടുന്നവർക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിന് സ്വയം പദ്ധതിയ്ക്കുള്ള വായ്പ്പാ സൗകര്യം ഏർപ്പെടുത്തിക്കൊടുക്കണം ഇന്ന്

വിതരണം ചെയ്തു കൊണ്ടിരിക്കുന്ന എല്ലാ പദ്ധതികളുടെയും അപേക്ഷകൾ പഞ്ചായത്തിൽ സ്വീകരിക്കുകയും തീർപ്പുകൽപിക്കുകയും ചെയ്യണം. ഇന്ധനക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി പുകയില്ലാത്ത അടുപ്പിന്റെ പ്രസക്തി വർദ്ധിപ്പിക്കുകയും കൂടുതൽ വീടുകളിൽ സ്ഥാപിക്കുകയും ചെയ്യുന്നതിനുവേണ്ടിയുള്ള ബോധവൽക്കരണം നടത്തണം. ഇന്ധനക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി സബ്സിഡിയോടുകൂടി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാൻ ജനങ്ങൾക്ക് വായ്പ ലഭ്യമാക്കണം.

പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തു ന്നതിലേക്കായി എല്ലാവാർഡു കേന്ദ്രങ്ങളിലും ഒരു മാവേലി സ്റ്റോർ ആരംഭിക്കണം. റേഷൻ കടകൾ ഇല്ലാത്ത വാർഡുകളിൽ അത് ആരംഭിക്കുന്നതിനു വേണ്ടിയുള്ള സംവിധാനം ഉണ്ടാക്കണം.

സാമൂഹ്യ ക്ഷേമരംഗത്ത് വളരെ പിന്നോക്കം നിൽക്കുന്ന നമ്മുടെ ഗ്രാമത്തിൽ കൂടുതൽ അംഗവാ ടികളും മഹിളാസമാജങ്ങളും മറ്റ് സാമൂഹ്യക്ഷേമ സംഘടനകൾ, കൂടുതൽ ക്ഷേമപ്രവർത്തനങ്ങൾ തുടങ്ങിയവ നമ്മുടെ നാട്ടിൽ നടപ്പിൽ വരാൻ നാം ശ്രദ്ധിക്കണം.

### ഗ്രാമീണ കൈത്തൊഴിലാളികൾക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി (RAP) സംബന്ധിച്ച വിവരം

| വാർഡ് നമ്പർ | IRDP സർവ്വേ പ്രകാരം ഗ്രാമീണകൈത്തൊഴിലുകളുടെ എണ്ണം | സഹായം ലഭിച്ചവരുടെ എണ്ണം | ഇനി സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 12 | 6 | 6 |
| 2 | 25 | 4 | 21 |
| 3 | 17 | 8 | 9 |
| 4 | 3 | 2 | 1 |
| 5 | - | - | - |
| 6 | 3 | 1 | 2 |
| 7 | 16 | 3 | 13 |
| 8 | 50 | 6 | 44 |
| 9 | 3 | 2 | 1 |
| ആകെ | 3 | 2 | 1 |

## ഉഴമലയ്ക്കൽ പഞ്ചായത്തിലെ കെട്ടിടങ്ങളുടെ വിവരം

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | മേൽപ്പുരയുടെ സ്വഭാവം | | | | | വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെ നിർമ്മിച്ച വീടുകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| | | ഒന്നിൽകൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം | ഒരു നിലയുള്ള കെട്ടിടങ്ങൾ | | | | |
| | | | കോൺക്രീറ്റ് | ഓട് | ഓല | കുടിലുകൾ | |
| I | 589 | 2 | 58 | 189 | 303 | 37 | - |
| II | 663 | 5 | 72 | 148 | 130 | 300 | 8 |
| III | 650 | 2 | 20 | 110 | 125 | 384 | 9 |
| IV | 487 | 2 | 29 | 120 | 38 | 282 | 16 |
| V | 739 | 5 | 103 | 180 | 82 | 320 | 49 |
| VI | 748 | 8 | 89 | 191 | 157 | 273 | 30 |
| VII | 561 | 3 | 19 | 149 | 77 | 259 | 54 |
| VIII | 643 | 2 | 31 | 170 | 117 | 299 | 24 |
| IX | 805 | 22 | 163 | 261 | 160 | 183 | 18 |
| ആകെ | 5885 | 51 | 584 | 1518 | 1189 | 2337 | 208 |

അവലംബം:- പഞ്ചായത്ത് അസ്സസ്മെന്റ് രജിസ്റ്റർ

## ഭവന നിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം

| വാർഡ് നമ്പർ | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം (IRDP സർവ്വേ പ്രകാരം) | വിവിധ പരിപാടി കളിലായി അനുവ ദിച്ചവീടുകൾ | പൂർത്തീ കരിച്ച വീടുകൾ | അനുവദിച്ചതിൽ ഇനി പൂർത്തീകരി ക്കാനുള്ള വീട് | ഇനിയും അനുവി ദിക്കേണ്ട വീടുക ളുടെ എണ്ണം |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | 100 | 15 | 6 | 9 | 85 |
| 2 | 120 | 6 | 6 | - | 114 |
| 3 | 195 | 3 | 3 | - | 192 |
| 4 | 160 | 5 | 5 | - | 155 |
| 5 | 120 | 6 | 6 | - | 114 |
| 6 | 110 | 1 | 1 | - | 109 |
| 7 | 145 | 1 | 1 | - | 144 |
| 8 | 200 | 3 | 3 | - | 197 |
| 9 | 96 | 4 | 3 | 1 | 92 |
| ആകെ | | 47 | 36 | 11 | 1202 |

## IRDP സർവ്വേ പ്രകാരം – ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരുടെ വിവരം

| വാർഡ് നമ്പർ | സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബ ങ്ങളുടെ എണ്ണം | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST | സഹായം ലഭിച്ച തുവഴി ദാരിദ്ര്യ രേഖയ്ക്ക് മുക ളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യ രേഖയ് ക്കു താഴെയുള്ള ആകെ കുടുംബ ങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | 215 | 10 | 21 | 12 | 19 | 196 |
| 2 | 212 | 14 | 23 | 9 | 20 | 192 |
| 3 | 343 | 8 | 12 | 7 | 9 | 334 |
| 4 | 207 | 13 | 21 | 16 | 20 | 187 |
| 5 | 259 | 13 | 23 | 12 | 21 | 238 |
| 6 | 232 | 9 | 13 | 7 | 13 | 219 |
| 7 | 272 | 6 | 13 | 7 | 18 | 254 |
| 8 | 296 | 23 | 28 | 21 | 28 | 268 |
| 9 | 186 | 16 | 18 | 9 | 17 | 169 |
| ആകെ | 222 | 115 | 177 | 100 | 165 | 2057 |

## ട്രൈസം - തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

| വാർഡ് നമ്പർ | പരിശീലനം-വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതരതൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | ഹാൻഡ്‌ലൂം വീവിങ് | 1 | 1 | - |
| | എംബ്രോയിഡറി ഗാർമെന്റ് മേക്കിംഗ് | 5 | 5 | - |
| 2 | ഹാൻഡ്‌ലൂം വീവിങ് | 2 | 2 | - |
| | എംബ്രോയിഡറി ഗാർമെന്റ് മേക്കിംഗ് | 4 | 4 | - |
| 3 | എംബ്രോയിഡറി ഗാർമെന്റ് മേക്കിംഗ് | 1 | 1 | - |
| 5 | എംബ്രോയിഡറി ഗാർമെന്റ് മേക്കിംഗ് | 3 | - | 3 |
| 6 | എംബ്രോയിഡറി ഗാർമെന്റ് മേക്കിംഗ് | 1 | 1 | - |
| 9 | എംബ്രോയിഡറി ഗാർമെന്റ് മേക്കിംഗ് | 3 | 1 | 2 |
| ആകെ | | 20 | 15 | 5 |

# സംസ്ക്കാരം

ഔദ്യോഗിക രേഖകളിലും വായ്മൊഴിയിലും ഒരേപോലെ ജീവിച്ചുപോരുന്ന പേരാണ് ഉഴമലയ്ക്കൽ. ഉഴമല, മല എന്നാൽ കൃഷി ചെയ്യുന്ന മല(ഉഴമക്കാരൻ – കൃഷിക്കാരൻ) കൽ–പ്രദേശം, പഞ്ചായത്തും, വില്ലേജും, വിദ്യാലയങ്ങളുമെല്ലാം ഈ സ്ഥലവുമായി ബന്ധപ്പെട്ട് നിലകൊള്ളുന്നു. ഉഴമല എന്ന പദത്തിന്റെ മൂലം തമിഴാണ്. തമിഴകത്തോടുള്ള ഈ ദേശത്തിന്റെ ബന്ധമാണ് വ്യക്തമാക്കുന്നത്. കുന്നുകളും പാറകളും വന്യമൃഗങ്ങളുമുള്ള പ്രദേശമായിരുന്നു ഉഴമലയ്ക്കൽ. കുന്നുനട നീലിപ്പാറ, കത്തിക്കമ്പാറ, മങ്ങാട്ടുപാറ, പുലിയൂർ എന്നീ പേരുകൾ ശ്രദ്ധിക്കുക. കുഴിയിൽ അവസാനിക്കുന്ന സംജ്ഞകൾ ഇവിടെ സുലഭമാണ്. മന്തിക്കുഴി. നല്ലിക്കുഴി, കാനക്കുഴി, പരുത്തിക്കുഴി, അയ്യപ്പൻ കുഴി, മുതുവണ്ടാൻ കുഴി, ചെറുവാളക്കുഴി, ഉരുൾപാഞ്ഞാൻകുഴി തുടങ്ങിയവ നിദർശനങ്ങൾ. ഭൂപ്രകൃതിയുടെ പൊതുസ്വഭാവമായ നിമ്നോന്നത ഈ പേരുകൾ അനാവൃതമാക്കുന്നു.

മുഖ്യമായും കൃഷികൊണ്ട് കാലയാപനം കഴിച്ചവരാണ് ഇവിടുത്തെ പൂർവ്വികർ. കുന്നുകളുടെ അടിവാരത്തിലൂടെ ഒഴുകുന്ന കൊച്ചരുവികളും നിർച്ചാലുകളും കൃഷിയേയും ജനവാസത്തേയം പ്രോത്സാഹിപ്പിക്കുന്ന പ്രകൃതി ഘടകങ്ങളാണ്. ജലലഭ്യത ഇവിടെ കുറവല്ല. കേരളത്തിലെ 44 പ്രമുഖ നദികളിലൊന്നായ കരമനയാർ ഉഴമലയ്ക്കലിനെ സ്പർശിച്ചുകൊണ്ടാണൊഴുകുന്നത്. ഇവിടുത്തെ കുളപ്പട, കയത്തിൻമൂട് പുതുക്കുളങ്ങര, തുമ്പുംകോണം തുടങ്ങിയ പേരുകളും എലിയാവൂർ, തോളൂർ, പുലിയൂർ എന്നീ പേരിലുള്ള ഏലാകളും ജല സ്രോതസ്സുകളെ കുറിക്കുന്നു. നേരിട്ട് കൃഷിയെ കുറിക്കുന്ന ശബ്ദങ്ങളും സ്ഥലനാമമായി കാണുന്നുണ്ട്. പരുത്തിക്കുഴി പരുത്തികൃഷിയുമായി ബന്ധപ്പെട്ടതു തന്നെയാണ്. മഞ്ചംമൂല, കാരനാട്, മുതുവണ്ടാൻ കുഴി, ചാരുമ്മൂട് കാഞ്ഞിരംപാറ, പോങ്ങോട്, പുളിമൂട് എന്നീ നാട്ടുപേരുകളിലെ സസ്യസൂചക ശബ്ദങ്ങൾ ശ്രദ്ധിക്കുക. വൈരത്തൂർ, മാണിക്കപുരം ഉഴമലയ്ക്കൽ ഭൂപ്രദേശത്തേക്ക് പ്രകാശം ചൊരിയുന്നു.

പ്രാകൃത ജനതയുടെ സംസ്കാരത്തിന്റെ അവിഭാജ്യ ഘടകമാണ് യക്ഷിഭൂത പ്രേതാദികളിലുള്ള വിശ്വാസം. തെക്കൻ ദിക്കുകളിലെ കുപ്രസിദ്ധയക്ഷിയായ നീലിയുടെ കുടിയിരുപ്പ് പാറയാണ് നീലിപ്പാറ. നെടുനീലിയാകട്ടെ ആകാശം മുട്ടുന്ന യക്ഷിയെ സങ്കല്പിച്ചുണ്ടാക്കിയ സ്ഥലനാമവും. അയ്യപ്പൻ കുഴിയിലെ അയ്യപ്പനെ കേവലം വ്യക്തിനാമമായി പരിഗണിക്കുവാൻ സാധ്യമല്ല. കുളപ്പടയിലുള്ള ധർമ്മശാസ്ത്രാ ക്ഷേത്രം പ്രസിദ്ധമാണ്.

ഉഴമലയ്ക്കൽ ഹൈസ്കൂളും ഭദ്രകാളിക്ഷേത്രവും സ്ഥിതിചെയ്യുന്ന വെട്ടയെക്കുറിച്ചാണിനിപറയാനുള്ളത്. വെട്ടതന്നെ രണ്ടുണ്ട്. വാഴക്കാണത്തുള്ള വെട്ടയാണ് മറ്റൊന്ന്. വെട്ടക്ക് വെളിംപ്രദേശം, തരിശായികിടക്കുന്ന സ്ഥലം എന്നൊക്കെ അർത്ഥം. കാക്കണം പുല്ലും, നാകപൂച്ചെടിയും കാഞ്ഞാവും, ഈന്തയും മറ്റനവധി പുൽച്ചെടികളും ഇടതൂർന്ന് വളർന്ന് കൃഷി ചെയ്യാതെ ഇട്ടിരുന്ന ഒരു വെളിപ്രദേശമായിരുന്നു 50 വർഷങ്ങൾക്കുമുൻപ് ഇവിടം. ശ്രീനാരായണ ഹൈസ്കൂൾ സ്ഥാപകൻ ശ്രീചക്രപാണി സാറിന്റെ പേരാണ് ഈ സ്ഥലത്തിനിപ്പോൾ. 16-ാം നൂറ്റാണ്ടിൽ നെടുമങ്ങാട് വാണ ഉമയമ്മറാണിയുടെ ഭരണ കാലവുമായി ബന്ധപ്പെട്ട ഐതീഹ്യമാണ് കുളപ്പട ശ്രീ ധർമ്മശാസ്താ ക്ഷേത്രത്തിനുള്ളത്. വിഷ ചികിത്സയിൽ പ്രാവിണ്യമുള്ള ഒരു സ്ത്രീ മധുരയിൽ നിന്നും കുളപ്പട എത്തപ്പെട്ടു എന്നും ജീവിതമാർഗ്ഗത്തിനുവേണ്ടി വിഷ ചികിത്സ നടത്തിയിരുന്നു, നെടുമങ്ങാട് കൊട്ടാരത്തിലെ ഒരംഗത്തിന് സർപ്പദംശനം ഉണ്ടായപ്പോൾ കൊട്ടാരം വൈദ്യന്റെ വിഷചികിത്സ നിഷ്ഫലമായപ്പോൾ കുളപ്പടയിൽ താമസിച്ചിരുന്ന സ്ത്രീയെ കൊട്ടാരത്തിൽ വരുത്തി ചികിത്സിച്ചു എന്നും അങ്ങനെ രാജകുടുംബത്തെ രക്ഷിച്ചു എന്നും പറയപ്പെടുന്നു. സംതൃപ്തയായ രാജ്ഞി ടി സ്ത്രീക്ക് കുളപ്പടയിൽ കരമൊഴിവായി ഭൂമി നൽകി ആദരിച്ചു എന്നും ടി സ്ത്രീയുടെ അഭ്യർത്ഥനപ്രകാരം കൊട്ടാരത്തിൽ നിന്നും കുളപ്പടയിൽ

ശ്രീധർമ്മശാസ്താ ക്ഷേത്രം നിർമ്മിച്ചു എന്നുമാണ് കേട്ടുകേഴ്‌വി. ഈ ക്ഷേത്രത്തിലെ പൂജാദികർമ്മങ്ങൾക്കായി പോറ്റിമാരെയും മറ്റു ചില വിഭാഗങ്ങളെയും കൊണ്ടുവന്നു എന്നും ഇപ്രകാരമാണ് ഈ വിഭാഗങ്ങളുടെ സാന്നിദ്ധ്യം ഈ പ്രദേശത്ത് ഉണ്ടായിട്ടുള്ളതും.

ഇതിനേക്കാൾ പഴക്കം ചെന്ന ക്ഷേത്രമാണ് എലിയാവൂർ ശിവക്ഷേത്രം. എലിയാവൂർ ക്ഷേത്രം ശിവക്ഷേത്രവുമായി ബന്ധപ്പെട്ട് അനേകം ഐതീഹ്യങ്ങൾ നിലനിൽക്കുന്നു. പുരാതനമായ കുര്യാത്തി ശിവക്ഷേത്രം എട്ടുവീട്ടിൽ പിള്ളമാരുമായി ബന്ധപ്പെട്ടു കിടക്കുന്നതായാണ് ഐതീഹ്യം. പുരാതനമായ അഞ്ചുതമ്പുരാൻ ക്ഷേത്രത്തിനു അനേകം ഐതീഹ്യങ്ങളുണ്ട്.

പുതുക്കുളങ്ങര മുസ്ലീം പള്ളിക്ക് 125 വർഷത്തിലധികം പഴക്കമാണുള്ളത്. അതേപോലെ വളരെ പഴക്കം ചെന്ന മറ്റൊരു പള്ളിയാണ് കാഞ്ഞിരം മൂട് ഒലിയുള്ള മുസ്ലീം പള്ളിയും കുളപ്പട മുസ്ലീം പള്ളിയും.

### കുളപ്പട മലങ്കര സിറിയൻ കത്തോലിക്കപള്ളി

കേരളത്തിലെ ക്രൈസ്തവ ചരിത്രത്തിലെ പുനരൈക്യവുമായി ബന്ധപ്പെട്ട പള്ളികളിൽ ആദ്യകാലത്തുള്ള ഒരു പള്ളിയാണിത്. 1932-ൽ മലങ്കര അതിരൂപത സ്ഥാപിക്കപ്പെട്ടു. തുടർന്ന് 1934-ൽ തന്നെ ഫാദർ കുരിയൻ പ്ലാത്തോട്ടം ആദ്യ വൈദികനായി ടി പള്ളി സ്ഥാപിക്കപ്പെട്ടു. 1954-ൽ ഇവിടുത്തെ വൈദികനായിരുന്ന ഫാദർ ലോറൻസ് തോട്ടത്തിലാണ് ഇപ്പോഴത്തെ സഹമെത്രാൻ ആയ ലോറൻസ് മാർ അപ്രേം തിരുമേനി. മറ്റുപ്രസിദ്ധമായ ക്രിസ്തീയ ദേവാലയങ്ങളാണ് മഞ്ചംമൂല കർമ്മലമാതാ കത്തോലിക്കാ പള്ളി, പുതുക്കുളങ്ങര സി.എസ്.ഐ പള്ളി, മാണിക്കപുരം ലത്തീൻ കത്തോലിക്ക പള്ളി, മലങ്കര സിറിയൻ കത്തോലിക്ക പള്ളി– പരുത്തിക്കുഴി, തോളൂർ ലൂഥർ മിഷൻ പള്ളി–തോളൂർ, റോമൻ കാത്തലിക് പള്ളി – പാതാരിമൂല, സാൽവേഷൻ ആർമി വാലൂക്കോണം.

വിദ്യാഭ്യാസം ഏതൊരു പ്രദേശത്തിന്റെയും സാംസ്കാരിക ചൈതന്യത്തിന് അത്യന്താപേക്ഷിതമാണ്. ഔപചാരിക വിദ്യാഭ്യാസത്തിന്റെ നാന്ദിയെക്കുറിച്ച് പുതുക്കുളങ്ങരയിൽ സ്ഥാപിച്ച കാറ്റാടി സ്കൂളാണ്. 1952 ജൂണിൽ ആരംഭിച്ച ശ്രീനാരായണ സ്കൂളാണ് 1957-ൽ ഹൈസ്കൂളായി ഉയരുകയും നാടിന് ഒരനുഗ്രമായി മാറുകയും ചെയ്തതു. മറ്റ് ലോവർ പ്രൈമറി സ്കൂളുകളും മാണികൃപുരം യു.പി.എസ് ഉം ഔപചാരിക വിദ്യാഭ്യാസ മേഖലയിൽ ഏറെ സംഭാവന നൽകിയിട്ടുണ്ട്. ഇതോടൊപ്പം തന്നെ ഔപചാരികവിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സേവനങ്ങളും നാം സ്മരിക്കേണ്ടതുണ്ട്.

അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനത്തിനും, സാക്ഷരതാ പ്രവർത്തനത്തിനും ഉത്തേജനവും നടത്തിയിട്ടുള്ളത് ജനകീയ പ്രസ്ഥാനങ്ങളും കലാസമിതികളുമാണ്. നമ്മുടെ ഗ്രാമത്തിലെ പ്രധാന ഗ്രന്ഥാലയം അയ്യപ്പൻ കുഴിയിലെ മഹാത്മാ ഗാന്ധി ഗ്രന്ഥശാലയാണ്. അതേപോലെ ചക്രപാണീപുരത്ത് സ്ഥിതിചെയ്യുന്ന സംഗമം ചാരുമ്മൂട്ടിൽ സ്ഥിതിചെയ്യുന്ന പബ്ലിക് ലൈബ്രറി പുതുക്കുളങ്ങര സാംസ്കാരിക നിലയം, ജ്യോതിലൈബ്രറി കുളപ്പട, എന്നിവ യുവാക്കളുടെ വായനശീലത്തെ പരിപോഷിപ്പിച്ചുവരുന്നു. യുവാക്കളിൽ കലാഭിരുചി വളർത്തുന്നതിനും ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകൾക്ക് നിർണ്ണായകമായ പങ്കാണുള്ളത്.

കേരളത്തനിമയുള്ള കലാരൂപങ്ങൾ വളർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും കലാസമിതികൾ പ്രാധാന്യം നൽകാത്തത് ഇത്തരം കലാരീതികളുടെ നാശത്തിന് കാരണമാകും.

ഉമയമ്മ റാണി നെടുമങ്ങാട് ഭരിച്ച കാലത്ത് കൊട്ടാരം കഥകളി വിഭാഗത്തിലെ പ്രമുഖ കഥകളി നടനായിരുന്നു കല്ലമ്പലം അമ്പലത്തും കുഴി വീട്ടിൽ മല്ലൻപിള്ള. പണ്ടുകാലത്ത് ഈ പ്രദേശത്ത് നിലനിന്നിരുന്ന മറ്റ് കലാരൂപങ്ങളാണ് കമ്പടവ് കളി, തിരുവാതിരക്കളി, വില്ലുകൊട്ട് എന്നിവ. ഈ കലാരൂപങ്ങൾ ഇന്ന് നാമമാത്രമായി അവശേഷിക്കുന്നു.

ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ യൂണിറ്റുകൾ ഈ പഞ്ചായത്തിൽ അയ്യപ്പൻ കുഴി, പുതുക്കുളങ്ങര ചക്രപാണീപുരം എന്നീ മേഖലകളിൽ ഉണ്ടായിരുന്നു. ഇന്ന് പരിഷത്തിന്റെ പ്രവർത്തനം

നിർജീവമായാണ് കാണുന്നത്.

വ്യത്യസ്ത ജാതി മതവിഭാഗത്തിൽപ്പെട്ടവർ അധിവസിക്കുന്ന പ്രദേശമാണിവിടം. ജാതി മത സംഘട്ടനങ്ങൾ നാളിതുവരെയുണ്ടാകാത്ത മതസൗഹാർദ്ദത്തിലധിഷ്ഠിതമായ ജനസമൂഹം ഇവിടെയുണ്ട്. ഇത് ഈ പ്രദേശത്തിന്റെ വളർച്ചക്ക് മകുടോദാഹരണം തന്നെയാണ്.

ദേശീയ രാഷ്ട്രീയ കക്ഷികളും ഏകദേശം പ്രാദേശിക കക്ഷികൾക്കും വേരുള്ള മണ്ണാണിത്. ആശയപരമായ സംഘട്ടനമല്ലാതെ കായികമായ നേരിടൽ ഈ സംഘടനകളെ ബാധിച്ചിട്ടില്ലാത്തത് യുക്തിസഹമായ പ്രവർത്തനത്തിന്റെ ഫലമായിട്ടാണ്. പ്രധാനരാഷ്ട്രീയ പാർട്ടികളുടെയും യുവജനസംഘടകളുടെയും സാന്നിധ്യവും പ്രവർത്തനവും സൃഷ്ടിപരമായ മാർഗ്ഗത്തിലേയ്ക്കു കുടി തിരിഞ്ഞാൽ വികസനരംഗത്ത് ഏറെ പ്രതിക്ഷകൾക്ക് വകനൽകും.

### കായികരംഗം

ശ്രദ്ധിച്ചാൽ ഏറെ സാധ്യതകൾ കൊയ്യാവുന്ന ഒരു മേഖലയാണ് കായികരംഗം. ഈ മേഖലയിൽ പേരുകേട്ട കായികതാരങ്ങൾ നമുക്കില്ലാത്തത് നമ്മുടെ അശ്രദ്ധ കൊണ്ടുതന്നെയാവണം. പവർലിഫ്റ്റിംഗ്ഗിൽ 3സ്വർണ്ണമെഡൽ നേടിയ ശ്രീ സെബാസ്റ്റ്യനും ഗുസ്തിയിൽ ദേശീയ സംസ്ഥാന തലങ്ങളിൽ നിരവധി സമ്മാനങ്ങൾ നേടിയ ശ്രീ. അനിരുദ്ധനും യൂണിവേഴ്സിറ്റി തലത്തിലും ഇന്റർയൂണിവേഴ്സിറ്റി തലത്തിലും നിരവധി കായികതാരങ്ങളെയും കലാപ്രതിഭകളെയും ഈ നാട് സംഭാവന ചെയ്തിട്ടുണ്ട്.

കുട്ടികളിലും യുവാക്കളിലും കായികപ്രതിഭ വളർത്താൻ ഉതകുന്ന സാഹചര്യം നമുക്കിന്ന് ചക്രപാണീപുരത്തുള്ള പഞ്ചായത്ത് സ്റ്റേഡിയം ശ്രീനാരായണ ഹൈസ്കൂൾ ഗ്രൗണ്ട്, കുളപ്പട, പരുത്തിക്കുഴി സ്കൂൾ ഗ്രൗണ്ട് മാണിയുപുരം സ്കൂൾ ഗ്രൗണ്ട് ഇവ ആധുനികവൽക്കരിച്ചാൽ നേടാവുന്നതാണ്. കാറനാട് കുളം, കുളപ്പടകുളം ഇവ നീന്തൽ പരിശീലനത്തിനുപയോഗ്യമാക്കിയാൽ ഈ രംഗത്തും നമുക്ക് യുവ പ്രതിഭകളെ കണ്ടെത്താവുന്നതാണ്.

### സാധ്യതകൾ

1. ജനകീയ പങ്കാളിത്തത്തോടെ കലാകായിക മേളകൾ സംഘടിപ്പിക്കുക.

2. കലാകായിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സംഘടനകൾക്ക് ധനസഹായവും സ്പോർട്ട്സ് കിറ്റും നൽകുക.

3. ഉഴ: പഞ്ചായത്ത് സ്റ്റേഡിയം ആധുനികവൽക്കരിക്കുക.

4. സ്കൂൾ ഗ്രൗണ്ടുകൾ ആധുനികവൽക്കരിക്കുക, മെച്ചപ്പെട്ട കോച്ചിംഗ് സൗകര്യവും പ്രതിഭകൾക്ക് ധനസഹായവും ലഭ്യമാക്കുക.

5. കാറനാട്, കുളപ്പട കുളങ്ങൾ നീന്തൽക്കുളമായി ഉയർത്തുക.

### സാംസ്കാരിക രംഗത്തെ സാധ്യതകൾ, നിർദ്ദേശങ്ങൾ

1. പ്രശസ്തമായ നിലയിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലകളുടെ അഭാവം ഈ പഞ്ചായത്തിലാകമാനമുണ്ട്. ഉള്ള ഗ്രന്ഥശാലകൾ തന്നെ പുസ്തകങ്ങളുടെ അഭാവം നിമിത്തം യഥാവിധി പ്രവർത്തിക്കുന്നില്ല.

2. കലാസാഹിത്യ രംഗങ്ങളിൽ മികവ് കാട്ടുന്ന ദരിദ്രവിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് അവരുടെ അഭിരുചിക്കൊത്ത് പ്രോത്സാഹനവും പരിശീലനവും ലഭിക്കുന്നില്ല.

3. നമ്മുടെ പഞ്ചായത്തിൽ പിന്നോക്കം നിൽക്കുന്ന ഒരു പ്രവർത്തന മേഖലയാണ് ഗ്രന്ഥശാല പ്രവർത്തനം. ഈ രംഗത്തെ തളർച്ചക്ക് പ്രധാനപ്പെട്ട കാരണങ്ങൾ ധനസഹായമില്ലായ്മയും സ്വന്തമായി കെട്ടിടമില്ലായ്മയുമാണ്.

4. അനൗപചാരിക വിദ്യാഭ്യാസത്തിന്റെ ഭാഗമായി നമ്മുടെ നാട്ടിൽ പ്രവർത്തിച്ചിരുന്ന സാക്ഷരതാപ്രസ്ഥാനവും അതിന്റെ തുടർ വിദ്യാഭ്യാസത്തിനു വേണ്ടി നിലകൊള്ളുന്ന ജനവിദ്യാകേന്ദ്രങ്ങളും ഇന്ന് പ്രവർത്തരഹിതമാണ്.

5. പഞ്ചായത്ത് സാംസ്കാരിക നിലയം നിലവിലുണ്ടെങ്കിലും സാംസ്കാരിക പ്രവർത്തനങ്ങളിൽ നമ്മുടെ പഞ്ചായത്ത് വളരെയധികം പിന്നോക്കാവ

സ്ഥയിലേക്കാണ് നീങ്ങികൊണ്ടിരിക്കുന്നത്.

### പരിഹാരം

1. പഞ്ചായത്തിലെ സാംസ്കാരിക നിലയങ്ങൾ കൂടുതൽ പ്രവർത്ത ക്ഷമമാക്കണം.

2. ഗ്രന്ഥശാല സംഘം, തദ്ദേശീയ ഭരണസമിതികൾ ഇവയുടെ ഗ്രാന്റോടെ നിർജ്ജീവമായ ഗ്രന്ഥശാലകൾ പുനരുജ്ജീവിപ്പിക്കുക.


3. പുതുക്കുളങ്ങര വാർഡിൽ നല്ലരീതിയിൽ പ്രവർത്തിച്ചിരുന്ന പഞ്ചായത്ത് വക ജിംനേഷ്യം സാധനങ്ങൾ ഇന്ന് ചില സ്വകാര്യ വ്യക്തികളുടെ അധീനതയിൽ ആണ്. ഈ ഉപകരണങ്ങൾ തിരിച്ചെടുത്ത് ജിംനേഷ്യം എത്രയും വേഗം സംരക്ഷിക്കേണ്ടതാണ്.

4. അയ്യപ്പൻകുഴിയിലെ പഞ്ചായത്ത് ലൈബ്രറിയിലെ മുഴുവൻ പുസ്തകങ്ങളും സമാഹരിച്ച് ഒരു ലൈബ്രേറിയനെ നിയമിച്ച് കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

5. ചക്രപാണീപുരം സംഗമം ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബിൽ ജിംനേഷ്യവും ഗ്രന്ഥശാലയും പ്രവർത്തിക്കുന്നു. ജിംനേഷ്യത്തിന്റെയും ഗ്രന്ഥശാലയുടെയും പ്രവർത്തനത്തിന് ആവശ്യമായ ധനസഹായം യഥാസമയം നൽകുക.

6. പരുത്തിക്കുഴി കേരള ആർട്ട്സിന്റെ വികസനത്തിന് ആവശ്യമായ ധനസഹായം നൽകുക.

നാം പൈതൃകമായി നേടിയ സാമൂഹിക സാംസ്കാരിക സമ്പത്ത് പാശ്ചാത്യ സംസ്കാരത്തിന്റെ മാദകസംസ്കാരത്തിന്റെയും തള്ളിക്കയറ്റത്തിൽ നിന്ന് പുത്തൻതലമുറയെ മോചിപ്പിക്കുന്നതിന് കലാസാംസ്കാരിക നിലയങ്ങളുടെ പ്രവർത്തനത്തിന് മഹത്തായ പങ്ക് വഹിക്കാവുന്നതാണ്.



# വനിത

പഞ്ചായത്തിലെ ജനസംഖ്യയുടെ 50.57 ശതമാനം വനിതകളാണ്. ആകെ ജനസംഖ്യയിൽ 1000 പുരുഷന്മാർക്ക 1023 സ്ത്രീകൾ വരും. 75% സ്ത്രീകളും സാക്ഷരരാണ്. വനിതകളിൽ പൂർണ്ണമായോ ഭാഗീകമായോ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നത് 6.8% മാത്രമാണ്. പണിയെടുക്കുന്ന സ്ത്രീകളിൽ ഭൂരിഭാഗവും കർഷകത്തൊഴിലാളികളും ചെറിയ ഒരു വിഭാഗം നൂൽനൂപ്പ്, ഇഷ്ടിക നിർമ്മാണം, ഈറ്റത്തൊഴിൽ കെട്ടിടനിർമ്മാണം എന്നീ തൊഴിൽ രംഗങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. ചുരുക്കം ചിലർ സർക്കാർ ഉദ്യോഗ മേഖലയിൽ പണിയെടുക്കുന്നവരാണ്.

അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി പഞ്ചായത്തിന്റെ ഭരണസമിതിയിൽ 10 ൽ 4 പേർ സ്ത്രീകളാണെങ്കിലും പൊതു പ്രവർത്തനരംഗത്തും മറ്റു മേഖലകളിലും വനിതകളുടെ പങ്കാളിത്തം വളരെക്കുറവാണ്. എങ്കിലും രജിസ്ടർ ചെയ്ത മൂന്ന് വനിതാസമാജങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

### കസ്തൂർബാ മഹിളാസമാജം

1964-ൽ അയ്യപ്പൻ കുഴികേന്ദ്രമായി ആരംഭിച്ച ഈ സമാജത്തിൽ അന്ന് 40 അംഗങ്ങൾ ഉണ്ടായിരുന്നു. ഈ സമാജത്തിന്റെ കീഴിൽ ഒര് നഴ്സറി സ്കൂൾ ആരംഭിച്ചു. കേരളാസ്റ്റേറ്റ് സോഷ്യൽ വെൽഫയർ അഡ്വൈസറി ബോർഡിൽ നിന്നും 10 സ്ത്രീകൾക്ക് 2200 രൂപവീതം കറവമാടിനുള്ള ധനസഹായം നൽകുകയുണ്ടായി. 1978-ൽ ബ്ലോക്കിന്റെയും കെയറിന്റെയും നേതൃത്വത്തിൽ ബാലവാടി കെട്ടിടത്തിനു അനുമതി ലഭിക്കുകയും പഞ്ചായത്തിൽ നിന്നും സമാജം പ്രസിഡന്റിന്റെ പേരിൽ അനുവദിച്ച അഞ്ച് സെന്റ് സ്ഥലത്തു കെട്ടിടം പണിയുകയും ചെയ്തു. തുടർന്ന് 40 കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് ബാലവാടി ആരംഭിച്ചു. സമാജത്തിന്റെ നേതൃത്വത്തിൽ കാർഷിക സെമിനാർ ആരോഗ്യവകുപ്പിൽ നിന്നും അമ്മമാർക്കുള്ള ആരോഗ്യ പോഷക വിദ്യാഭ്യാസം ബ്ലോക്കിൽ നിന്നുള്ള ദ്വിദിനവനിതാ ക്യാമ്പ് എന്നിവ നടത്തിയിട്ടുണ്ട്. നല്ലപ്രവർത്തനം നടത്തിയതിന് 1982-ൽ ഇൻസെന്റീവ് അവാർഡു ലഭിച്ചു. വർഷംതോറും ജൂൺ മാസത്തിൽ പുതിയ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. ഇപ്പോൾ 48 കുട്ടികളും 6 അമ്മമാരും ഉൾപ്പെട 54 പേർക്ക് ഉച്ച ഭക്ഷണം വിതരണം ചെയ്യുന്നു.

### ഇന്ദിരാ മഹിളാ സമാജം

1964 ൽ രജിസ്ടർ ചെയ്തു പരുത്തിക്കുഴി വാർഡിലെ കുഴിവിള ജംഗ്ഷനിൽ പ്രവർത്തനമാരംഭിച്ചു. 40 കുട്ടികളെ ഉൾപ്പെടുത്തി ഒരു നഴ്സറി ക്ലാസ് ആരംഭിച്ചു. 1979 ൽ കേരളാ സ്റ്റേറ്റ് വെൽഫയർ ബോർഡിൽ നിന്നും സമാജത്തിലെ അഞ്ച് അംഗങ്ങൾക്ക് പശുവളർത്തലിനുവേണ്ടി 10,000 രൂപ അനുവദിച്ചു. ബ്ലോക്കിന്റെയും നാട്ടുകാരുടേയും ധനസഹായത്തോടെ 5 സെന്റ് സ്ഥലത്ത് 14,000 രൂപ ചെലവ് ചെയ്തു ഒരു ബാലവാടി കെട്ടിടം പണിതു 130 ഓളം ഉപഭോക്താക്കളെ തെരഞ്ഞെടുത്തു പോഷകാഹാരം നൽകുകയും 40 കുട്ടികൾ ഉള്ള ഒരു ബാലവാടി ആരംഭിക്കുകയും ചെയ്തു. തുടർന്നുള്ള വർഷങ്ങളിൽ എല്ലാ ജൂൺ മാസവും പുതിയ ഉപഭോക്താക്കളെ തെരഞ്ഞെടുത്ത് ബാലവാടി ക്ലാസ്സും, പോഷകാഹാര പരിപാടിയും നടത്തിവരുന്നു. ഇപ്പോൾ 60 കുട്ടികൾക്കും 20 അമ്മമാർക്കും ഉച്ചഭക്ഷണം നൽകിവരുന്നു.

### വനിതാസാമൂഹ്യക്ഷേമകേന്ദ്രം ചാരുപ്പുട്

1965ൽ രജിസ്ടർ ചെയ്ത്പ്രവർത്തിച്ചുവരുന്ന വനിതകൾക്കുവേണ്ടിയുള്ള ഒരു സംസ്കാരിക സംഘടനയാണ് ഇത്.

### പ്രിയദർശിനി മെമ്മോറിയൽ മഹിളാസമാജം പുളിമുട്

1986ൽ രജിസ്റ്റർ ചെയ്തുപ്രവർത്തിച്ചുവരുന്നു. വനിതാവികസനകോർപ്പറേഷനിൽനിന്ന് 30 പേർക്ക് ഈറ്റതെഴിൽ ചെയ്യുന്നതിനുവേണ്ടി വായ്പ

ലഭ്യമാക്കി. സ്വന്തമായി ഒരു കെട്ടിടം നിർമ്മിക്കുന്നതുനുള്ള സാഹായം ആവശ്യമാണ്.

### പരുത്തിക്കുഴി മഹിളാസമാജം

ഈ പഞ്ചായത്തിലെ ആദ്യകാലമഹിളാസമാജങ്ങളിൽ ഒന്നാണിത്. പ്രവർത്തനം തൃപ്തികരമായി നടത്തുന്നില്ല. സ്വന്തമായി സ്ഥലം ഉണ്ടങ്കിലും ഒരു കെട്ടിടം പണിയുന്നതിന് സാമ്പത്തികസഹായം ആവശ്യമാണ്.

### ഉഴമലയ്ക്കൽ വനിതാസഹകരണസംഘം:-

1989ൽ രജിസട്രർ ചെയ്തു പ്രവർത്തനം ആരംഭിച്ച ഈ സംഘത്തിൽ 260 അംഗങ്ങളുണ്ട്. ഒരു പെയിഡ് സെക്രട്ടറിയും ദിവസകൂലിയിൽ ജോലിനോക്കുന്ന ഒരു ടെയിലറുമുണ്ട്. സംഘത്തിന്റെ ആഭിമുഖ്യത്തിൽ ഒരു റെഡിമെയ്ഡ് ഗാർമെന്റ് ചെറിയതോതിൽപ്രവർത്തക്കുന്നു. അഭ്യസ്ഥവിദ്യരും തൊഴിൽരഹിതരുമായ സംഘാംഗങ്ങൾക്ക് 67 തയ്യൽമെഷിനുകൾ ലോണുകളായി വിതരണംചെയ്തിട്ടുണ്ട്.

സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് വനിതകളെ കൊണ്ടെത്തിക്കുന്നതിനു നിരവധികാര്യങ്ങൾ ചെയ്യേണ്ടതുണ്ട്.

1. വനിതാസഹകരണസംഘത്തിന്റെ പ്രവർത്തനം പഞ്ചായത്തുതലത്തിൽ ശക്തമാക്കുന്നതിനായി കൂടുതൽ അംഗങ്ങളെ ചേർക്കുകയും സ്വന്തമായ സ്ഥലവും കെട്ടിടവും ഉണ്ടാക്കുകയും തൊഴിൽരഹിതരായ വനിതകൾക്ക് ധനസാഹായ സൗകര്യങ്ങൾ ഉറപ്പുവരുത്തുകയും ചെയ്യുക.

2. എല്ലാവർഡുകളിലും വനിതാസാമാജങ്ങൾ ആരംഭിക്കുന്നതിനും അവയോടനുബന്ധിച്ച് മാതൃശിശുസംരക്ഷണകേന്ദ്രം ആരംഭിക്കുന്നതിന് പഞ്ചായത്ത്തലത്തിൽ സംവിധാനമുണ്ടാക്കണം.

3. പഞ്ചായത്തിൽ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വനിതാസമാജങ്ങളോട് അനുബന്ധിച്ച് പ്രവർത്തിക്കുന്ന മാതൃശിശുസംരക്ഷണകേന്ദ്രങ്ങൾക്ക് താഴെപ്പറയുന്ന സൗകര്യങ്ങൾ അടിയന്തിരമായി ചെയ്യണം.

1. കുട്ടികൾക്കാവശ്യമുള്ള കളിക്കോപ്പുകൾ ലഭ്യമാക്കുക.


2. പോഷകാഹാരം പാചകം ചെയ്യുന്നതിനാവശ്യമായ പാത്രങ്ങളും കഴിക്കുന്നതിനുള്ള പ്ലേറ്റുകളും ലഭ്യമാക്കണം.

3. കുട്ടികൾക്കും അമ്മമാർക്കും മെച്ചപ്പെട്ട വൈദ്യപരിശോധന ലഭ്യമാക്കണം.

4. കുടിവെള്ളം ലഭ്യമാക്കുകയും ബാലവാടി കെട്ടിടങ്ങൾ വർഷംതോറും മെയിന്റെൻസ് നടത്തുകയും ചെയ്യണം.

5. ബാലവാടിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ജിവനക്കാർക്ക് മെച്ചപ്പെട്ട ആനുകൂല്യം ലഭ്യമാക്കണം.

6. ചക്രപാണീപുരത്ത് സ്ഥിതിചെയ്യുന്ന ശിശുമന്ദിരത്തിൽ പ്രവർത്തിക്കുന്ന ആയൂർവേദ ആശുപത്രി മാറ്റി സ്ഥാപിക്കുകയും നഴ്സറിയുടെ പ്രവർത്തനം ശക്തിപ്പെടുത്തുകയും ചെയ്യുക.



# സഹകരണമേഖല

കർഷകനെ പണമിടപാടുകാരുടെ ക്രൂരമായ ഇടപാടുകളിൽ നിന്നും രക്ഷിക്കുന്നതിനു ഗ്രാമീണ കടബാദ്ധ്യതയിൽ നിന്നും അവനെ മോചിപ്പിക്കുന്നതിനും വേണ്ടിയാണ് 1904-ൽ സഹകരണ പ്രസ്ഥാനം ഇന്ത്യയിൽ ഉടലെടുത്തത്. ആദ്യകാലങ്ങളിൽ ഇതിന്റെ നട ത്തിപ്പുമുഴുവൻ സർക്കാരിന്റെ ചുമതലയിലായി രുന്നു. 1914-ൽ ആണ് തിരുവീതാംകൂറിൽ ആദ്യത്തെ സഹകരണനിയമം നടപ്പിലാക്കിയത്. ഇതിനെ പരസ്പരസഹായനിയമം എന്നായി രുന്നു അറിയപ്പെട്ടിരുന്നത്. പരസ്പര സഹായ നിയമം വഴി ആദ്യമായി രൂപം കൊണ്ട സഹകരണ സ്ഥാപനമായിരുന്നു തിരുവിതാംകൂർ സെൻട്രൽ കോ-ഓപ്പറേറ്റീവ് ബാങ്ക്. പ്രസ്തുത ബാങ്കാണ് ഇന്നത്തെ സംസ്ഥാന സഹകരണ ബാങ്കായി മാറിയത്.

1956 ൽ കേരളം രൂപംകൊണ്ടപ്പോൾ മലബാർ പ്രദേശത്ത് നിലനിന്നിരുന്ന 1932-ലെ മദിരാശി സഹകരണ നിയമവും തിരുകൊച്ചി പ്രദേശത്ത് നിലനിന്നിരുന്ന 1952-ലെ 10-ാം സഹകരണ നിയമവും സംയോജിപ്പിച്ചുകൊണ്ടാണ് 1969-ലെ രണ്ടാമത് കേരള സഹകരണ നിയമം നിലവിൽ വന്നത്.

ഉഴമലയ്ക്കൽ പഞ്ചായത്ത് പ്രദേശത്ത് ഉഴമലയ്ക്കൽ സർവ്വീസ് സഹകരണസംഘവും, ഒരു ഹരിജൻ സർവ്വീസ് സഹകരണ ബാങ്കും, ഒരു വനിതാ സഹകരണ സംഘവും, ഒരു ലേബർ കോൺട്രാക്ട് സൊസൈറ്റിയും രണ്ടു ക്ഷീരോൽപാദക സഹകരണ സംഘവും റബർബോഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു റബർ ഉല്പാദക സംഘവും ഒരു തേൻ സംസ്കരണ സംഘവും ഒരു വികലാംഗ സഹകരണ സംഘവുമാണ് ഇന്നു നിലവിലുള്ളത്. ഈ പഞ്ചായത്തിൽ ആദ്യമായി ഉണ്ടായ സഹായ സഹകരണ സംഘം ഉഴമലയ്ക്കൽ സർവ്വീസ് സഹകരണ സംഘമാണ്.

1) <u>ഉഴമലയ്ക്കൽ സർവ്വീസ് സഹകരണ സംഘം:</u>

ആര്യനാടു പഞ്ചായത്തിൽ ഉൾപ്പെട്ടിരുന്ന ഉഴമലയ്ക്കൽ ബി. വില്ലേജിൽ (പുതുകുളങ്ങര, പരുത്തിക്കുഴി, കുളപ്പട. എലിയാവൂർ, ചിറ്റുവീട് എന്നീ അഞ്ച് വാർഡുകൾ ഉൾപ്പെട്ടിരുന്ന ഈ വില്ലേജ്) ശ്രീ. കെ. കൃഷ്ണപിള്ള പ്രസിഡന്റും, ശ്രീ. കുഞ്ഞുകൃഷ്ണൻ സെക്രട്ടറിയുമായും സഹകരണ സംഘം രൂപീകരിക്കുന്നതിനുള്ള കമ്മറ്റി രൂപീകരിക്കുക യുണ്ടായി. വാർദ്ധ്യക്യ സഹജമായ കാരണങ്ങളാൽ K. കൃഷ്ണപിള്ള രാജിവയ്ക്കുകയും ജി. ബാലകൃഷ്ണൻ പ്രസിഡന്റായി തെരെഞ്ഞെടുക്കുകയും ചെയ്തു. ഈ കമ്മറ്റിയുടെ പ്രവർത്തനഫലമായി 26.6.66 ൽ ഉഴമലയ്ക്കൽ സർവ്വീസ് സഹകരണ സംഘം രൂപീകരിക്കുകയുണ്ടായി. 17.7.66-ൽ കൂടിയ പ്രഥമ യോഗം പ്രസിഡന്റായി ശ്രീ. എം. പ്രഭാകരനേയും കമ്മിറ്റി അംഗങ്ങളായി സർവ്വശ്രീ K. ലക്ഷ്മണൻ, കട്ടായ്ക്കാൽ മാധവൻപിള്ള, വി.ജി. കേശവപിള്ള, K. സോമശേഖരൻ നായർ എന്നിവരെ തെരെഞ്ഞെടുത്തു. 17.7.66-ൽ 284 അംഗങ്ങളും 5285 രൂപ പ്രവർത്തമൂലധനവുമായി ആരംഭിച്ച സഹകരണ സംഘം 1982-ൽ ഉഴമലയ്ക്കൽ സർവ്വീസ് സഹകരണ ബാങ്കായി ഉയർത്തപ്പെട്ടു. 30.6.1996-ൽ 7847 അംഗങ്ങളും 1088535 രൂപ പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനവും 8250783 രൂപ 33 പൈസ ഡിപ്പോസിറ്റ് ഇനത്തിലും 15094031 രൂപ പ്രവർത്തന മൂലധനവും 735000 രൂപ സലയുള്ള 37 നമ്പർ ചിട്ടികളും ബാങ്കിന്റെ പ്രവർത്തന പരിധിയിൽ അഞ്ച് വളംഡിപ്പോകളും

മൂന്ന് പ്രൊവിഷൻ സ്റ്റോറുകളും പ്രവർത്തിക്കുന്നു. കൂടാതെ അംഗങ്ങളിൽ നിന്നും നാളികേരം ശേഖരിച്ച് കൊപ്ര പ്രോസസ് ചെയ്യുന്നതിന് ആധുനികരീതിയിലുള്ള യന്ത്രം സ്ഥാപിച്ചു കഴിഞ്ഞു. ഇത് നാളികേര കർഷകർക്ക് തങ്ങളുടെ ഉല്പന്നങ്ങൾ ന്യായമായവില ലഭ്യമാക്കുന്നതിന് വളരെയേറെ സഹായിക്കുന്നതാണ്.

വാടക കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ച ബാങ്കിന് ഇപ്പോൾ സ്വന്തമായി 22 സെന്റ് സ്ഥലവും 984827 രൂപക്കുള്ള കെട്ടിടങ്ങളും ഉണ്ട്. അംഗങ്ങളുടെ പൂർണ്ണമായ വായ്പ ആവശ്യങ്ങൾ പരിഹരി ക്കുന്നതിന് 6 കോടി രൂപയോളം വേണ്ടിവരും. വിഭവസമാഹരണം കൂടുന്നതനുസരിച്ച് നമ്മുടെ ഗ്രാമത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. എടുത്ത വായ്പകൾ തിരിച്ചടയ്ക്കുന്നതിൽ 40% ത്തോളം കർഷകർ വീഴ്ചവരുത്തുന്നു. തൽഫലമായി പിരിഞ്ഞുകിട്ടേണ്ട പലിശ റിസർവ്വ് വെയ്ക്കുന്നതിനാൽ ആഡിറ്റുപ്രകാരം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

നമ്മുടെ ഗ്രാമത്തിലെ ജനങ്ങളിൽ 25% മാത്രമാണ് ഈ ബാങ്കിൽ നിക്ഷേപിക്കുന്നത്. 75% ത്തോളം വാണിജ്യ ബാങ്കുകളിലാണ് നിക്ഷേപിക്കുന്നത്. അവരുടെ നിക്ഷേപം ഈ ബാങ്കിലേക്കു മാറിയാൽ നമ്മുടെ ഗ്രാമത്തിൽ സുസ്ഥിരമായ ഒരു സാമ്പത്തിക അടിത്തറ കെട്ടിപ്പടുക്കുന്നതിനു കഴിയും. ബാങ്കിന്റെ ഇപ്പോഴത്തെ പ്രസിഡന്റായി അഡ്വ K.N. ശാന്തകുമാറും, സെക്രട്ടറിയായി S. ഗോപിയും പ്രവർത്തിക്കുന്നു. 8 സ്ഥിരം ജീവനക്കാരും 8 താൽക്കാലിക ജീവനക്കാരും ബാങ്കിന്റെ കീഴിൽ ജോലിനോക്കുന്നുണ്ട്.

**ഉഴമലയ്ക്കൽ സഹകരണ സംഘ പ്രവർത്തനം**

<u>*സഹകരണ സംഘം സംബന്ധിച്ച വിവരങ്ങൾ*</u>

I. 1) സ്ഥാപനത്തിന്റെ പേര് : ഉഴമലയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക്

2) പ്രവർത്തന പരിധി : ഉഴമലയ്ക്കൽ വില്ലേജ്

3) ക്രെഡിറ്റ്/നോൺ ക്രെഡിറ്റ് : ക്രെഡിറ്റ്

4) പ്രവർത്തനം ആരംഭിച്ച വർഷം : 17-7-1966

5) ആകെ അംഗങ്ങൾ : 7847

6) ഒരു ഓഹരിയുടെ വില : Rs. 10/-

7) അംഗീകൃത ഓഹരി മൂലധനം: Rs.25,000,00/-

8) പിരിഞ്ഞ് കിട്ടിയ ഓഹരി മൂലധനം : Rs.10,88,535/-

സർക്കാർ ഓഹരിയുണ്ടോ ? : ഉണ്ട്

10) ഉണ്ടെങ്കിൽ ലഭിച്ച തുക : Rs. 90000/-

11) പരമാവധി കടം എടുക്കാവുന്ന തുക Rs.2,72,13,870/-

II. *പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ*

a) സ്ഥിരം : Rs. 64,45,241.00

b) ഹ്രസ്വകാലം : Rs. 10,06,542.00

III. *നൽകിയിട്ടുള്ള വായ്പകൾ*

a) *കാർഷിക വായ്പകൾ*

| 1. ഇനം | തുക |
|---|---|
| 2. ഹ്രസ്വകാലകാർഷിക വായ്പ | Rs.48,29,655.00 |

b) *മറ്റു വായ്പകൾ*

| 1. ഇനം | തുക |
|---|---|
| 2. നബാർഡു വായ്പകൾ | Rs. 7,13,516.00 |
| 3. സാധാരണ വായ്പ | Rs. 21,94,103.00 |

4. സ്വർണ്ണപണയം : Rs. 10,81,306.00

c) *പ്രത്യേക വായ്പകൾ*

| | |
|---|---|
| 1. ഇനം | തുക |
| 2. C.C.D.P. | Rs. 2,39,819.00 |
| 3. വ്യവസായ വായ്പ | Rs. 1,26,273.00 |
| 4. ഹൗസിംഗ് വായ്പ | Rs. 10,487.00 |
| 5. M.N.P. | Rs. 24,840.00 |
| 6. വീടു ഓടുമേയാൻ | Rs. 1,34,009.00 |
| 7. സുരക്ഷിത കക്കൂസ് | Rs 17,958.00 |

ഇതിലേക്കാവശ്യമായ പണം അംഗങ്ങൾക്കിടയിൽ നിന്നുള്ള ഓഹരി നിക്ഷേപം ഗവ: ഗ്രാന്റ്, വായ്പ, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ എന്നിവ സമാഹരിക്കുന്നതാണ്.

*വനിതാ സഹകരണ സംഘം ക്ലിപ്തം T 1032*

ഉഴമലയ്ക്കൽ വനിതാ സഹകരണ സംഘം 27.9.89 ൽ രജിസ്ടർ ചെയ്യുകയും 27.11.89 ൽ പുളിമൂട് കേന്ദ്രമായി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. 260 അംഗങ്ങളും 13,500 രൂപ പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനവുമുണ്ട്. ഒരു പെയ്ഡ് സെക്രട്ടറിയും ദിവസകൂലിയിൽ ജോലി ചെയ്യുന്ന ഒരു ടെയ്ലറും ഉണ്ട്. പ്രവർത്തന മൂലധനഗ്രാന്റായി സർക്കാരിൽ നിന്നും ലഭിച്ച 50,000 രൂപയും ഓഹരി മൂലധനത്തിന്റെ വിഹിതമായി 25,000 രൂപയും ലഭിച്ചിട്ടുണ്ട്. ആരംഭത്തിൽ നഷ്ടത്തിലായിരുന്ന സംഘ സെക്രട്ടറിയുടേയും കമ്മിറ്റി അംഗങ്ങളുടേയും പ്രയത്നം കൊണ്ട് ഇപ്പോൾ ചെറിയ ലാഭം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. സംഘത്തിന്റെ കീഴിൽ റെഡിമെയ്ഡ് ഗാർമെന്റ് പ്രവർത്തിക്കുന്നുണ്ട്. സംഘാംഗങ്ങളായ 67 വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് തയ്യൽ മെഷീൻ വാങ്ങി ലോണായി വിതരണം ചെയ്തിട്ടുണ്ട്.

സംഘം വാടക മുറിയിലാണ് പ്രവർത്തിക്കുന്നത്. സ്വന്തമായ ഒരു കെട്ടിടം ഉണ്ടായാൽ ധാരാളം അംഗങ്ങൾക്ക് ജോലി സാധ്യതയുള്ള വികസന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ കഴിയും. സംഘത്തിന്റെ പേരിൽ 10 സെന്റ് സ്ഥലം ഉണ്ടായിരുന്നാൽ 50,000 രൂപ ബിൽഡിംഗ് ഗ്രാന്റായി സർകകാരിൽ നിന്നും ലഭിക്കും.

*ഹരിജൻ സർവ്വീസ് സഹകരണ സംഘം (T 334)*

അഞ്ചു വർഷം മുൻപ് സ്ഥാപിതമായ ഈ സംഘത്തിന് ഓഹരി ഇനത്തിൽ ഇരുപതിനായിരം (20,000) രൂപയും നിക്ഷേപം 5,000 രൂപയും ഗവൺമെന്റ് വായ്പാ ഇനത്തിൽ 10,000,00 രൂപയും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമുള്ള വായ്പ ഇനത്തിൽ 15,00,000 രൂപയും ഉണ്ട്.

*സംഘം നടത്താൻ ഉദ്ദേശിക്കുന്ന പദ്ധതികൾ :*

1. സ്വയം തൊഴിൽ തേടുന്ന തയ്യൽ പരിശീലനം ലഭിച്ചിട്ടുള്ള ചെറുപ്പക്കാർക്ക് ഗാർമെന്റ് മേക്കിംഗ് യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള വായ്പകൾ ലഭ്യമാക്കൽ,

2. കാലിവളർത്തൽ പ്രോത്സാഹിപ്പിക്കുകയും ടി തൊഴിൽ ചെയ്യാൻ സന്നദ്ധരായവർക്ക് ഡയറി യൂണിറ്റുകൾ ആരംഭിക്കാൻ സഹായിക്കുക.

3.പാറപണിയിൽ ഏർപ്പെട്ടിട്ടുള്ളതൊഴിലാളികൾക്ക് സ്വന്തമായി തൊഴിൽ നടത്തിക്കൊണ്ടു പോകുന്നതിന് 5000 രൂപവരെ ലഭ്യമാക്കൽ.

4. സംഘത്തിന്റെ കീഴിൽ ഒരു ക്രഷർ യൂണിറ്റ് സ്ഥാപിക്കുക.

5. ചെറുകിട കച്ചവടക്കാർക്ക് വായ്പകൾ ലഭ്യമാക്കുക.

6. സംഘത്തിന്റെ കീഴിൽ ഒരു പൊതു വിതരണ കേന്ദ്രം ഗവൺമെന്റിൽ നിന്നും അനുവദിച്ചു നടത്തിക്കുക.

7. ഈറ്റ പനമ്പ് വ്യവസായികളെ കൂടി യോജിപ്പിച്ച്
ഇത്തരം യൂണിറ്റുകൾ സംഘത്തിന്റെ കീഴിൽ നടത്തുകയും ഈ തൊഴിലിൽ ഏർപ്പെടുന്ന വ്യക്തികൾക്ക് വായ്പ ലഭ്യമാക്കുകയും ചെയ്യുക.

8. അംഗങ്ങൾക്ക് അടിയന്തിര പ്രശ്നങ്ങൾ നേരിടുന്നതിന് ആവശ്യമായ വായ്പകൾ ലഭ്യമാക്കൽ, (വിദ്യാഭ്യാസം, വിവാഹം, രോഗം, മരണം)

അഞ്ചുവർഷക്കാലത്തിനിടയിൽ മേൽ പറഞ്ഞ ആവശ്യങ്ങൾക്കായി 20 ലക്ഷം രൂപ അംഗങ്ങൾ ക്കിടയിൽ വിതരണം ചെയ്യുകയും സംഘം നേരിട്ടു നടത്തുന്ന പ്രവർത്തനങ്ങൾക്ക് 10 ലക്ഷം രൂപ മുടക്കുന്നതുമാണ്. ഇതിനാവശ്യമായ സഹായം പഞ്ചായത്ത് ലഭ്യമാക്കണം. സംഘത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന റെഡിമെയ്ഡ് ഗാർമെന്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് കൂടുതൽ സാമ്പത്തിക സഹായം അനിവാര്യമാണ്. പ്രവർത്തനം വിപുലമാക്കുന്നതിന്റെ ഭാഗമായി സംഘത്തിന്റെ ആഭിമുഖ്യത്തിൽ ചിട്ടി നടത്തുന്നതിന് ഉദ്ദേശിക്കുന്നു.

*ലേബർ കോൺട്രാക്ട് അഹകരണ സംഘം :*

വെള്ളനാട് ബ്ളോക്കിന്റെ കീഴിൽ പ്രവർത്തിക്കന്ന ലേബർ കോൺട്രാക്ട് സഹകരണസംഘം പുതുക്കുളങ്ങരയിലുള്ള വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. മുൻപ് പ്രവർത്തനം ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ അതിന്റെ യാതൊരുവിധ പ്രവർത്തനങ്ങളും നടക്കുന്നില്ല. ഇതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുകയും എല്ലാ തൊഴിലാളികൾക്കും ഈ സഹകരണ. സംഘത്തിന്റെ സേവനം ലഭ്യമാക്കുകയും വേണം.

*ക്ഷീരസഹകരണ സംഘങ്ങൾ :*

ഉഴമലയ്ക്കൽ പഞ്ചായത്തിൽ ക്ഷീരവികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുണ്ട്.

1. കുളപ്പട ക്ഷീരോൽപാദക സംഘം

2. ഉഴമലയ്ക്കൽ ക്ഷീരോൽപ്പദക സഹകരണ സംഘം അയ്യപ്പൻകുഴി. അംഗങ്ങളിൽ നിന്നും പാലു സംഭരിച്ച് പ്രാദേശികമായി വിൽപ്പന നടത്തുകയും ഡയറിയിലേക്ക് അയക്കുകയുമാണ് ചെയ്യുന്നത്.

പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന സർവ്വീസ് സഹകരണ ബാങ്കിന്റെയും ഇതര സഹകരണ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തേണ്ടതും നടപടിക്രമങ്ങൾ കൂടുതൽ കാലതാമസം ഒഴിവാക്കി ലഘൂകരിച്ച് ജനോപകാരപ്രദമാക്കേണ്ടതുണ്ട്. വിളയിടങ്ങൾ വായ്പ ലഭ്യമാക്കുന്നതിനുള്ള തീരുമാനം ഉണ്ടാകണം. ഹ്രസ്വകാല വായ്പകൾ കാലാവധിക്കുശേഷം പലിശ അടച്ച് പുതുക്കി കൊടുക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക. കാലാകാലങ്ങളിലുള്ള അറിയിപ്പുകൾ പഞ്ചായത്ത് പ്രദേശത്ത് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ ജനകീയവൽക്കരിക്കുന്നതിലേക്കായി അംഗങ്ങളുടെ വാർഷിക പൊതുയോഗം കൃത്യമായും കൂടുകയും പ്രവർത്തന പുരോഗതി വെളിപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. ഉഴമലയ്ക്കൽ സർവ്വീസ് സഹകരണ ബാങ്കു വഴി സ്വയം തൊഴിൽ കണ്ടെത്തുന്നവർക്കു വേണ്ടിയുള്ള വായ്പാ സൗകര്യം കൂടുതൽ അനുവദിക്കുകയും ഭവന നിർമ്മാണ വായ്പകൾ നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്. *

# പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം

ഉഴമലയ്ക്കൽ പഞ്ചായത്തിലെ ജനസംഖ്യയുടെ 6.97 ശതമാനം പട്ടികജാതി പട്ടികവർഗ്ഗക്കാരാണ്. 264 പട്ടികജാതി കുടുംബങ്ങളും 12 പട്ടികവർഗ്ഗ കുടുംബങ്ങളും പഞ്ചായത്ത് പ്രദേശത്തുണ്ട്. എട്ട് അംഗീകൃത പട്ടികജാതി പട്ടികവർഗ്ഗ സങ്കേതങ്ങൾ പഞ്ചായത്തിലുണ്ട്.

ഐ.ആർ.ഡി.പി സർവ്വേപ്രകാരം 115 പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ ദാരിദ്ര്യരേഖക്ക് താഴെയാണ്. ഇതിൽ 100 കുടുംബങ്ങൾക്ക് ഐ.ആർ.ഡി.പി പ്രകാരം സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്. ഈ പഞ്ചായത്തിലെ നല്ലൊരു ഭാഗം പട്ടികജാതിക്കാരും ക്രിസ്ത്യാനികളായതിനാൽ ഈ വിഭാഗത്തിനായി അനുവദിച്ചിട്ടുള്ള പല ആനുകൂല്യങ്ങളും നിഷേധിക്കപ്പെടുന്നുണ്ട്. കൂടാതെ ഗവൺമെന്റ് കാലാകാലങ്ങളിൽ നടപ്പിലാക്കുന്ന ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ യഥാർത്ഥ ഗുണഭോക്താക്കൾക്ക് ഈ ആനുകൂല്യം ലഭിക്കാതെ പോകുന്നു. ഇതര അർദ്ധസർക്കാർ സ്വകാര്യ സ്ഥാപനങ്ങളിൽ യോഗ്യതക്കനുസരിച്ചുള്ള ഉദ്യോഗ പ്രാതിനിധ്യം ലഭിക്കുന്നില്ല എന്നുള്ളത് ഒരു വസ്തുതയാണ്. സാമൂഹ്യമായി ഒറ്റപ്പെട്ടുകഴിയുന്ന ഈ വിഭാഗം പഞ്ചായത്തിലെ സാമൂഹ്യസാംസ്ക്കാരിക രംഗങ്ങളിൽ നിന്നും വിട്ടുനിൽക്കുന്നതായി കാണുന്നു. ഈ വിഭാഗത്തിന് വളരെ ചെറിയ ഒരളവുവരെ മാത്രമേ ഉന്നതവിദ്യാഭ്യാസം കൈവരിച്ചിട്ടുള്ളു. പൊതു വിദ്യാഭ്യാസ രംഗത്തും സാങ്കേതിക വിദ്യാഭ്യാസ രംഗത്തും ഉള്ള പിന്നോക്കാവസ്ഥ ഈ വിഭാഗത്തിന് അർഹമായ തൊഴിൽ നേടുന്നതിനോ സ്വയം തൊഴിൽ കണ്ടെത്തുന്നതിനോ തടസ്സമായി നിൽക്കുന്നുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗക്കാരിൽ ഭൂരിഭാഗവും കർഷകതൊഴിലാളികളാണ്. കാർഷികരംഗത്തെ മുരടിപ്പും റബ്ബർ തുടങ്ങിയ നാണ്യവിളകളുടെ കടന്നുകയറ്റവും ഈ ഭൂവിഭാഗത്തിന് തൊഴിലവസരങ്ങൾ നഷ്ടമാക്കുന്നുണ്ട്. കൂടാതെ കുടിൽ വ്യവസായങ്ങളായ ഈറ്റ, കയർനിർമ്മാണം, എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുമുണ്ട്. എന്നാൽ ഈറ്റയുടെ ലഭ്യതകുറവും ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള വിപണന സൗകര്യങ്ങളുടെ അപര്യാപ്തതയും ഇവർ നേരിട്ടുള്ള പ്രധാന പ്രശ്നങ്ങളാണ്.

**പട്ടികജാതി-പട്ടികവർഗ്ഗ ജനസംഖ്യ 1991**

| പട്ടികജാതി | | പട്ടികവർഗ്ഗം | |
|---|---|---|---|
| കുടുംബങ്ങളുടെ എണ്ണം | 264 | കുടുംബങ്ങളുടെ എണ്ണം | 12 |
| പുരുഷൻമാർ | 624 | പുരുഷൻമാർ | 23 |
| സ്ത്രീ | 672 | സ്ത്രീ | 27 |
| ആകെ | 1296 | ആകെ | 50 |

**അംഗീകൃത പട്ടികവർഗ്ഗ സങ്കേതങ്ങൾ**

| നമ്പർ | സങ്കേതം | നമ്പർ | വാർഡ് |
|---|---|---|---|
| 1. | കോട്ടയത്ത് | 2. | മുമ്പാല |
| 2. | ഇരപ്പിൽ (IHDP) | 3. | പോങ്ങോട് |
| 3. | അരുവിയോട് (ST) | 4. | കുര്യാത്തി |
| 4. | പേരില | 5. | പേരില |
| 5. | മന്തിക്കുഴി | 6. | പേരില |
| | | 6. | പേരില |
| 6. | പുലിയൂർ | 7. | അയ്യപ്പൻകുഴി |
| 7. | എലിയാവൂർ | 8. | എലിയാവൂർ |
| 8. | നല്ലിക്കുഴി (IHDP) | 10. | പരുത്തിക്കുഴി |

**മറ്റു കോളനികൾ**

| | |
|---|---|
| കുന്താണി | കോലിയക്കോട് |
| താഴെ തോളൂർ | കുറക്കോട് |
| അരുവിയോട് (ST) | താന്നിമൂട് |

**നിർദ്ദേശങ്ങൾ**

1. പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുകയും നിലവിലുള്ളവ കൂടുതൽ ലഘൂകരിക്കുകയും ചെയ്യണം.

2. സാംസ്ക്കാരികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന പട്ടികജാതി പട്ടികവർഗ്ഗക്കാരെ ബോധവൽക്കരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക

3. അഭ്യസ്തവിദ്യരായ യുവതി യുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള വായ്പാ സൗകര്യം കൂടുതൽ ഉദാരവൽക്കരിക്കണം

4. പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ക്രിസ്ത്യാനികൾക്ക് ഈ വിഭാഗത്തിന് അർഹമായ എല്ലാ ആനുകൂല്യങ്ങളും നൽകുന്നതിനുവേണ്ടിയുള്ള നിയമനടപടികൾ സ്വീകരിക്കണം

5. ഹരിജൻ കോളനികളിൽ ആരോഗ്യബോധവൽക്കരണ പരിപാടികൾ നടത്തുകയും ആരോഗ്യപ്രവർത്തകരുടെ സേവനം ലഭ്യമാക്കുകയുംവേണം.

6. പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് ഭവനനിർമ്മാണത്തിന് ശുദ്ധജല ലഭ്യതയ്ക്കും മറ്റു പ്രാഥമിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വേണ്ട സാമ്പത്തികസഹായം ലഭ്യമാക്കണം.

7. വയറിംഗ് ചെയ്തിട്ടുള്ള പഞ്ചായത്തിലെ എല്ലാ പട്ടികജാതി പട്ടികവർഗ്ഗകുടുംബങ്ങൾക്കും വൈദ്യുതി എത്തിക്കുന്നതിനുള്ള അടിയന്തിരനടപടികൾ സ്വീകരിക്കണം

8. കുര്യാത്തി വാർഡിലെ കോലിയക്കോട് പട്ടികജാതി പട്ടികവർഗ്ഗ കോളനിക്ക് വഴി സൗകര്യം എത്രയും പെട്ടെന്ന് ഉണ്ടാക്കണം

9. നിർദ്ധനരായ പട്ടികജാതി പട്ടികവർഗ്ഗവിദ്യാർത്ഥികളെ പഞ്ചായത്ത് തലത്തിൽ ദത്തെടുത്ത് വിദ്യാഭ്യാസ സൗകര്യം ലഭ്യമാക്കുക

10. പട്ടികജാതി, പട്ടികവർഗ്ഗ ജനങ്ങൾ തിങ്ങി പാർക്കുന്ന സ്ഥലങ്ങളിലേയ്ക്ക് ഗതാഗതസൗകര്യം മെച്ചപ്പെടുത്തണം

# വിഭവസമാഹരണം

നെടുമങ്ങാട് താലൂക്കിന്റെ കിഴക്കുഭാഗത്തായി 18.74 സ്ക്വയർ കി.മീറ്റർ കിടക്കുന്ന ഒരു കൊച്ചു ഗ്രാമമാണ് ഉഴമലയ്ക്കൽ പഞ്ചായത്ത്. ഈ പഞ്ചായത്തിന്റെ ജനസംഖ്യ 19307. അതിൽ 9542 പുരുഷൻമാരും 9765 സ്ത്രീകളുമാണ്. എന്നാൽ സാക്ഷരതാ നിരക്കിൽ സ്ത്രീകളെക്കാൾ മുന്നിലാണ് പുരുഷൻമാർ.

നമ്മുടെ പഞ്ചായത്തിന്റെ പ്രധാനപ്പെട്ട വരുമാനമാർഗ്ഗം കെട്ടിടനികുതിയാണ് മുൻകാലങ്ങളിൽ കെട്ടിടനികുതിയേക്കാൾ പഞ്ചായത്തിന്റെ പ്രധാനപ്പെട്ട വരുമാനമാർഗ്ഗമായിരുന്നു കരമനയാറിലെ മണൽ ലേലം. കൂടാതെ ലഭിക്കുന്ന മറ്റു വരുമാനമാർഗ്ഗങ്ങൾ തൊഴിൽനികുതി, ഷോപ്പിംഗ് കോംപ്ലക്സിൽ നിന്ന് കിട്ടുന്ന വാടക ചന്തലേലം ലൈസൻസ് ഫീസ് തുടങ്ങിയവയാണ്.

പഞ്ചായത്തിലെ വരുമാനം വർദ്ധിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

1. പുറംപോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തി ഫലവൃക്ഷങ്ങൾ ലേലം ചെയ്ത് വരുമാനം വർദ്ധിപ്പിക്കുക
2. ഒരേക്കറും അതിൽ കൂടുതലുമുള്ള റബ്ബർ തോട്ടങ്ങൾക്ക് നികുതി ചുമത്തി വരുമാനം വർദ്ധിപ്പിക്കുക
3. കൂടുതൽ ഷോപ്പിംഗ് കോംപ്ലക്സുകൾ പണികഴിപ്പിച്ച് വാടക ഇനത്തിൽ വരുമാനം ഉണ്ടാക്കാം
4. ചെറുകിട തൊഴിൽ വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിച്ച് വരുമാനം വർദ്ധിപ്പിക്കാം
5. കുളപ്പട, പുതുക്കുളങ്ങര, അയ്യപ്പൻകുഴി എന്നിവിടങ്ങളിൽ ഓട്ടോ, ടാക്സി സ്റ്റാൻഡുകൾ സ്ഥാപിക്കുക
6. വാട്ടർഹൗസ് നിർമ്മിക്കുക
7. പരസ്യനികുതി ഏർപ്പെടുത്തുക
8. പഞ്ചായത്തിൽ ഒരു കമ്മ്യൂണിറ്റിഹാൾ പണികഴിപ്പിച്ച് വാടക ഇനത്തിൽ ഒരു സ്ഥിര വരുമാനം കണ്ടെത്താം

**പഞ്ചായത്തിലെ ഗ്രാമീണ വായ്പാ സ്ഥാപനങ്ങൾ**

| ക്രമ നമ്പർ | സ്ഥാപനങ്ങൾ | സ്ഥിതി ചെയ്യുന്ന സ്ഥലം |
|---|---|---|
| 1. | സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ | പുതുക്കുളങ്ങര |
| 2. | കോ-ഓപ്പറേറ്റീവ് സൊസൈറ്റി | പുതുക്കുളങ്ങര |
| 3. | മിൽക്ക് സൊസൈറ്റികൾ | കുളപ്പട, അയ്യപ്പൻകുഴി |
| 4. | വനിതാ സൊസൈറ്റി | പുളിമൂട് |
| 5. | ഹരിജൻ സൊസൈറ്റി | പുതുക്കുളങ്ങര |
| 6. | തേൻ ഉത്പാദന സഹകരണ സംഘം | പോങ്ങോട് |

## പഞ്ചായത്തിന്റെ വരുമാനമാർഗ്ഗങ്ങൾ

### പട്ടികവരുമാനം 1995-96

| നമ്പർ | ഇനം | വരുമാനം |
|---|---|---|
| 1. | കെട്ടിടനികുതി | 109101 |
| 2. | വിനോദനികുതി | 20000 |
| 3. | തൊഴിൽനികുതി | 82965 |
| 4. | കുത്തക, പാട്ടം | 2150 |
| 5. | വാടക | 10997 |
| 6. | ലൈസൻസ് ഫീസ് | 2610 |
| 7. | മാർക്കറ്റ് വരവ് | 21293 |
| 8. | വസ്തുകൈമാറ്റ നികുതി | 146331 |
| 9. | ലേലം | 32244 |
| 10. | പലവക | 4109 |
| 11. | അൺറ്റൈഡ് ഫണ്ട് | 289490 |
| 12. | ജെ.ആർ.വൈ | 209950 |
| 13. | വി.റ്റി.സി | 132510 |
| 14. | മൈനർ ഇറിഗേഷൻ | 6000 |

| | ഗ്രാന്റുകൾ | |
|---|---|---|
| 1. | റോഡ് മെയിന്റനസ് ഗ്രാന്റ് | 12000 |
| 2. | ലൈബ്രറി ഗ്രാന്റ് | 570 |
| 3. | മൈനർ ഇറിഗേഷൻ ഗ്രാന്റ് | 7000 |
| 4. | വെഹിക്കിൾ ടാക്സ് കമ്പോണെന്റ് | 74477 |
| 5. | ഡെപ്പോസിറ്റ് | 2972 |

ഏതൊരു പ്രദേശത്തിന്റെയും വികസനത്തിന്റെ പ്രധാന കണ്ണികളിലൊന്നാണ് മാനവശേഷി. ഈ വിഭവം സന്നദ്ധസേവനമായി നൽകാൻ നിരവധി സാമൂഹ്യസാംസ്ക്കാരിക സംഘടനകൾ നമ്മുടെ പഞ്ചായത്തിൽ നിലവിലുണ്ട്. കൂടാതെ ഗൾഫ് രാജ്യങ്ങളിൽ പണിയെടുക്കുന്ന നമ്മുടെ പഞ്ചായത്ത് നിവാസികൾ അവരുടെ വരുമാനത്തിന്റെ ഒരംശം നമ്മുടെ പ്രദേശത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി വിനിയോഗിക്കാൻ കഴിഞ്ഞാൽ കൂടുതൽ വളർച്ചയിലേയ്ക്ക് നമ്മുടെ പഞ്ചായത്തിനെ ഉയർത്തികൊണ്ടു വരാൻ കഴിയും.

ഈ വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന് സഹകരിച്ച വിവിധ ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥൻമാർക്കും വിവിധ രേഖകൾ നൽകി സഹായിച്ച വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഡി.ആർ.പി മാരായ എം. ബഷീർ(കൺവീനർ) കെ. ഗിരീശൻ, വി. നാഗപ്പൻ, എം. ജെയിംസ്, ഗോപൻ എന്നിവർക്കും മറ്റു സന്നദ്ധ സംഘടനാ പ്രവർത്തകർക്കും നിസീമമായ നന്ദി രേഖപ്പെടുത്തുന്നു.

എന്ന്

ഗ്രാമപഞ്ചായത്ത് കമ്മിറ്റിക്കുവേണ്ടി

**ബേബിജോൺ**
(സെക്രട്ടറി)



Printed and Published by N. Babu, President, Uzhamalakkal Grama Panchayath and Printed at S.V. Press, Aruvikkara, Thiruvananthapuram.

